سورة الحج

22. സൂറതുൽ ഹജ്ജ്

[52 മുതൽ 55 കൂടിയ ആയത്തുകൾ മക്കയുടെയും മദീനയുടെയും ഇടയ്ക്കുവെച്ച് അവതരിച്ചതും, ബാക്കി മദീനയിൽ അവതരിച്ചതാണെന്നും, 19 മുതൽ 24 കൂടിയ വചനങ്ങളൊഴിച്ച് ബാക്കി മദീനയിൽ അവതരിച്ചതുമാണെന്നും അഭിപ്രായങ്ങളുണ്ട്. മിക്കവാറും വചനങ്ങൾ മദനിയും, ബാക്കി മക്കിയും ആണെന്ന് പറയുന്നതായിരിക്കും കൂടുതൽ ശരിയായിട്ടുള്ളത്.]

വചനങ്ങൾ 78 – വിഭാഗം (റുകൂഅ്) 10

ഈ സൂറത്തിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ മൊത്തത്തിൽ മൂന്നാകുന്നു: 1. മരണാനന്തര ജീവിതത്തെക്കുറിച്ച്. 2. ഹജ്ജിനെയും 'മസ്ജിദുൽഹറാമി'നെയും സംബന്ധിച്ച്. 3. യുദ്ധം, അക്രമകാരികളുടെ നാശം, സ്രഷ്ടാവിന്റെ അസ്തിത്വം, വിഗ്രഹാദി ദൈവങ്ങളുടെ ദുർബ്ബലത മുതലായ പൊതുകാര്യങ്ങളെ സംബന്ധിച്ച്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ.

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمۡۚ إِنَّ زَلۡزَلَةَ ٱلسَّاعَةِ شَيۡءٌ عَظِيمٞ ﴿١﴾

(1) ഹേ, മനുഷ്യരേ! നിങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുവിൻ! നിശ്ചയമായും, അന്ത്യസമയത്തിലെ [ലോകാവസാനഘട്ടത്തിലെ] പ്രകമ്പനം വമ്പിച്ച ഒരു കാര്യമത്രെ!

يَوۡمَ تَرَوۡنَهَا تَذۡهَلُ كُلُّ مُرۡضِعَةٍ عَمَّآ أَرۡضَعَتۡ

(2) നിങ്ങൾ അത് കാണുന്ന ദിവസം, മുല കൊടുക്കുന്ന ഓരോ സ്ത്രീയും അവൾ മുലകൊടുക്കുന്നതിനെ [ശിശുവിനെ]ക്കുറിച്ച് അശ്രദ്ധയിലായിത്തീരും;

وَتَضَعُ كُلُّ ذَاتِ حَمْلٍ حَمْلَهَا وَتَرَى ٱلنَّاسَ سُكَٰرَىٰ وَمَا هُم بِسُكَٰرَىٰ وَلَٰكِنَّ عَذَابَ ٱللَّهِ شَدِيدٌ ﴿٢﴾

ഗർഭവതിയായ ഓരോ സ്ത്രീയും അവളുടെ ഗർഭം പ്രസവിച്ചു പോകുകയും ചെയ്യുന്നതാണ്! ജനങ്ങളെ മത്തന്മാരായി നിനക്ക് കാണാം. [വാസ്തവത്തിൽ] അവർ മത്തൻമാരേയല്ല; പക്ഷേ, അല്ലാഹുവിന്റെ ശിക്ഷ കഠിനമായതത്രെ!

《1》 يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ اتَّقُوا നിങ്ങൾ ഭയപ്പെടുവിൻ, സൂക്ഷിക്കുവിൻ رَبَّكُمْ നിങ്ങളുടെ രക്ഷിതാവിനെ إِنَّ زَلْزَلَةَ നിശ്ചയമായും കുലുക്കം, പ്രകമ്പനം السَّاعَةِ അന്ത്യസമയത്തിന്റെ, അന്ത്യഘട്ടത്തിന്റെ شَيْءٌ عَظِيمٌ വമ്പിച്ച ഒരു കാര്യമാണ്. 《2》 يَوْمَ تَرَوْنَهَا നിങ്ങളത് കാണുന്ന ദിവസം تَذْهَلُ അശ്രദ്ധയിലാകും, അന്തം വിട്ടുപോകും كُلُّ مُرْضِعَةٍ എല്ലാ മുല കൊടുക്കുന്നവളും عَمَّا أَرْضَعَتْ അവൾ മുല കൊടുക്കുന്നതിനെ [ശിശുവിനെ]ക്കുറിച്ച് وَتَضَعُ പ്രസവിക്കുകയും ചെയ്യും كُلُّ ذَاتِ حَمْلٍ എല്ലാ ഗർഭവതിയും, ഗർഭമുള്ളവളും حَمْلَهَا അവളുടെ ഗർഭത്തെ وَتَرَى നീ കാണും, നിനക്ക് കാണാം النَّاسَ മനുഷ്യരെ سُكَارَى മത്തൻമാരായി وَمَا هُمْ അവരല്ല, അവരല്ലതാനും بِسُكَارَى മത്തൻമാർ, മത്തുപിടിച്ചവർ وَلَٰكِنَّ പക്ഷേ, എങ്കിലും عَذَابَ اللهِ അല്ലാഹുവിന്റെ ശിക്ഷ شَدِيدٌ കഠിനമായതാണ്

ലോകാവസാനകാലത്ത് സംഭവിക്കുന്ന അതിഭയങ്കരങ്ങളായ സംഭവവികാസങ്ങളാകുന്നു ഇവിടെ പ്രകമ്പനം അഥവാ കുലുക്കം (زَلْزَلَة) കൊണ്ടുദ്ദേശ്യം. അതിന്റെ കാഠിന്യവും, ഗൗരവവും നിമിത്തം ശിശുക്കൾക്ക് മുലകൊടുക്കുന്ന മാതാക്കൾ അവരുടെ സ്വന്തം ദേഹത്തെക്കാൾ സ്നേഹിക്കുന്ന അരുമക്കുഞ്ഞുങ്ങളുടെ കാര്യംപോലും മറന്നുപോകും. ഗർഭിണികളായ സ്ത്രീകൾ സമയമെത്താതെതന്നെ പെട്ടെന്ന് പ്രസവിച്ചുപോകും. മനുഷ്യരെല്ലാം ലഹരിപിടിച്ച മത്തൻമാരെപ്പോലെ എന്തെന്നില്ലാത്തവണ്ണം പരിഭ്രാന്തരായിത്തീരും. ക്വബ്റുകളിൽ നിന്ന് എഴുന്നേല്പിക്കപ്പെടുന്നതിന്റെ മുമ്പത്തെ സ്ഥിതിതന്നെ ഇതാണെങ്കിൽ, അതിനെത്തുടർന്നുണ്ടാകുന്ന സംഭവങ്ങളും സ്ഥിതിഗതികളും എത്രമേൽ ഭയാനകമായിരിക്കും?! അല്ലാഹു കാക്കട്ടെ! ആമീൻ. ബനൂമുസ്ത്വലക്വ് (بَنُو المُصْطَلَق) യുദ്ധകാലത്താണ് ഈ ആയത്ത് അവതരിച്ചതെന്നും, നബിﷺ അത് സ്വഹാബികൾക്ക് ഓതിക്കേൾപ്പിച്ചപ്പോൾ അവർ, മറ്റൊരിക്കലും ഉണ്ടായിട്ടില്ലാത്ത അത്ര അധികം കരയുകയുണ്ടായെന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِي ٱللَّهِ بِغَيْرِ

《3》 യാതൊരു അറിവുമില്ലാതെ, അല്ലാഹുവിന്റെ കാര്യത്തിൽ തർക്കി

عِلْمٍ وَيَتَّبِعُ كُلَّ شَيْطَٰنٍ مَّرِيدٍ ﴿٣﴾

ക്കുകയും, ധിക്കാരശീലനായ എല്ലാ (തരം) പിശാചിനെയും പിൻപറ്റുകയും ചെയ്യുന്ന ചിലർ മനുഷ്യരിലുണ്ട്.

كُتِبَ عَلَيْهِ أَنَّهُۥ مَن تَوَلَّاهُ فَأَنَّهُۥ يُضِلُّهُۥ وَيَهْدِيهِ إِلَىٰ عَذَابِ ٱلسَّعِيرِ ﴿٤﴾

《4》 തന്നെ ആർ കാര്യകർത്താവാക്കിയോ അവനെ വഴിപിഴപ്പിക്കുകയും, ജ്വലിക്കുന്ന നരകശിക്ഷയിലേക്ക് നയിക്കുകയും ചെയ്യുന്നതാണെന്ന് അവനെ (പിശാചിനെ)ക്കുറിച്ച് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. (അതിൽ മാറ്റം വരുകയില്ല.)

《3》 وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَنْ ചിലർ يُجَادِلُ അവൻ തർക്കിക്കും فِي اللَّهِ അല്ലാഹുവിൽ, അല്ലാഹുവിന്റെ കാര്യത്തിൽ بِغَيْرِ عِلْمٍ യാതൊരു അറിവും കൂടാതെ وَيَتَّبِعُ പിൻപറ്റുകയും ചെയ്യും كُلَّ شَيْطَانٍ എല്ലാ പിശാചിനെയും مَرِيدٍ ധിക്കാരശീലനായ 《4》 كُتِبَ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു, നിശ്ചയിക്കപ്പെട്ടിരിക്കുന്നു عَلَيْهِ അവനെപ്പറ്റി, അവന്റെ പേരിൽ أَنَّهُ അവനാണെന്ന് مَنْ تَوَلاهُ അവനെ ആർ കാര്യകർത്താവാക്കിയോ فَأَنَّهُ يُضِلُّهُ എന്നാൽ അവൻ അവനെ വഴി പിഴപ്പിക്കുന്നതാണെന്ന് وَيَهْدِيهِ അവനെ നയിക്കുകയും ചെയ്യും, അവന് വഴി കാണിക്കയും ചെയ്യും إِلَى عَذَابِ ശിക്ഷയിലേക്ക് السَّعِيرِ ജ്വലിക്കുന്ന നരകത്തിന്റെ

അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ, അവന്റെ ശക്തിമാഹാത്മ്യങ്ങളെക്കുറിക്കുന്ന മഹൽഗുണങ്ങൾ, അവന്റെ മതകാര്യങ്ങൾ ആദിയായവയെല്ലാം 'അല്ലാഹുവിന്റെ കാര്യ'ത്തിൽ ഉൾപ്പെടുന്നു. സത്യവിശ്വാസം, സദാചാരം, ധാർമികബോധം മുതലായവയിൽനിന്ന് മനുഷ്യരെ അകറ്റി നിറുത്തുവാൻ പരിശ്രമം നടത്തുക, നിർമതനിരീശ്വര സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുക, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിർത്തുവാൻ യത്നിക്കുക, ശരിയായ അറിവോ ലക്ഷ്യമോ ന്യായമോ കൂടാതെയുള്ള തർക്കങ്ങൾ നടത്തുക, സത്യത്തിലും ലക്ഷ്യത്തിലും സംശയം ജനിപ്പിക്കുന്ന വിമർശനങ്ങൾ നടത്തുക എന്നിങ്ങനെയുള്ള ദുസ്സമ്പ്രദായക്കാരായ ഏതുതരം പിശാചുക്കളെയും– അവർ മനുഷ്യവർഗത്തിൽപെട്ടവരാകട്ടെ– ജിന്നുവർഗത്തിൽപ്പെട്ടവരാകട്ടെ– പിൻതുടരുന്നവരെ ഈ വചനം ശക്തിയായി താക്കീത് ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും, ഇത്തരക്കാരുമായി കൂട്ടുകെട്ടുണ്ടാക്കുന്നതും ഇഹലോകത്ത് ദുർമാർഗത്തെയും, പരലോകത്ത് നരകശിക്ഷയെയും മാത്രമാണ് പ്രദാനം ചെയ്യുക എന്നും അത് ചൂണ്ടിക്കാട്ടുന്നു. 8–ാം വചനത്തിൽ കൂടുതൽ വിവരം കാണാം.

സത്യവും ലക്ഷ്യവും മറച്ചുകൊണ്ടോ, അവയെ ചോദ്യം ചെയ്തുകൊണ്ടോ തർക്കത്തിനും, വിമർശനത്തിനും മിനക്കെടുന്നവർ ധിക്കാരശീലൻമാരായ പിശാചുക്കൾ (شَيْطَانٍ مَرِيدٍ) തന്നെ. ലക്ഷ്യവും യാഥാർത്ഥ്യവും അറിയുവാൻ ശ്രമിക്കാതെ അതിന് വഴങ്ങുന്നവർ, അവരെ പിൻപറ്റിനടക്കുന്ന അനുയായികളുമാകുന്നു. സത്യം വെളിപ്പെ

ടുവാൻ വേണ്ടി ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വാഗ്വാദം നടത്തുന്നതിന് വിരോധമില്ലെന്നുമാത്രമല്ല, അത് ആവശ്യവും കൂടിയായിരിക്കും. സത്യം വെളിപ്പെട്ടാൽ ഉടനെ അത് സ്വീകരിക്കുകയും, ലക്ഷ്യത്തെ പരാജയപ്പെടുത്തുവാൻ മാർഗം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്നത് നല്ല തർക്കത്തിന്റെ ലക്ഷണമാകുന്നു. നബിﷺ അരുളിച്ചെയ്ത ഒരു ഹദീഥ് ഇവിടെ ശ്രദ്ധേയമാകുന്നു:

ما ضل قوم بعد هدى كانوا عليه الا اوتوا الجدل ـ احمدوابن ماجه والترمذى

ഏതൊരു ജനതയും, നേർമാർഗത്തിലായിരുന്നതിന് ശേഷം, അവരിൽ തർക്കം നൽകപ്പെട്ടിട്ടല്ലാതെ വഴിപിഴക്കാറില്ല എന്ന് സാരം.

يَٰٓأَيُّهَا ٱلنَّاسُ إِن كُنتُمۡ فِي رَيۡبٖ مِّنَ
ٱلۡبَعۡثِ فَإِنَّا خَلَقۡنَٰكُم مِّن تُرَابٖ ثُمَّ
مِن نُّطۡفَةٖ ثُمَّ مِنۡ عَلَقَةٖ ثُمَّ مِن
مُّضۡغَةٖ مُّخَلَّقَةٖ وَغَيۡرِ مُخَلَّقَةٖ لِّنُبَيِّنَ لَكُمۡ

﴾5﴿ ഹേ, മനുഷ്യരേ! (മരണശേഷം) ഉയിർത്തെഴുന്നേല്പിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക): നിശ്ചയമായും, നിങ്ങളെ നാം മണ്ണിൽ നിന്നും, പിന്നീട് ഇന്ദ്രിയത്തുള്ളിയിൽനിന്നും, പിന്നെ രക്തപിണ്ഡത്തിൽനിന്നും, പിന്നീട് ശരിയായ രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചു: നിങ്ങൾക്ക് (നമ്മുടെ സൃഷ്ടി മാഹാത്മ്യം) വ്യക്തമാക്കിത്തരുവാൻവേണ്ടി(യാണ് അങ്ങനെ ചെയ്തത്).

وَنُقِرُّ فِي ٱلۡأَرۡحَامِ مَا نَشَآءُ إِلَىٰٓ أَجَلٖ
مُّسَمّٗى ثُمَّ نُخۡرِجُكُمۡ طِفۡلٗا ثُمَّ
لِتَبۡلُغُوٓاْ أَشُدَّكُمۡۖ وَمِنكُم مَّن
يُتَوَفَّىٰ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرۡذَلِ
ٱلۡعُمُرِ لِكَيۡلَا يَعۡلَمَ مِنۢ بَعۡدِ عِلۡمٖ
شَيۡـٔٗاۚ

നാം ഉദ്ദേശിക്കുന്നതിനെ നിർണയിക്കപ്പെട്ട ഒരവധിവരെ ഗർഭാശയങ്ങളിൽ നാം താമസിപ്പിക്കുന്നു; പിന്നീട്, നിങ്ങളെ ശിശുക്കളായി നാം പുറത്തുകൊണ്ടുവരുന്നു; പിന്നെ, നിങ്ങൾ നിങ്ങളുടെ പൂർണദശ പ്രാപിക്കും വരെയും (വളർത്തിക്കൊണ്ടുവരുന്നു). നിങ്ങളിൽ (നേരത്തെ) മരണമടയുന്നവരുണ്ട്; അറിവുണ്ടായിരുന്നതിന് ശേഷം (അത് നഷ്ടപ്പെട്ട്) യാതൊന്നും അറിയാതായിത്തീരുമാറ് ആയുസ്സിന്റെ ഏറ്റവും ദുർബ്ബലാവസ്ഥ വരേക്കും ഒഴിവാക്കിവിടപ്പെടുന്നവരും നിങ്ങളിലുണ്ട്.

وَتَرَى ٱلْأَرْضَ هَامِدَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ وَأَنۢبَتَتْ مِن كُلِّ زَوْجٍۭ بَهِيجٍ ﴿٥﴾

ഭൂമി, വരണ്ടുകിടക്കുന്നതായി നീ കാണുന്നു; എന്നിട്ട് അതിൻമേൽ നാം (മഴ)വെള്ളം ഇറക്കിയാൽ അത് (ചൈതന്യം പൂണ്ട്) സ്ഫുരിച്ചുവരികയും, ചീർക്കുകയും ചെയ്യുന്നു; കൗതുകമുള്ള എല്ലാ (സസ്യ) ഇണകളെയും അത് ഉൽപാദിപ്പിക്കുകയും ചെയ്യുന്നു!

﴾5﴿ يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ إِنْ كُنتُمْ നിങ്ങളാണെങ്കിൽ فِي رَيْبٍ വല്ല സംശയ
ത്തിലും مِنَ الْبَعْثِ ഉയിർത്തെഴുന്നേൽപിനെ (രണ്ടാമത്തെ ജീവിതത്തെ)പ്പറ്റി فَإِنَّا
എന്നാൽ നിശ്ചയമായും നാം خَلَقْنَاكُم നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നു مِن تُرَابٍ
മണ്ണിൽനിന്ന്, മണ്ണിനാൽ ثُمَّ مِن نُّطْفَةٍ പിന്നെ ഇന്ദ്രിയത്തുള്ളിയിൽനിന്നും ثُمَّ مِنْ عَلَقَةٍ
പിന്നെ രക്തപിണ്ഡത്തിൽ അള്ളിപ്പിടിക്കുന്നതിൽ നിന്നും ثُمَّ مِن مُّضْغَةٍ പിന്നെ മാംസ
പിണ്ഡത്തിൽ നിന്നും مُّخَلَّقَةٍ രൂപം നൽകപ്പെട്ടതായ وَغَيْرِ مُخَلَّقَةٍ രൂപം നൽകപ്പെ
ടാത്തതുമായ لِّنُبَيِّنَ നാം വ്യക്തമാക്കിത്തരുവാൻവേണ്ടി لَكُمْ നിങ്ങൾക്ക് وَنُقِرُّ
നാം താമസിപ്പിക്കുന്നു فِي الْأَرْحَامِ ഗർഭാശയങ്ങളിൽ مَا نَشَاءُ നാം ഉദ്ദേശിക്കുന്നതിനെ
إِلَىٰ أَجَلٍ ഒരു അവധിവരെ مُّسَمًّى നിർണയിക്കപ്പെട്ട ثُمَّ പിന്നീട് نُخْرِجُكُمْ നിങ്ങളെ
നാം പുറത്തുകൊണ്ടുവരുന്നു طِفْلًا ശിശുവായി, ശിശുക്കളായി ثُمَّ പിന്നീട് لِتَبْلُغُوا
നിങ്ങൾ എത്തുന്നതുവരെയും, എത്തുവാൻവേണ്ടിയും أَشُدَّكُمْ നിങ്ങളുടെ പൂർണ
ദശ, നിങ്ങളുടെ ഏറ്റവും ശക്തിയായ അവസ്ഥ وَمِنكُم നിങ്ങളിലുണ്ട് مَّن يُتَوَفَّىٰ
മരണമടയുന്നവർ وَمِنكُم നിങ്ങളിലുണ്ട് مَّن يُرَدُّ ഒഴിവാക്കി വിടപ്പെടുന്നവർ, ആക്ക
പ്പെടുന്നവർ إِلَىٰ أَرْذَلِ الْعُمُرِ ആയുസ്സിന്റെ ഏറ്റവും ദുർബ്ബലാവസ്ഥവരെ, ഏറ്റവും താണ
നിലവരെ لِكَيْلَا يَعْلَمَ അവൻ അറിയാതിരിക്കുവാൻ (അറിയാതിരിക്കുമാറ്)
مِن بَعْدِ عِلْمٍ അറിവിന് (അറിവുണ്ടായതിന്) ശേഷം شَيْئًا യാതൊന്നും وَتَرَى നിനക്ക്
കാണാം, നീ കാണുന്നു الْأَرْضَ ഭൂമിയെ هَامِدَةً വരണ്ടതായി, അടങ്ങിക്കിടക്കുന്ന
തായി فَإِذَا أَنزَلْنَا എന്നിട്ട് നാം ഇറക്കിയാൽ عَلَيْهَا അതിൻമേൽ, അതിൽ الْمَاءَ വെള്ളം
(മഴ) اهْتَزَّتْ അത് സ്ഫുരിക്കുന്നു, ഇളകുന്നു وَرَبَتْ അത് ചീർക്കുകയും ചെയ്യു
ന്നു, പൊന്തുകയും ചെയ്യുന്നു وَأَنبَتَتْ അത് ഉൽപാദിപ്പിക്കുകയും (മുളപ്പിക്കുക
യും) ചെയ്യുന്നു مِن كُلِّ زَوْجٍ എല്ലാ ഇണകളെയും بَهِيجٍ കൗതുകമുള്ള, അഴകുള്ള

മരണാനന്തരജീവിതത്തിൽ വിശ്വസിക്കുവാൻ തയ്യാറില്ലാത്തവരോട്, തങ്ങളുടെ സ്വന്തം സൃഷ്ടിയുടെ ആരംഭം മുതൽ മരണംവരെയുള്ള അവസ്ഥാവിശേഷങ്ങളെപ്പറ്റി ചിന്തിച്ചുനോക്കുവാൻ അല്ലാഹു കൽപിക്കുന്നു. അപ്രകാരം, അവരുടെ ആദ്യസൃഷ്ടിയുടെ കർത്താവായ അല്ലാഹുവിന് അവരെ ജീവിപ്പിക്കുവാൻ നിശ്ചയമായും കഴിവുണ്ടെന്നും, അനേകം സ്ഥിതിമാറ്റങ്ങൾക്ക് വിധേയരാകുന്നതിൽ അസാംഗത്യമൊന്നുമില്ലെന്നും അപ്പോഴവർക്ക് മനസ്സിലാക്കുവാൻ കഴിയും. മനുഷ്യന്റെ ഉത്ഭവം മുതൽ മര

ണംവരെയുള്ള കാലഘട്ടത്തിൽ അവന്റെ ശരീരത്തിൽ നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ വാസ്തവത്തിൽ കണക്കറ്റതാകുന്നു. എങ്കിലും അവയിൽ പ്രധാനമായ ഏഴ് അവസ്ഥകളെക്കുറിച്ചാണ് അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത്.

1-ാമത്തേത്: അവന്റെ തുടക്കം മണ്ണിൽനിന്നാകുന്നു (مِن تُرَابٍ). മനുഷ്യന്റെ ആദ്യപിതാവായ ആദം നബി (അ)യെ അല്ലാഹു സൃഷ്ടിച്ചതും, ഇന്ദ്രിയത്തിൽ അടക്കം ചെയ്ത മനുഷ്യബീജത്തിന്റെ ഉത്ഭവവും മണ്ണിൽനിന്നാണല്ലോ. മണ്ണിൽനിന്നും ജലത്തിൽനിന്നുമായി ഉൽപാദിപ്പിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ നിന്ന് ആദ്യം രക്തവും പിന്നീട് ശുക്ലവും ഉണ്ടാകുന്നു.

2-ാമത്തേത്: ശുക്ലബീജത്തിൽ നിന്ന് തുടങ്ങുന്നു (ثُمَّ مِن نُّطْفَةٍ). ശുക്ലജലത്തിന്റെ ഏറ്റവും ചെറിയ ഒരംശം മാതാവിന്റെ ഗർഭാശയത്തിൽ പ്രവേശിക്കുന്നു. താമസിയാതെ, അതിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു ചെറിയ രൂപത്തിലേക്ക് അത് നീങ്ങുന്നു.

3-ാമത്തേത്: അനന്തരം അത് ഗർഭാശയഭിത്തികളിൽ അള്ളിപ്പിടിക്കുന്ന ഒരു രക്തക്കട്ട (**علقة**)യായി മാറുന്നു.

4-ാമത്തേത്: അല്പദിവസത്തിനകം അത് മാംസപിണ്ഡമായി (**مضغة**) മാറുന്നു. ഗർഭത്തിലിരിക്കുന്ന ശിശുവിന്റെ 4-ാമത്തെ ഈ ഘട്ടത്തെ അല്ലാഹു രണ്ട് അവസ്ഥയിലായി വിവരിക്കുന്നു; ശരിയായ രൂപം നൽകപ്പെട്ടതും അല്ലാത്തതും (مُّخَلَّقَةٍ وَغَيْرِ مُخَلَّقَةٍ).

مُّخَلَّقَة എന്ന പദം രണ്ട് മൂന്ന് തരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു. അതായത്: രൂപവും അവയവങ്ങളും, ഇന്ദ്രിയശക്തികളുമെല്ലാം പൂർത്തിയായി നൽകപ്പെട്ടത് എന്നും, ജീവനോടുകൂടി പ്രസവിക്കപ്പെടത്തക്കവണ്ണം പൂർണനില നൽകപ്പെട്ടത് എന്നും, മനുഷ്യരൂപം പൂർത്തിയായി നൽകപ്പെട്ടത് എന്നും- ഇങ്ങനെ മൂന്ന് വിധത്തിൽ- വ്യാഖ്യാനിക്കപ്പെട്ടുകാണാം. രൂപം നൽകപ്പെടാത്തത് (**غير مخلقة**) എന്ന വാക്കിന്റെ ഉദ്ദേശ്യവും ഇതനുസരിച്ച് വ്യാഖ്യാനിക്കപ്പെടാം. ഏതഭിപ്രായം നാം സ്വീകരിച്ചാലും, മേൽപറഞ്ഞ നാല് ഘട്ടങ്ങളിൽവെച്ച് കൂടുതൽ സമയം പിടിക്കുന്നത് ഈ നാലാമത്തെ ഘട്ടത്തിലാകുന്നു. ഗർഭസ്ഥശിശുവിന്റെ പൂർണതയും അപൂർണതയും നിർണയിക്കപ്പെടുന്നതും, ആകൃതിയും പ്രകൃതിയും നൽകപ്പെടുന്നതും ഈ ഘട്ടത്തിലാകുന്നു. അങ്ങനെ കുറച്ചുമാസങ്ങളോളം ആ ശിശു ഗർഭാശയലോകത്ത് വെച്ച് വളർത്തപ്പെടുന്നു. അനുനിമിഷം അതിന് വേണ്ടുന്ന എല്ലാ ശുശ്രൂഷകളും അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന ഹസ്തം നടത്തിക്കൊണ്ടിരിക്കുന്നു. വളരുവാനും, വികസിക്കുവാനും, ഭക്ഷണപാനീയങ്ങൾക്കും വേണ്ടുന്ന എല്ലാ സൗകര്യങ്ങളും അവിടെ അത് ശരിപ്പെടുത്തിക്കൊടുക്കുന്നു. ഇത്രയും കാലത്തെ അത്ഭുതകരമായ- അജ്ഞാതമായ- ആ ജീവിതത്തെപ്പറ്റി മനുഷ്യന് വേഗം കണ്ടറിയുക സാദ്ധ്യമല്ലെങ്കിലും, അവന് അത് നിഷേധിക്കുവാൻ സാദ്ധ്യമല്ല. ഇതിനെപ്പറ്റി മാത്രം ആലോചിക്കുന്നതായാൽ അല്ലാഹുവിന്റെ ശക്തിമാഹാത്മ്യവും, അവന്റെ സൃഷ്ടിവൈഭവവും മനുഷ്യന് മനസ്സിലാക്കുവാൻ പ്രയാസവുമില്ല. അതുകൊണ്ടാണ് ഇത്രയും സംഗതികൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് لِّنُبَيِّنَ لَكُمْ (നിങ്ങൾക്ക് വ്യക്തമാക്കിത്തരുവാൻ വേണ്ടി) എന്ന് അല്ലാഹു പറയുന്നത്.

ഡോക്ടർ എ. സി. സെൽമൺ, M. D അദ്ദേഹത്തിന്റെ 'ആരോഗ്യവും ദീർഘാ

യുസ്സും' എന്ന ഗ്രന്ഥത്തിൽ *(*)* പറയുന്ന ചില സംഗതികൾ ഉദ്ധരിക്കുന്നത് ഇവിടെ സന്ദർഭോചിതമായിരിക്കും:-

'ഒരു സ്ത്രീ ഗർഭം ധരിച്ചുകഴിഞ്ഞാലുടൻതന്നെ, കടുക് മണിയെക്കാൾ ചെറുതായ അണ്ഡം (ഇതിന്റെ വ്യാസം ഒരു അംഗുലത്തിന്റെ നൂറ്റി ഇരുപത്തഞ്ചിൽ ഒരു ഭാഗം മാത്രമാണ്.) വളരുവാൻ തുടങ്ങുന്നു. ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ അതിനൊരു മൽബറി (Mulberry = അമറാത്തി) പഴത്തിന്റെ ആകൃതിയും, ഏകദേശം അത്രത്തോളം വലിപ്പവും ഉണ്ടാകുന്നു. നാലാഴ്ചകൊണ്ട് അതൊരു പ്രാവിന്റെ മുട്ടയോളമാകുന്നു. രണ്ടാം മാസാവസാനത്തോടുകൂടി ഒരു കോഴിമുട്ടയോളം വലിപ്പമുണ്ടാകുകയും, ഒരു മനുഷ്യശരീരത്തിന്റെ ആകൃതി ഉണ്ടായിത്തുടങ്ങുകയും ചെയ്യും. ഗർഭാശയത്തിന്റെ ഉൾഭാഗത്തോട് അതിനെ ബന്ധിച്ചിരിക്കുന്ന ഏതാനും രക്തനാഡികൾ ഉണ്ട്. മാതാവ് ഭക്ഷിച്ചു ദഹിക്കുന്ന ഭക്ഷണങ്ങൾ അവളുടെ രക്തനാഡികൾവഴി ഗർഭശിശുവിലേക്ക് കടന്നുചെല്ലുന്നു.'

'ഒരു മൽബറിപ്പഴത്തെപ്പോലെ കാണപ്പെടുന്ന ചെറുപിണ്ഡം വളർന്നു 206 അസ്ഥികളും, 500ൽപരം മാംസപേശികളും, കണ്ണ്, ചെവി, ഹൃദയം, തലച്ചോറ് മുതലായ അവയവങ്ങളും ഉള്ള ഒരു മനുഷ്യശരീരമായിത്തീരുന്നു എന്നുള്ളത് അത്യത്ഭുതകരമായ ഒരു സംഗതി തന്നെ! മനുഷ്യനെ സൃഷ്ടിച്ചതും ആ ചെറുപിണ്ഡം വളർന്നു ഒരു പുതിയ പരിപൂർണ ശരീരമായിത്തീരുവാനിടയാക്കുന്നതും സർവ്വശക്തനായ ദൈവം തന്നെയാണെന്നുള്ളതിന് ഇത് വേറൊരു തെളിവത്രെ......'

'നാലാം മാസാന്ത്യത്തിൽ ശിശുവിന് അഞ്ചംഗുലം നീളമുണ്ടായിരിക്കും, ആറുമാസം കഴിയുമ്പോൾ അതിന് രണ്ടരറാത്തൽ ഘനം കാണും. 6-ാം മാസാവസാനത്തിൽ ജനിക്കുന്ന പക്ഷം, ശിശു ഏതാനും ദിവസത്തിലധികം ജീവിച്ചിരിക്കുകയില്ല. 9-ാം മാസാവസാനത്തിൽ ശിശുവിന് 4 മുതൽ 6വരെ റാത്തൽ ഘനവും, ഏകദേശം 18 അംഗുലം നീളവും ഉണ്ടായിരിക്കും......... 10-ാം മാസാവസാനത്തിൽ (280 ദിവസം കഴിയുമ്പോൾ) അത് പരിപൂർണ വളർച്ച പ്രാപിച്ചിരിക്കും. അപ്പോൾ 6 മുതൽ 10 റാത്തൽ വരെ ഘനവും, ഉദ്ദേശ്യം 20 അംഗുലം നീളവും കാണും.'

'ഗർഭകാലം ഏകദേശം ഇരുനൂറ്റി എൺപത് ദിവസങ്ങളാണ്......... എങ്കിലും, ശരിയായ ജനനതിയ്യതി നിശ്ചയിക്കുവാൻ ഒരു പ്രകാരത്തിലും സാദ്ധ്യമാകുന്നതല്ല. കണക്കാക്കപ്പെട്ടിരിക്കുന്ന ദിവസത്തിന് ഒരാഴ്ച മുമ്പായോ, ഒരാഴ്ച കഴിഞ്ഞിട്ടോ ശിശു ജനിച്ചേക്കാം..........' (ആരോഗ്യവും ദീർഘായുസ്സും പേജ്: 145, 146.) ഒരാഴ്ച മുമ്പോ പിമ്പോ ആകാമെന്ന് ഡാക്ടർ പറഞ്ഞത് സാധാരണസ്ഥിതി മാത്രമാണ്. സാധാരണക്കെതിരായി സംഭവിക്കാവുന്നതിനെപ്പറ്റി ആർക്കും ഏകദേശ അഭിപ്രായം പറയുവാനും സാദ്ധ്യമല്ല.

5-ാമത്തെ അവസ്ഥ: അല്ലാഹു ഉദ്ദേശിച്ച കാലം തികയുമ്പോൾ, ഈ ബാഹ്യലോകത്തേക്ക് അവൻ (മനുഷ്യൻ) ശിശുവായി പുറത്തുവരുന്നു. (ثُمَّ نُخْرِجُكُمْ طِفْلًا) പുറത്തുവരുമ്പോൾ, കരയുവാൻമാത്രം പഠിച്ച അവൻ ഉടനെ മുലപ്പാൽ കുടിക്കുവാനും, ക്രമേണ ഓരോ അറിവും, അഭ്യാസവും കരസ്ഥമാക്കുവാനും ശീലിച്ചുവരുന്നു. അജ്ഞാതലോകത്തുവെച്ച് പരിപാലിച്ച അതേ ഹസ്തം തന്നെ, അവനെ വളർത്തിക്കൊണ്ടുപോരുവാൻ വേണ്ടത് ഈ ലോകത്തും അവനുവേണ്ടി മുൻകൂട്ടി തയ്യാറാക്കിവെച്ചിട്ടുണ്ട്.

(*) ആരോഗ്യസംബന്ധമായ പ്രധാനപ്പെട്ട പല തത്വങ്ങളും ഉൾക്കൊള്ളുന്ന വിശിഷ്ടഗ്രന്ഥമാണിത്. ഈ ഗ്രന്ഥം പല ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

6-ാമത്തേത്: അങ്ങനെ, അവൻ പ്രായപൂർത്തിയും, യുവത്വവും പ്രാപിക്കുന്നു. ബുദ്ധിയും തന്റേടവും ഉള്ളവനായിത്തീരുന്നു.

7-ാമത്തെ സ്ഥിതി മാറ്റം- ഇതാണ് അവസാനത്തേത്- അവനെ വീണ്ടും അദൃശ്യമായ മറ്റൊരു ലോകത്തേക്ക് കൊണ്ടുപോകുന്നു. അഥവാ അവൻ മരണമടയുന്നു. ഇതെപ്പോഴാണ്, എങ്ങനെയാണ്, എവിടെ വെച്ചാണ് എന്നൊന്നും ആർക്കും അറിഞ്ഞുകൂടാ. അവന്റെ സ്രഷ്ടാവിന് മാത്രമേ അത് അറിഞ്ഞുകൂടൂ. ചിലർക്ക് ആയുഷ്കാലം കുറവായിരിക്കും. അവർ നേരത്തെ മരിച്ചുപോകുന്നു. മറ്റുചിലർക്ക് ദീർഘായുസ്സ് നൽകപ്പെടുന്നു. വാർദ്ധക്യം നിമിത്തം അറിവും, കഴിവുമെല്ലാം നഷ്ടപ്പെട്ടുകേവലം ശിശുസമാനമായിത്തീർന്ന ശേഷമേ അവർ മരണമടയുന്നുള്ളൂ.

ഏതാണ്ട് ഇത് പോലെത്തന്നെയാണ് ഭൂമുഖത്ത് കാണപ്പെടുന്ന സസ്യലതാദികളുടെ ചരിത്രവും. ഉണങ്ങിവരണ്ട് തരിശായിക്കിടക്കുന്ന ഭൂമിയിൽ അല്ലാഹു മഴ വർഷിപ്പിക്കുന്നു. ഉടനെ അതിൽ പല മാറ്റങ്ങളും സംഭവിക്കുന്നു. അത് പെട്ടെന്ന് ചൈതന്യമുള്ളതായിത്തീരുന്നു. ചീർത്തു പിളരുന്നു; അൽപദിവസത്തിനകം പച്ചപിടിക്കുന്നു. കുറച്ചുദിവസം കൂടി കഴിയുമ്പോൾ ഹാ! എന്തൊരു കാഴ്ച! വൃക്ഷങ്ങളും ചെടികളുമായി! പൂവും കായുമായി! ഇങ്ങനെ മനുഷ്യന്റെയും, ഭൂമുഖത്ത് വളരുന്ന വസ്തുക്കളുടെയും, സ്ഥിതിഗതികളെപ്പറ്റി അൽപമാത്രമായ ചിന്തയെങ്കിലും ചെലുത്തുന്നവർക്ക് താഴെ പറയുന്ന പരമാർത്ഥങ്ങൾ കണ്ടെത്തുവാൻ കഴിയും:-

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّهُۥ يُحْىِ ٱلْمَوْتَىٰ وَأَنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝٦

《6》 അല്ലാഹുതന്നെയാണ് സ്ഥിരയാഥാർത്ഥ്യമുള്ളവൻ എന്നും, അവൻ മരിച്ചവരെ ജീവിപ്പിക്കുന്നുവെന്നും, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്നുമുള്ള കാരണം കൊണ്ടാണത്;-

وَأَنَّ ٱلسَّاعَةَ ءَاتِيَةٌ لَّا رَيْبَ فِيهَا وَأَنَّ ٱللَّهَ يَبْعَثُ مَن فِى ٱلْقُبُورِ ۝٧

《7》 നിശ്ചയമായും, അന്ത്യസമയം വരുന്നതാണ്- അതിൽ യാതൊരു സംശയവുമില്ല- എന്നും, അല്ലാഹു ഖബ്റുകളിൽ ഉള്ളവരെ ഉയിർത്തെഴുന്നേൽപിക്കുന്നതാണെന്നും (ഉള്ളത് കൊണ്ടും ആകുന്നു.),

---

《6》 ذَٰلِكَ അത് بِأَنَّ اللَّهَ അല്ലാഹു ആണെന്നത് കൊണ്ടാണ് هُوَ അവൻ തന്നെ الْحَقُّ യഥാർത്ഥമായുള്ളവൻ, സ്ഥിരമായുള്ളവൻ وَأَنَّهُ يُحْيِي അവൻ ജീവിപ്പിക്കുന്നു എന്നത് കൊണ്ടും الْمَوْتَىٰ മരണപ്പെട്ടവരെ وَأَنَّهُ അവൻ ആണെന്നത് കൊണ്ടും عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവൻ, ശക്തൻ 《7》 وَأَنَّ السَّاعَةَ അന്ത്യസമയം ആണെന്നത് കൊണ്ടും آتِيَةٌ വരുന്നത് لَا رَيْبَ സംശയമേ ഇല്ല فِيهَا അതിൽ وَأَنَّ اللَّهَ അല്ലാഹു ആകുന്നു എന്നത് കൊണ്ടും يَبْعَثُ ഉയിർത്തെഴുന്നേൽപിക്കുന്നു مَنْ فِي الْقُبُورِ ഖബറുകളിൽ (ശ്മശാനങ്ങളിൽ) ഉള്ളവരെ

അതായത് മേൽ വിവരിച്ച രണ്ടുകാര്യങ്ങൾ- മനുഷ്യന്റെ ഉത്ഭവം മുതൽ മരണം വരെയുള്ള സ്ഥിതിയും, സസ്യലതാദികളുടെ ഉൽപാദനവും- ആലോചിച്ചുനോക്കിയാൽ ഇത്രയും സംഗതികൾ ശരിക്കും ബോധ്യമാകും:-

(1) ഇങ്ങനെയെല്ലാം പ്രവർത്തിച്ചു നിയന്ത്രിച്ചുവരുന്ന മഹാശക്തി അല്ലാഹുവല്ലാതെ മറ്റാരുമല്ല. യഥാർത്ഥ ദൈവവും, സ്ഥിരമായി നിലകൊള്ളുന്നവനും അവൻ മാത്രമാണ് (أَنَّ اللَّهَ هُوَ الْحَقُّ). മറ്റുള്ളതെല്ലാം അസ്ഥിരവും, നാശമടയുന്നതുമാകുന്നു.

(2) മാതൃകയില്ലാത്ത ഈ മഹൽകൃത്യങ്ങളെല്ലാം നടത്തിപ്പോരുന്ന അവൻ ഒരു വസ്തുവിനെ മറ്റൊന്നായി മാറ്റുവാനും, ഉള്ളതിനെ ഇല്ലാതാക്കുവാനും, ഇല്ലാത്തതിനെ നിർമിക്കുവാനും കഴിയുന്നതുപോലെ, മരണപ്പെട്ടവരെ ജീവിപ്പിക്കുവാനും, കഴിയുന്നവനാകുന്നു. അവനത് ചെയ്യുന്നതുമാണ്. (وَأَنَّهُ يُحْيِي الْمَوْتَىٰ) മാത്രമല്ല,

(3) അവൻ ഉദ്ദേശിക്കുന്ന ഏത് കാര്യത്തിനും അവന് കഴിവുണ്ട്; അത് നടപ്പിലാക്കുവാൻ അവന് ഒട്ടും പ്രയാസമില്ല. (وَأَنَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ) അതുപോലെത്തന്നെ, മനുഷ്യനും സസ്യവർഗങ്ങളും മാത്രമല്ല- ഈ ഭൂമിയിലുള്ളതെല്ലാം തന്നെ- നിത്യേന വന്നും, പോയും, ഉത്ഭവിച്ചും, നശിച്ചുംകൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ ലോകം തന്നെ ഒരിക്കൽ നശിച്ചുപോകും.

(4) അതെ, അല്ലാഹു പറഞ്ഞത് പോലെ, ലോകാവസാനമാകുന്ന ഒരു അന്ത്യഘട്ടം സംഭവിക്കുമെന്നതിൽ യാതൊരു സന്ദേഹത്തിനും വകയില്ല. (وَأَنَّ السَّاعَةَ آتِيَةٌ لَّا رَيْبَ فِيهَا) ഇത്രയും കാര്യങ്ങൾ സംഭവിക്കുമ്പോൾ.

(5) മരണപ്പെട്ട് മൺമറഞ്ഞവർ, കുറെ കഴിയുമ്പോൾ വീണ്ടും എഴുന്നേൽപിക്കപ്പെടുകയും അവരുടെ കാര്യങ്ങളെപ്പറ്റി ചോദിക്കപ്പെടുകയും ചെയ്യുന്നത് കേവലം യുക്തവും, സംഭവ്യവും മാത്രമാണ്. (وَأَنَّ اللَّهَ يَبْعَثُ مَن فِي الْقُبُورِ)

وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِي ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَٰبٍ مُّنِيرٍ ﴿٨﴾

﴿8﴾ യാതൊരു അറിവാകട്ടെ, മാർഗദർശനമാകട്ടെ, വെളിച്ചം നൽകുന്ന വേദഗ്രന്ഥമാകട്ടെ, (ഒന്നും) കൂടാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചുവരുന്ന ചിലർ മനുഷ്യരിലുണ്ട്;-

ثَانِيَ عِطْفِهِۦ لِيُضِلَّ عَن سَبِيلِ ٱللَّهِ ۖ لَهُۥ فِي ٱلدُّنْيَا خِزْيٌ ۖ وَنُذِيقُهُۥ يَوْمَ ٱلْقِيَٰمَةِ عَذَابَ ٱلْحَرِيقِ ﴿٩﴾

﴿9﴾ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുവാനായി, (അഹംഭാവപൂർവ്വം) ചുമൽഭാഗം തിരിച്ചുകൊണ്ടത്രെ (അങ്ങനെ ചെയ്യുന്നത്). അവന്ന് ഇഹലോകത്ത് നിന്ദ്യാവസ്ഥയുണ്ട്; ഖിയാമത്തുനാളിൽ അവന് നാം ചുട്ടുകരിക്കുന്ന ശിക്ഷ അനുഭവിപ്പിക്കുകയും ചെയ്യുന്നതാണ്.

ذَٰلِكَ بِمَا قَدَّمَتْ يَدَاكَ وَأَنَّ ٱللَّهَ

﴿10﴾ '(അഹംഭാവപൂർവ്വം തർക്കിക്കുന്നവനേ!) നിന്റെ കൈകൾ മുമ്പ്

لَيۡسَ بِظَلَّٰمٖ لِّلۡعَبِيدِ ﴿١٠﴾

ചെയ്തുവെച്ചിട്ടുള്ളതും, അല്ലാഹു അടിയാൻമാരോട് ഒട്ടും അനീതി ചെയ്യുന്നവനല്ലെന്നുള്ളതും കൊണ്ടാണ് അത്.' (എന്ന് അവനോട് പറയപ്പെടും).

﴾8﴿ وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَن يُجَادِلُ തർക്കിച്ചുവരുന്ന ചിലർ فِي اللَّهِ അല്ലാഹു വിൽ, അല്ലാഹുവിന്റെ കാര്യത്തിൽ بِغَيۡرِ عِلۡمٖ യാതൊരറിവും കൂടാതെ وَلَا هُدٗى ഒരു മാർഗദർശനമില്ലാതെയും وَلَا كِتَٰبٖ ഒരു (വേദ) ഗ്രന്ഥമില്ലാതെയും مُّنِيرٖ വെളിച്ചം നൽകുന്ന, പ്രകാശം നൽകുന്ന ﴾9﴿ ثَانِيَ തിരിച്ചവനായിക്കൊണ്ട് عِطۡفِهِۦ അവന്റെ ഭാഗം, തോൾ (ചുമൽ) لِيُضِلَّ വഴിപിഴപ്പിക്കുവാനായി عَن سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗ ത്തിൽനിന്ന് لَهُۥ അവനുണ്ട് فِي الدُّنۡيَا ഇഹലോകത്ത് خِزۡيٞ നിന്ദ്യത, നിന്ദ്യാവസ്ഥ, അപ മാനം وَنُذِيقُهُۥ അവന് നാം അനുഭവിപ്പിക്കയും ചെയ്യും يَوۡمَ الۡقِيَٰمَةِ ക്വിയാമത്തുനാളിൽ عَذَابَ الۡحَرِيقِ ചുട്ടെരിക്കുന്ന ശിക്ഷ ﴾10﴿ ذَٰلِكَ അത് بِمَا قَدَّمَتۡ മുമ്പ് ചെയ്തുവെച്ചത് കൊണ്ടാണ് يَدَاكَ നിന്റെ രണ്ടുകൈകൾ وَأَنَّ اللَّهَ അല്ലാഹു ആണെന്നതും لَيۡسَ അവൻ അല്ല (എന്നുള്ളതും) بِظَلَّٰمٖ ഒട്ടും അക്രമിക്കുന്നവൻ, അനീതി ചെയ്യുന്നവൻ لِّلۡعَبِيدِ അടിമകളെ, അടിയാൻമാരോട്

അല്ലാഹുവിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവരെ സംബന്ധിച്ച് 3-ാം വചന ത്തിന്റെ വിവരണത്തിൽ ചിലതെല്ലാം പറഞ്ഞുവല്ലോ. യഥാർത്ഥവും, ലക്ഷ്യവും കാട്ടി ക്കൊടുത്താലും, അത് സ്വീകരിക്കാതെ വല്ല മുടന്തൻ ന്യായങ്ങളിലും പറ്റിക്കൂടി തർക്കം നടത്തുക അവരുടെ പതിവായിരിക്കും. യുക്തവും സ്വീകാര്യവുമായ തെളിവിന്റെയോ, പ്രവാചകൻമാർ മുഖേന ലഭിക്കുന്ന മാർഗനിർദ്ദേശങ്ങളുടെയോ, വേദപ്രമാണങ്ങളു ടെയോ അടിസ്ഥാനത്തിൽ അവർക്കൊന്നും പറയുവാനുണ്ടായിരിക്കയില്ല. ചിന്താശൂ ന്യമായ ആളുകളെ കബളിപ്പിക്കുവാൻമാത്രം പോരുന്ന ദുർന്യായങ്ങളും, ധാർമികബോ ധമില്ലാത്തവരെ തൃപ്തിപ്പെടുത്തുവാൻ ഉതകുന്ന യുക്തിവാദങ്ങളുമായിരിക്കും അവ രുടെ ആയുധം. ആകർഷകമായ വാക്കുകളും, കൃത്രിമപ്രയോഗങ്ങളും അവരുടെ പ്രചാ രണമാർഗങ്ങളുമായിരിക്കും. ഈ ദുർവൃത്തിയുടെ നേതൃത്വം വഹിക്കുന്നവരെക്കുറി ച്ചാണ് 3-ാം വചനത്തിൽ 'ധിക്കാരശീലനായ പിശാച് (شَيۡطَٰنٖ مَّرِيدٖ) എന്ന് പറഞ്ഞത്. ഇവരെ അനുകരിക്കുന്നവരെയും, അതിന്റെ അനന്തരഫലത്തെയും സംബന്ധിച്ച് അവിടെ പ്രസ്താവിച്ചു. ആ നേതാക്കളെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നത്.

بِغَيۡرِ عِلۡمٖ وَلَا هُدٗى وَلَا كِتَٰبٖ مُّنِيرٖ (യാതൊരു അറിവും, മാർഗദർശനവും, വേദഗ്ര ന്ഥവും ഒന്നുമില്ലാതെ) എന്ന വാക്ക് പ്രത്യേകം ശ്രദ്ധാർഹമാണ്. അല്ലാഹു സദാ ഓർമ പ്പെടുത്തിക്കൊണ്ടിരിക്കുന്ന ദൃഷ്ടാന്തങ്ങളെ വകവെക്കാതെ, പരലോകം, മരണാനന്ത രജീവിതം, രക്ഷാശിക്ഷകൾ മുതലായവയെ നിരാകരിക്കുന്നതുമാത്രം വമ്പിച്ച കുറ്റമാ ണ് എന്നല്ല ഈ വചനത്തിൽ അടങ്ങിയിട്ടുള്ളത്. ക്വുർആനെയും, നബിചര്യകളെയും അവഗണിച്ചുകൊണ്ട് അവയ്ക്കെതിരായി പ്രചാരവേലയും, പരിശ്രമങ്ങളും നടത്തുന്ന നേതാക്കളുടെയും, അവരെ അനുകരിച്ചു വഴിപിഴച്ചുപോകുന്ന അനുഗാമികളുടെയും

ചെയ്തികൾകൂടി ഈ വചനങ്ങളിൽ ആക്ഷേപിക്കപ്പെട്ടിരിക്കുന്നു. സത്യത്തിനെതിരായി പ്രചാരവേല നടത്തുന്ന നേതാക്കൾക്ക് അതിന്റെ പിന്നിൽ ചില പ്രത്യേക താൽപര്യങ്ങളും, സ്വാർത്ഥങ്ങളും ഉണ്ടായിരിക്കുമെന്ന് സാധാരണക്കാർ ധരിച്ചിരിക്കേണ്ടതാണ്. അവർ തങ്ങളുടെ താൽക്കാലിക കാര്യലബ്ധിക്കായിട്ടാണ് സത്യം മൂടിവെക്കുന്നതെന്ന് അവർ ഓർക്കേണ്ടതുണ്ട്. ഒരു കവി പറഞ്ഞതെത്ര വാസ്തവം!-

ويارب مقفوٌ الخطا عند قومه   طريق نجاة عندهم مستونهج

സാരം: 'ഹാ! രക്ഷാമാർഗം ജനങ്ങളുടെ അടുക്കൽതന്നെ ശരിക്ക് തെളിഞ്ഞുകിടപ്പുണ്ടായിട്ടും അത് ശ്രദ്ധിക്കാതെ, എത്ര ആളുകളുടെ പിന്നാലെയാണ് ജനങ്ങൾ അവരുടെ കാലടികളെ അനുഗമിച്ചു നടന്നുവരുന്നത്!'

വിഭാഗം - 2

وَمِنَ ٱلنَّاسِ مَن يَعۡبُدُ ٱللَّهَ عَلَىٰ حَرۡفٖۖ فَإِنۡ أَصَابَهُۥ خَيۡرٌ ٱطۡمَأَنَّ بِهِۦۖ وَإِنۡ أَصَابَتۡهُ فِتۡنَةٌ ٱنقَلَبَ عَلَىٰ وَجۡهِهِۦ خَسِرَ ٱلدُّنۡيَا وَٱلۡأٓخِرَةَۚ ذَٰلِكَ هُوَ ٱلۡخُسۡرَانُ ٱلۡمُبِينُ ﴿١١﴾

《11》 ഒരു തെല്ലിൻ മേലായി (സ്ഥിതിചെയ്തു)കൊണ്ട് അല്ലാഹുവിനെ ആരാധിച്ചുവരുന്ന ചിലർ മനുഷ്യരിലുണ്ട്: അവന് വല്ല നന്മയും വന്നെത്തിയാൽ അവൻ അതുകൊണ്ട് അടങ്ങിക്കൊള്ളും; വല്ല പരീക്ഷണവും അവനെ ബാധിച്ചുവെങ്കിൽ അവൻ മുഖംകുത്തി മറിഞ്ഞു (അവതാളത്തിലായി) പോകയും ചെയ്യുന്നതാണ്. അവൻ ഇഹത്തിലും പരത്തിലും നഷ്ടപ്പെട്ടുപോയി! അത് തന്നെയാണ് വ്യക്തമായ നഷ്ടം (അതിൽപരം നഷ്ടമില്ല).

يَدۡعُواْ مِن دُونِ ٱللَّهِ مَا لَا يَضُرُّهُۥ وَمَا لَا يَنفَعُهُۥۚ ذَٰلِكَ هُوَ ٱلضَّلَٰلُ ٱلۡبَعِيدُ ﴿١٢﴾

《12》 അല്ലാഹുവിന് പുറമെ, തനിക്ക് ഉപദ്രവം ചെയ്യാത്തതിനെയും, ഉപകാരം ചെയ്യാത്തതിനെയും അവൻ വിളിക്കുന്നു [പ്രാർത്ഥിക്കുന്നു;] അത് തന്നെയാണ് വിദൂരമായ വഴിപിഴവ്!

يَدۡعُواْ لَمَن ضَرُّهُۥٓ أَقۡرَبُ مِن نَّفۡعِهِۦۚ لَبِئۡسَ ٱلۡمَوۡلَىٰ وَلَبِئۡسَ ٱلۡعَشِيرُ ﴿١٣﴾

《13》 യാതൊരുത്തന്റെ ഉപദ്രവം അവന്റെ ഉപകാരത്തെക്കാൾ കൂടുതൽ അടുത്തതാണോ അങ്ങനെയുള്ളവനെത്തന്നെ, അവൻ വിളിച്ചുകൊണ്ടിരിക്കുന്നു! അവനെത്ര ദുഷിച്ച രക്ഷാധികാരി! അവനെത്ര ദുഷിച്ച കൂട്ടുകാരനും!

﴾11﴿ وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَن يَعْبُدُ ആരാധിച്ച് (ഇബാദത്ത് ചെയ്തു) വരുന്ന ചിലർ اللَّهَ അല്ലാഹുവിനെ عَلَىٰ حَرْفٍ ഒരു തെല്ലിൻമേൽആയി, അറ്റത്തായിക്കൊണ്ട്, ഒരു ഓരത്തിലായിക്കൊണ്ട് فَإِنْ أَصَابَهُ അങ്ങനെ അവന് വന്നെത്തിയാൽ, ബാധിച്ചാൽ خَيْرٌ വല്ല നന്മയും اطْمَأَنَّ അവൻ അടങ്ങും بِهِ അതുകൊണ്ട് وَإِنْ أَصَابَتْهُ അവന് ബാധിച്ചെങ്കിലോ فِتْنَةٌ വല്ല പരീക്ഷണവും, വല്ല കുഴപ്പവും انقَلَبَ അവൻ മറിഞ്ഞുപോകും, അവതാളത്തിലാകും عَلَىٰ وَجْهِهِ തന്റെ മുഖത്തിൻമേൽ (മുഖംകുത്തി) خَسِرَ അവൻ നഷ്ടപ്പെട്ടു الدُّنْيَا ഇഹലോകം, ഇഹത്തിൽ وَالْآخِرَةَ പരലോകവും, പരലോകത്തും ذَٰلِكَ هُوَ അത്തന്നെയാണ് الْخُسْرَانُ നഷ്ടം الْمُبِينُ വ്യക്തമായ, സ്പഷ്ടമായ ﴾12﴿ يَدْعُوا അവൻ വിളിക്കുന്നു, പ്രാർത്ഥിക്കുന്നു مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ مَا لَا يَضُرُّهُ അവന് ഉപദ്രവം ചെയ്യാത്തതിനെ وَمَا لَا يَنفَعُهُ അവന് ഉപകാരം ചെയ്യാത്തതിനെയും ذَٰلِكَ هُوَ അത് തന്നെയാണ് الضَّلَالُ വഴിപിഴവ് الْبَعِيدُ വിദൂരമായ ﴾13﴿ يَدْعُوا അവൻ വിളിക്കുന്നു لَمَنْ ഒരുവനെത്തന്നെ, യാതൊരുവനെത്തന്നെ ضَرُّهُ അവന്റെ ഉപദ്രവം أَقْرَبُ കൂടുതൽ അടുത്തതാണ് (എളുപ്പമുള്ളതാണ്) مِن نَّفْعِهِ അവന്റെ ഉപകാരത്തെക്കാൾ لَبِئْسَ എത്ര ദുഷിച്ചത്, വളരെ മോശപ്പെട്ടത് الْمَوْلَىٰ സഹായകൻ, രക്ഷാകർത്താവ്, യജമാനൻ وَلَبِئْسَ എത്ര ദുഷിച്ചതും الْعَشِيرُ കൂട്ടാളി, കൂട്ടുകാരൻ

ലക്ഷ്യവും തെളിവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കം നടത്തുന്നവരെക്കുറിച്ച് പ്രസ്താവിച്ചശേഷം, മതത്തിൽ അടിയുറപ്പും, വിശ്വാസത്തിൽ സ്ഥിരതയുമില്ലാതെ, അല്ലാഹുവിന് ഇബാദത്ത് ചെയ്യുന്ന ചിലരെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നത്. ഇവരുടെ വിശ്വാസവും, ആരാധനകളുമെല്ലാം, അപ്പപ്പോൾ തങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കും. മതത്തിന്റെ ഉള്ളിലേക്കോ മദ്ധ്യത്തിലേക്കോ അവർ പ്രവേശിക്കുന്നില്ല. നേരെമറിച്ച് അതിന്റെ പുറവക്കിൽ ആടിക്കളിച്ചുകൊണ്ടിരിക്കുകയായിരിക്കും. സുഖസന്തോഷങ്ങളും, സൗകര്യവുമാണ് അവർക്ക് കൈവരുന്നതെങ്കിൽ, അവർ സംതൃപ്തരായി സമാധാനമടയും. തങ്ങളുടെ വിശ്വാസത്തിന്റെയും, നടപടിയുടെയും ഗുണഗണങ്ങളെപ്പറ്റി ഒരുപക്ഷേ അവർ ആത്മപ്രശംസ നടത്തുകയും ചെയ്യും. ശാരീരികമോ, മാനസികമോ ധനപരമോ ആയ വല്ല ദോഷവും ബാധിച്ചുവെന്നിരിക്കട്ടെ, അവരുടെ നില പെട്ടെന്ന് അവതാളത്തിലാകുന്നു. അങ്ങനെ, അവിശ്വാസത്തിലേക്കും ദുർനടപ്പിലേക്കും വഴുതിപ്പോകുകയും ചെയ്യും. അതേവരെ തങ്ങൾ ആചരിച്ചുവന്ന നടപടികളെ പഴിക്കുകയും ചെയ്തേക്കും. ചുരുക്കിപ്പറഞ്ഞാൽ: അങ്ങോട്ടുമിങ്ങോട്ടുമല്ലാതെ ആടിക്കളിച്ചുകൊണ്ടിരിക്കുന്നവരാണവർ. (مذبذبين بين ذلك لاالى هؤلاء ولاالى هؤلاء) നബി തിരുമേനിﷺയുടെ കാലത്തുണ്ടായിരുന്ന ഇത്തരം ചില ആളുകളുടെ ചെയ്തികളെ വെളിപ്പെടുത്തിക്കൊണ്ടാണ് ഈ വചനം അവതരിച്ചതെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും, ഈ സ്വഭാവക്കാരായ ആളുകൾ എല്ലാ കാലത്തുമെന്നപോലെ ഇന്നും കാണപ്പെടുന്നതാണ്.

'കുഫ്റിന്റെ (അവിശ്വാസത്തിന്റെ) അനിവാര്യഫലങ്ങളാണ് സംശയവും, നിരാശയും. 'ഈമാനി'ൽ (സത്യവിശ്വാസത്തിൽ) അടിയുറച്ചിട്ടുള്ളവനെ സംശയവും, നിരാശയും ബാധിക്കയില്ല. അവൻ, സന്തോഷത്തിൽ നന്ദിയുള്ളവനും, സന്താപത്തിൽ ക്ഷമ

യുള്ളവനും, ഭാവിയെക്കുറിച്ച് പ്രതീക്ഷയുള്ളവനുമായിരിക്കും. അവനെ ബാധിക്കുന്ന വിഷമങ്ങളും, പരീക്ഷണങ്ങളും അവന്‍ സഹനപൂര്‍വ്വം തരണം ചെയ്യും. അതവന്റെ വിശ്വാസത്തെ ദൃഢപ്പെടുത്തുകയും, കളങ്കരഹിതമാക്കുകയുമാണ് ചെയ്യുക. തന്റെ വിശ്വാസത്തിന്റെയും, നടപടിക്രമങ്ങളുടെയും, ഫലം താല്‍ക്കാലിക സുഖസൗകര്യങ്ങളില്‍ അധിഷ്ഠിതമാണെന്ന് അവന്‍ കരുതുകയില്ല. സത്യം പ്രാപിക്കുക, സ്രഷ്ടാവിനെ അനുസരിക്കുക, അവന്റെ ശിക്ഷയെ ഭയപ്പെടുക, അവന്റെ പ്രതിഫലം പ്രതീക്ഷിക്കുക ഇത്യാദി ഗുണങ്ങളാണ് മതവിശ്വാസിക്കുണ്ടായിരിക്കേണ്ടത്. ഭൗതികവും, താല്‍ക്കാലികവുമായ നന്മകളെ ഉന്നംവെക്കുന്ന മതവിശ്വാസി കേവലം 'മുനാഫിക്' (കപടവിശ്വാസി) ആകുന്നു.

മേല്‍പറഞ്ഞവിധം അസ്ഥിരമായ നില കൈക്കൊള്ളുന്നതുകൊണ്ട് അവര്‍ക്കുണ്ടാകുന്ന നേട്ടമെന്താണ്? ഇഹത്തിലും പരത്തിലും നഷ്ടം തന്നെ! ഒരു സത്യവിശ്വാസിക്കുണ്ടാകുന്ന സകല ഗുണങ്ങളും അവര്‍ക്ക് നഷ്ടപ്പെടുന്നു. ഏതൊരു വ്യാമോഹമാണ് അവരെ മതത്തില്‍നിന്ന് വ്യതിചലിപ്പിച്ചതെങ്കില്‍, ആ വ്യാമോഹമെങ്കിലും അതുമൂലം സാദ്ധ്യമാകുമോ? അതുമില്ല! അല്ലാഹു അവര്‍ക്ക് കണക്കാക്കിയതിലപ്പുറം ഒന്നുംതന്നെ, ആ വ്യതിയാനം അവര്‍ക്ക് നേടിക്കൊടുക്കുന്നില്ല. പരലോകത്താകട്ടെ, കാലാകാല ശിക്ഷയും! എന്തൊരു നഷ്ടമാണ് സംഭവിക്കുവാനുള്ളത്?!

അല്ലാഹുവിനെ ആരാധിച്ചും, സന്തോഷ സന്താപങ്ങളില്‍ അവനെ വിളിച്ചു പ്രാര്‍ത്ഥിച്ചും വരുന്നവര്‍– അതുമൂലം തനിക്കുവേണ്ടത്ര നന്മകള്‍ ലഭിച്ചില്ലെന്നോ, തിന്മകളില്‍നിന്ന് രക്ഷ കിട്ടിയില്ലെന്നോ കരുതി– അത് ഉപേക്ഷിച്ചെന്ന് വെക്കുക: എന്നാല്‍ പിന്നെ അവന്റെ ആശകള്‍ അര്‍പ്പിക്കുവാനും, അപേക്ഷകള്‍ സമര്‍പ്പിക്കുവാനും മറ്റാരാണുള്ളത്? അല്ലാഹു അല്ലാത്ത ഏതൊന്നിനെ അവന്‍ തിരഞ്ഞെടുത്താലും ശരി, അതിനെ വിളിച്ചാരാധിച്ചത് കൊണ്ട് ഒരു നേട്ടമോ, വിളിച്ചാരാധിക്കാത്തത് കൊണ്ട് ഒരു കോട്ടമോ അവന് നേരിടുവാനില്ല. എന്നിരിക്കെ, എല്ലാനന്മയും, എല്ലാ തിന്മയും ഏതൊരു മഹാശക്തിയുടെ കയ്യിലാണോ ആ മഹാശക്തിയെ വിട്ടു മറ്റൊന്നിനെ ശരണം പ്രാപിക്കുന്നതില്‍പരം ദൗര്‍ഭാഗ്യകരമായിട്ടുള്ളതെന്താണ്?! ഉപകാരവും അപകാരവുമില്ലെങ്കില്‍ പോകട്ടെ എന്നുവെച്ച് തൃപ്തി അടയുവാനും തരമില്ല. കാരണം, അത്മൂലം കിയാമത്തുനാളില്‍ വമ്പിച്ച ശിക്ഷയും ആപത്തുകളും അവനെ ബാധിക്കാനിരിക്കുന്നുമുണ്ട്. നരകശിക്ഷ അനുഭവപ്പെടുമ്പോള്‍ അവന്‍ ഇങ്ങനെ വിളിച്ച് അട്ടഹസിച്ചേക്കും: 'അയ്യോ! സഹായകനും ബന്ധുവുമായി ഞാന്‍ കരുതി വന്നവന്‍ വളരെ മോശപ്പെട്ടവനായല്ലോ! ഞാന്‍ തുണക്കാരനും കൂട്ടുകാരനുമാക്കിവെച്ചവന്‍ ഇത്രത്തോളം കൊള്ളരുതാത്തവനായല്ലോ...!' എന്നൊക്കെ. (لَبِئْسَ الْمَوْلَىٰ وَلَبِئْسَ الْعَشِيرُ)

إِنَّ ٱللَّهَ يُدْخِلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۚ إِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ ﴿١٤﴾

﴿14﴾ നിശ്ചയമായും, വിശ്വസിക്കുകയും, സല്‍ക്കര്‍മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തവരെ അല്ലാഹു, താഴ്ഭാഗത്തുകൂടി നദികള്‍ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വര്‍ഗങ്ങളില്‍ പ്രവേശിപ്പിക്കുന്നതാകുന്നു. നിശ്ചയമായും, അല്ലാഹു അവന്‍ ഉദ്ദേശിക്കുന്നത് പ്രവര്‍ത്തിക്കുന്നതാകുന്നു.

مَن كَانَ يَظُنُّ أَن لَّن يَنصُرَهُ ٱللَّهُ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ فَلْيَمْدُدْ بِسَبَبٍ إِلَى ٱلسَّمَآءِ ثُمَّ لْيَقْطَعْ فَلْيَنظُرْ هَلْ يُذْهِبَنَّ كَيْدُهُۥ مَا يَغِيظُ ﴿١٥﴾

﴿15﴾ ആരെങ്കിലും, ഇഹലോകത്തും, പരലോകത്തും അല്ലാഹു അവനെ സഹായിക്കുന്നതേയല്ല എന്ന് വിചാരിക്കുന്നുണ്ടെങ്കിൽ, അവൻ ഉപരിഭാഗത്തേക്ക് ഒരു കയർ നീട്ടി(ക്കെട്ടി)ക്കൊള്ളട്ടെ, പിന്നീട് (കഴുത്ത് കുടുക്കി) മുറിച്ചുകൊള്ളുകയും ചെയ്യട്ടെ! [അതിൽ ആത്മഹത്യ ചെയ്യട്ടെ.] എന്നിട്ട്, അവന്റെ (ഈ) തന്ത്രം (അവനെ) ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ പോക്കി [ഇല്ലാതാക്കി]ക്കളയുമോ എന്ന് നോക്കിക്കൊള്ളട്ടെ!

﴾14﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُدْخِلُ പ്രവേശിപ്പിക്കുന്നു ٱلَّذِينَ آمَنُوا വിശ്വസിച്ചവരെ وَعَمِلُوا ٱلصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തു جَنَّاتٍ സ്വർഗങ്ങളിൽ تَجْرِي ഒഴുകിക്കൊണ്ടിരിക്കുന്നു, നടന്നുകൊണ്ടിരിക്കുന്നു مِن تَحْتِهَا അതിന്റെ അടിഭാഗത്തുകൂടി ٱلْأَنْهَارُ നദികൾ, അരുവികൾ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يَفْعَلُ അവൻ പ്രവർത്തിക്കും, ചെയ്യും مَا يُرِيدُ അവൻ ഉദ്ദേശിക്കുന്നത് ﴾15﴿ مَن كَانَ ആരെങ്കിലും ആയാൽ يَظُنُّ വിചാരിക്കുന്ന أَن لَّن يَنصُرَهُ അവനെ സഹായിക്കുന്നതേ അല്ല എന്ന് ٱللَّهُ അല്ലാഹു فِي ٱلدُّنْيَا ഇഹത്തിൽ وَٱلْآخِرَةِ പരലോകത്തിലും فَلْيَمْدُدْ എന്നാലവൻ നീട്ടിയിട്ടു കൊള്ളട്ടെ بِسَبَبٍ ഒരു കയറിനെ, ഒരു ബന്ധത്തെ إِلَى ٱلسَّمَاءِ ഉപരിഭാഗത്തേക്ക്, വാനത്തിലേക്ക് ثُمَّ പിന്നെ لْيَقْطَعْ അവൻ മുറിച്ചുകൊള്ളട്ടെ فَلْيَنظُرْ എന്നിട്ടവൻ നോക്കട്ടെ هَلْ يُذْهِبَنَّ നിശ്ചയമായും പോക്കി (ഇല്ലാതാക്കി)ക്കളയുമോ (എന്ന്) كَيْدُهُ അവന്റെ തന്ത്രം, ഉപായം مَا يَغِيظُ ക്ലേശിപ്പിക്കുന്നതിനെ (ആ കാര്യത്തെ)

'لَن يَنصُرَهُ' (അവനെ സഹായിക്കുന്നതേയല്ല) എന്ന് പറഞ്ഞതിൽ 'അവനെ' (ه) എന്ന സർവ്വനാമം (ضمير) കൊണ്ടുദ്ദേശ്യം, നബി തിരുമേനിﷺയാണെന്നാണ് അധിക മുഫസ്സിറുകളും രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റുള്ളവർ പറയുന്നത് പ്രസ്തുത വിവരം വിചാരിക്കുന്നവനെത്തന്നെ ഉദ്ദേശിച്ചാണെന്നാകുന്നു.

ആദ്യത്തെ അഭിപ്രായം അനുസരിച്ച് ആയത്തിന്റെ സാരം ഇപ്രകാരമായിരിക്കും: നബിﷺയെ– അതായത് അവിടുന്ന് പ്രബോധനം ചെയ്യുന്ന മതത്തെ– ഇഹത്തിലും പരത്തിലും അല്ലാഹു സഹായിച്ചു വിജയിപ്പിക്കുകയില്ലെന്ന് വല്ലവനും വിചാരിക്കുന്നുണ്ടെങ്കിൽ, അവന്റെ ആ ആഗ്രഹം ഒരിക്കലും നിറവേറുവാൻ പോകുന്നില്ല. ആകയാൽ, മേൽപുരയിലോ മറ്റോ ഒരു കയർ നീട്ടിക്കെട്ടി അതിൽ തൂങ്ങിമരിച്ചു സ്വയം നശിച്ചിട്ടെങ്കിലും, അവന്റെ വെറുപ്പും വിദ്വേഷവും ഇല്ലാതാക്കുവാൻ മാർഗമുണ്ടെങ്കിൽ അവനത് ചെയ്തുകൊള്ളട്ടെ. ഏതായാലും അവന്റെ നിരാശക്ക് പരിഹാരമുണ്ടാകാത്തതാകുന്നു.

അല്ലാഹു അവന്റെ റസൂലിനെയും, മതത്തെയും വിജയിപ്പിക്കുമെന്നത് തീർച്ചപ്പെട്ട കാര്യമാണ്. രണ്ടാമത്തെ അഭിപ്രായമനുസരിച്ച് സാരം ഇപ്രകാരമായിരിക്കും: ഒരാൾ, ഇഹത്തിലും പരത്തിലും തനിക്ക് അല്ലാഹുവിന്റെ സഹായവും രക്ഷയുമില്ലെന്ന് കരുതുന്ന പക്ഷം- അഥവാ അല്ലാഹുവിന്റെ സഹായത്തിൽ അവൻ നിരാശപ്പെട്ടാൽ- പിന്നെ അവന് രക്ഷയില്ലതന്നെ. ആ മനഃക്ലേശം തീർക്കുവാൻ ആത്മഹത്യ വേണമെങ്കിലും ചെയ്തുകൊള്ളട്ടെ എന്നും അതിന് അനുമതി ലഭിക്കുകയില്ല. ഇതാണ് സാരം. സത്യവിശ്വാസിക്ക് ഒരിക്കലും നിരാശയുണ്ടാവാൻ പാടില്ലെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ആ അടിസ്ഥാനത്തിലാണ് ഈ വ്യാഖ്യാനം നൽകപ്പെടുന്നത്.

മനുഷ്യജീവിതത്തിന്റെ ഐഹികവും, പാരത്രികവുമായ നേട്ടങ്ങളുടെ അടിസ്ഥാനം ആശയാണ്, അല്ലെങ്കിൽ പ്രത്യാശയാണ്. പ്രത്യാശയില്ലാത്തവൻ പരിശ്രമിക്കുകയില്ല. പരിശ്രമിക്കാത്തവൻ വിജയിക്കുകയുമില്ല. വിഷമങ്ങൾക്ക് ശേഷം ആശ്വാസത്തെയും, ഞെരുക്കത്തിന് ശേഷം എളുപ്പത്തെയും, പാപത്തിന് ശേഷം മോചനത്തെയും, ദാരിദ്ര്യത്തിന്ശേഷം ധന്യതയെയും അവൻ ആശിക്കുന്നു. അവന്റെ രക്ഷിതാവിന്റെ കാരുണ്യത്തിലും, അനുഗ്രഹത്തിലും ഒരിക്കലും അവന് നിരാശ അനുഭവപ്പെടുന്നതല്ല. അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടുന്നത് എത്രമാത്രം ഭയങ്കര നഷ്ടമായിരിക്കുമെന്ന് നോക്കുക:-

1: ഇബ്റാഹീം നബി (അ) പറഞ്ഞതായി ക്വുർആനിൽ ഇങ്ങനെ കാണാം: 'വഴിപിഴച്ചവരല്ലാതെ ആരാണ് തന്റെ രക്ഷിതാവിന്റെ കാരുണ്യത്തിൽനിന്ന് നിരാശപ്പെടുക?!' (15: 56.)

2: യഅ്ക്വൂബ് നബി (അ) തന്റെ പുത്രൻമാരോട് ഉപദേശിച്ചകൂട്ടത്തിൽ ഇങ്ങനെ കാണാം: 'നിങ്ങൾ അല്ലാഹുവിൽ നിന്നുള്ള ആശ്വാസത്തെക്കുറിച്ച് നിരാശ അടയരുത്; നിശ്ചയമായും അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽനിന്നുള്ള ആശ്വാസത്തിൽ നിരാശ അടയുകയില്ല'. (12: 87)

3: അല്ലാഹു അവന്റെ അടിയാൻമാരെ സംബോധന ചെയ്തുകൊണ്ട് അരുളിച്ചെയ്യുന്നു: '(നബിയേ,) പറയുക: തങ്ങളുടെ സ്വന്തം ദേഹങ്ങളോട് അതിരുകവിഞ്ഞുപോയിട്ടുള്ള എന്റെ (പാപികളായ) അടിയാൻമാരേ!' നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് ആശ മുറിഞ്ഞുപോകരുത് എന്ന്' (39: 53.)

പല ലക്ഷ്യങ്ങളും, ദൃഷ്ടാന്തങ്ങളും മുമ്പ് വിവരിച്ചുവല്ലോ. അവയെ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

وَكَذَٰلِكَ أَنزَلْنَٰهُ ءَايَٰتٍۭ بَيِّنَٰتٍ وَأَنَّ ٱللَّهَ يَهْدِى مَن يُرِيدُ ﴿١٦﴾

﴾16﴿ അപ്രകാരം, നാം ഇത് [ക്വുർആൻ] വ്യക്തമായ ലക്ഷ്യങ്ങളെന്ന നിലക്കും, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ സൻമാർഗത്തിലാക്കുന്നതാണെന്നതിനാലും അവതരിപ്പിച്ചിരിക്കുകയാണ്.

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟

﴾17﴿ നിശ്ചയമായും, 'ഈമാൻ' [സത്യവിശ്വാസം] സ്വീകരിച്ചിട്ടുള്ളവർ, ജൂതൻമാരായുള്ളവർ, 'സ്വാബി

وَٱلصَّـٰبِـِٔينَ وَٱلنَّصَـٰرَىٰ وَٱلْمَجُوسَ وَٱلَّذِينَ أَشْرَكُوٓا۟ إِنَّ ٱللَّهَ يَفْصِلُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿١٧﴾	**' കൾ, 'നസ്റാനി'കൾ, 'മജൂസി'കൾ, 'ശിർക്ക്' [ബഹുദൈവവിശ്വാസം] സ്വീകരിച്ചവർ എന്നിവർക്കിടയിൽ, ക്വിയാമത്ത് നാളിൽ അല്ലാഹു തീർപ്പ് കൽപിക്കുന്നതാകുന്നു. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും സാക്ഷ്യം വഹിക്കുന്നവനാകുന്നു.**

﴾16﴿ وَ كَذٰلِكَ അപ്രകാരം أَنْزَلْنَاهُ ഇതിനെ നാം ഇറക്കിയിരിക്കുന്നു آيَاتٍ ലക്ഷ്യങ്ങളായ നിലക്ക് بَيِّنَاتٍ വ്യക്തങ്ങളായ وَأَنَّ اللهَ അല്ലാഹു ആണെന്നതിനാലും يَهْدِي സൻമാർഗത്തിലാക്കുന്നു, മാർഗദർശനം നൽകുന്നു (എന്നതിനാലും) مَنْ يُرِيدُ അവൻ ഉദ്ദേശിക്കുന്നവരെ ﴾17﴿ إِنَّ الَّذِينَ നിശ്ചയമായും ഒരു കൂട്ടർ آمَنُوا അവർ ഈമാൻ (സത്യവിശ്വാസം) സ്വീകരിച്ചു وَالَّذِينَ യാതൊരു കൂട്ടരും هَادُوا അവർ ജൂതരായി وَالصَّابِئِينَ സാബികളും وَالنَّصَارَى നസ്വാറാ (നസ്റാനി)കളും وَالْمَجُوسَ മജൂസികളും (അഗ്നി ആരാധകരും) وَالَّذِينَ യാതൊരു കൂട്ടരും أَشْرَكُوا അവർ ശിർക്ക് സ്വീകരിച്ചിരിക്കുന്നു إِنَّ اللهَ നിശ്ചയമായും അല്ലാഹു يَفْصِلُ തീർപ്പ് കൽപിക്കും بَيْنَهُمْ അവർക്കിടയിൽ يَوْمَ الْقِيَامَةِ ക്വിയാമത്തുനാളിൽ إِنَّ اللهَ നിശ്ചയമായും അല്ലാഹു عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിനും شَهِيدٌ സാക്ഷ്യം വഹിക്കുന്ന (സന്നദ്ധനായി മേൽനോട്ടം ചെയ്യുന്ന)വനാണ്

ലോകത്ത് കൂടുതൽ പ്രചാരത്തിലിരിക്കുന്ന ആറ് മതവർഗങ്ങളാണിവർ, 'ഈമാൻ' സ്വീകരിച്ചവരെന്ന് പറഞ്ഞത് സത്യവിശ്വാസം സ്വീകരിച്ച മുസ്ലിംകളെപ്പറ്റിയാണ്. 'ജൂതൻമാർ' മൂസാനബി (അ)യുടെ മതാവലംബികളെന്ന പേരിൽ അവശേഷിച്ചവരാകുന്നു. 'നസ്റാനി'കൾ എന്ന് പറഞ്ഞത് ക്രിസ്ത്യാനികളെയാകുന്നു. സൂര്യചന്ദ്രനക്ഷത്രാദികളെ ദേവീദേവൻമാരാക്കി ആരാധിക്കുന്നവരാണ് 'സ്വാബികൾ' അഗ്നി ആരാധകൻമാരാണ് 'മജൂസികൾ, വിഗ്രഹാരാധനകൾ സ്വീകരിച്ചവരാണ് 'ശിർക്ക്' സ്വീകരിച്ചവർ. ഇവരിൽ സത്യവിശ്വാസം സ്വീകരിച്ച ഒന്നാമത്തെ കക്ഷിയൊഴിച്ച് ബാക്കിയെല്ലാം ചെകുത്താന്റെ' കക്ഷികളും ഒന്നാമത്തേത് 'റഹ്മാന്റെ' കക്ഷിയുമാകുന്നു. ഓരോ കക്ഷിയുടെയും, അതിലെ അവാന്തര വിഭാഗങ്ങളുടെയും എല്ലാ സ്ഥിതിഗതികളും അല്ലാഹു കണ്ടറിഞ്ഞും വീക്ഷിച്ചുകൊണ്ടുമിരിക്കുന്നു. ഓരോ കക്ഷിയെയും, അതിലെ വ്യക്തികളെയും ക്വിയാമത്ത് നാളിൽ അവൻ വിചാരണചെയ്തു തക്ക തീർപ്പ് കൽപിക്കുന്നതാണ് എന്ന് സാരം. ഓരോ വ്യക്തിയോടുമായി അല്ലാഹു പറയുന്നു:-

أَلَمْ تَرَ أَنَّ ٱللَّهَ يَسْجُدُ لَهُۥ مَن فِى ٱلسَّمَـٰوَٰتِ وَمَن فِى ٱلْأَرْضِ	**﴾18﴿ നീ കണ്ടില്ലേ: നിശ്ചയമായും അല്ലാഹു, ആകാശങ്ങളിലുള്ളവരും, ഭൂമിയിലുള്ളവരും,**

وَٱلشَّمۡسُ وَٱلۡقَمَرُ وَٱلنُّجُومُ وَٱلۡجِبَالُ وَٱلشَّجَرُ وَٱلدَّوَآبُّ وَكَثِيرٞ مِّنَ ٱلنَّاسِۖ وَكَثِيرٌ حَقَّ عَلَيۡهِ ٱلۡعَذَابُۗ

സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും, പർവ്വതങ്ങളും, വൃക്ഷങ്ങളും, ജീവജാലങ്ങളും, മനുഷ്യരിൽനിന്ന് വളരെ ആളുകളും, അവന് 'സുജൂദ് സാഷ്ടാംഗ [നമസ്കാരം] ചെയ്തുവരുന്ന വസ്തുത?!' വളരെ ആളുകളാകട്ടെ, അവരുടെമേൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു.

سجود

وَمَن يُهِنِ ٱللَّهُ فَمَا لَهُۥ مِن مُّكۡرِمٍۚ إِنَّ ٱللَّهَ يَفۡعَلُ مَا يَشَآءُ ۩ ﴿١٨﴾

അല്ലാഹു ഏതൊരുവനെ നിന്ദിക്കുന്നുവോ അവനെ മാനിക്കുന്ന ഒരാളും ഉണ്ടാവുകയില്ല. നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നതാകുന്നു.

﴾18﴿ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ اللهَ നിശ്ചയമായും അല്ലാഹു ആണെന്ന് يَسْجُدُ لَهُ അവന് സുജൂദ് ചെയ്യുന്നു (എന്ന്) مَن فِي السَّمَاوَاتِ ആകാശങ്ങളിലുള്ളവർ وَمَن فِي الْأَرْضِ ഭൂമിയിലുള്ളവരും وَالشَّمْسُ സൂര്യനും وَالْقَمَرُ ചന്ദ്രനും وَالنُّجُومُ നക്ഷത്രങ്ങളും وَالْجِبَالُ പർവ്വതങ്ങളും وَالشَّجَرُ വൃക്ഷവും (വൃക്ഷങ്ങളും) وَالدَّوَابُّ ജീവജാലങ്ങളും وَكَثِيرٌ വളരെ ആളുകളും, പലരും مِنَ النَّاسِ മനുഷ്യരിൽ നിന്ന് وَكَثِيرٌ വളരെ ആളുകൾ حَقَّ സ്ഥിരപ്പെട്ടിരിക്കുന്നു, അവകാശപ്പെട്ടിരിക്കുന്നു عَلَيْهِ അവരിൽ, അവർക്ക് الْعَذَابُ ശിക്ഷ وَمَن ആർ, ആരെങ്കിലും يُهِنِ اللهُ അല്ലാഹു (അവനെ) നിന്ദിക്കുന്നതായാൽ, അപമാനിക്കുന്നതായാൽ فَمَا لَهُ എന്നാൽ അവന്നില്ല مِن مُّكْرِمٍ യാതൊരു മാനിക്കുന്നവനും, ആദരിക്കുന്ന ഒരാളും إِنَّ اللهَ നിശ്ചയമായും അല്ലാഹു يَفْعَلُ അവൻ ചെയ്യും, പ്രവർത്തിക്കും مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത്

ഓത്തിന്റെ സുജൂദ് (سجود التلاوة) ചെയ്യേണ്ടുന്ന ഒരു ആയത്താണിത്. ഓത്തിന്റെ സുജൂദിനെപ്പറ്റി സൂറ: മർയം 58 ന്റെ വിവരണത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ സൂറത്തിൽ രണ്ട് സ്ഥലത്ത് സുജൂദ് ചെയ്യേണ്ടതുള്ളതായി ഹദീഥുകളിൽ *(*)* വന്നിട്ടുണ്ട്. രണ്ടാമത്തെ സ്ഥലം 77-ാം വചനത്തിലാകുന്നു.

ജാതിവർഗ വ്യത്യാസമില്ലാതെ, എല്ലാവർക്കിടയിലും ക്വിയാമത്ത് നാളിൽ അല്ലാഹു തീരുമാനം കൽപിക്കുമെന്നും, അവൻ എല്ലാകാര്യവും കണ്ടറിയുന്നുണ്ടെന്നും മുൻ ആയത്തിൽ പറഞ്ഞുവല്ലോ. അതിന് ഒരു തെളിവാണ് ഇവിടെ കാണിക്കുന്നത്. ജീവി, നിർജ്ജീവി, വിശേഷബുദ്ധിയുള്ളത്, ഇല്ലാത്തത്, ചെറിയത്, വലിയത് എന്നീ വ്യത്യാസങ്ങളോ, ജഡവസ്തു, ആത്മീയവസ്തു, ഭൂലോകവസ്തു എന്നിങ്ങനെയുള്ള വ്യത്യാ

(*)رواه احمد وابوداود والترمذى وغيرهم روايات يشد بعضها بعضا كما فى ابن كثير وغيره

സങ്ങളോ കൂടാതെ, സകലവസ്തുക്കളും അല്ലാഹുവിന് സുജൂദ് ചെയ്യുന്നവയാണ്. ഓരോന്നും, അതതിൽനിന്ന് അവൻ ഉദ്ദേശിക്കുന്ന പ്രകാരം അവന്റെ സർവ്വനിയമത്തിനും, ചട്ടത്തിനും തികച്ചും വിധേയമാണ്. അതിൽനിന്ന് അൽപംപോലും പതറുവാൻ അവയ്ക്ക് സാധ്യമല്ല. എന്നിരിക്കെ, ക്വിയാമത്തുനാളിൽ മനുഷ്യവർഗങ്ങൾക്കിടയിൽ തീരുമാനമെടുക്കുന്നതിൽ അവന് എന്താണ് പ്രയാസമുള്ളത്?! ഒന്നുമില്ല.

അല്ലാഹുവിന്റെ ഭരണ വ്യവസ്ഥയും, ഓരോ വസ്തുവിനും അവൻ നിശ്ചയിച്ചുവെച്ചിട്ടുള്ള പ്രകൃതിനിയമവും അനുസരിക്കുക. അതിന് പൂർണവിധേയമായി നിലകൊള്ളുക, എന്നീ അർത്ഥത്തിലുള്ള സുജൂദിന്ന് (തലകുനിക്കലിന്) മേൽപറഞ്ഞ എല്ലാ വസ്തുക്കളും വിധേയരാകുന്നു. യാതൊന്നും ഇതിൽനിന്ന് ഒഴിവാകുന്നില്ല. ഓരോന്നിന്റെയും സുജൂദ് എപ്രകാരം പ്രകടമാകുമെന്ന് തിട്ടപ്പെടുത്തുവാൻ നമുക്ക് കഴിവില്ല. അവയുടെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന്നേ അതറിയുകയുള്ളൂ. സൂറ: അൻബിയാഉ് 79 ന്റെ വിവരണത്തിൽ മലകളുടെയും, പറവകളുടെയും തസ്ബീഹിനെപ്പറ്റി പറഞ്ഞ സംഗതികൾ ഇവിടെയും സ്മരണീയമാകുന്നു.

എന്നാൽ, വിശേഷബുദ്ധിയുള്ളവരോട്- മനുഷ്യരോട് വിശേഷിച്ചും- മേൽപറഞ്ഞ അനുസരണമാകുന്ന സുജൂദിന് പുറമെ, കീഴ്വണക്കത്തിന്റെ- അഥവാ ആരാധനയുടെ- സുജൂദ് കൂടി കൽപിക്കപ്പെട്ടിട്ടുണ്ട്. അവർ അതിന് കടമപ്പെട്ടവരാകുന്നു. ഈ സുജൂദിന്റെ നിർവ്വഹണത്തിൽ മനുഷ്യന് താൽക്കാലികസ്വാതന്ത്ര്യം (الاختيار) അനുവദിക്കപ്പെട്ടിരിക്കുകയാണ്. അത് നിർവ്വഹിക്കുവാനും, നിർവ്വഹിക്കാതിരിക്കുവാനും അവന് സാധിക്കുന്നു. ഈ കൽപന അനുസരിച്ച് സുജൂദ് ചെയ്യുന്നവർതന്നെ രണ്ടുതരക്കാരായിക്കാണാം: പ്രത്യക്ഷത്തിൽ അനുസരിക്കുന്നവരും യഥാർത്ഥത്തിൽ അനുസരിക്കുന്നവരും. അല്ലാഹുവിന് പുറമെ മറ്റ് വല്ലതിനെയും അതിൽ ഏതെങ്കിലും വിധേന പങ്കുചേർക്കുന്നവർ പ്രത്യക്ഷത്തിൽമാത്രം സുജൂദ് ചെയ്യുന്നവരും, അല്ലാത്തവർ യഥാർത്ഥത്തിൽ സുജൂദ് ചെയ്യുന്നവരുമാകുന്നു. 'മനുഷ്യരിൽ വളരെ ആളുകളും' (وَكَثِيرٌ مِّنَ النَّاسِ) എന്ന് പറഞ്ഞതിൽ ഇവരെല്ലാം ഉൾപ്പെടുന്നു. തീരെ സുജൂദ് ചെയ്യാത്തവരും, കാപട്യത്തോടും ശിർക്കോടുംകൂടി സുജൂദ് ചെയ്യുന്നവരും ശിക്ഷക്ക് വിധേയരാണ്. ഇവരെക്കുറിച്ചാണ് وَكَثِيرٌ حَقَّ عَلَيْهِ الْعَذَابُ (വളരെ ആളുകളാകട്ടെ അവരിൽ ശിക്ഷ സ്ഥിരപ്പെട്ടിരിക്കുന്നു) എന്ന് പറഞ്ഞത്. എന്നാൽ, പ്രകൃതിനിയമം അനുസരിക്കുക എന്ന അർത്ഥത്തിലുള്ള സുജൂദിൽനിന്ന് ഇവരാകട്ടെ, മറ്റാരെങ്കിലുമാകട്ടെ ഒഴിവാകുന്നില്ല.

وَكَثِيرٌ حَقَّ عَلَيْهِ الْعَذَابُ എന്ന വാക്യം ഒരു സ്വതന്ത്ര വാക്യമായിട്ടാണല്ലോ നാം വായിച്ചത്. അത് മേൽപറഞ്ഞ വാക്യത്തോട് കൂട്ടിച്ചേർത്തുകൊണ്ടും (عطف സഹിതവും) അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ അതിന് 'ശിക്ഷ സ്ഥിരപ്പെട്ടിരിക്കുന്ന വളരെ ആളുകളും (സുജൂദ് ചെയ്യുന്നു).' എന്ന് അർത്ഥമായിരിക്കാം. ഇതനുസരിച്ച് സാക്ഷാൽ ആരാധനയുടെ സുജൂദ് ചെയ്യാൻ കൂട്ടാക്കാത്തവരായിരിക്കും അതുകൊണ്ടുദ്ദേശ്യം. അതിന്റെ പേരിലാണവർ ശിക്ഷക്കർഹരായിരിക്കുന്നതും. എന്നല്ലാതെ- ചിലർ ധരിച്ചതുപോലെ- പ്രകൃതി നിയമങ്ങൾ ലംഘിക്കുന്നതുമൂലമുള്ള ശിക്ഷയല്ല ഇവിടെ ഉദ്ദേശ്യം. അടുത്ത ആയത്ത് നോക്കുക.

അല്ലാഹുവിന്റെ കൽപന അനുസരിക്കാതെ, അവന്റെ മുമ്പിൽ തലകുനിക്കാതെ

ആരുണ്ടോ, അവൻ നിന്ദ്യനും, നികൃഷ്ടനുമാണ്. അല്ലാഹുവിൽനിന്ന് നിന്ദ്യതയുടെ മുദ്ര അടിക്കപ്പെട്ടിട്ടുള്ളവനെ ഒരു കാലത്തും ഉന്നതിയിലേക്കും, മാന്യതയിലേക്കും കൊണ്ടുവരുക ആരാലും സാധ്യമല്ല. നിന്ദ്യതക്കും മാന്യതക്കും പാത്രമാകുന്ന വിഭാഗക്കാർ ആരായിരിക്കുമെന്ന് അടുത്ത ആയത്തുകളിൽ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

۞ هَٰذَانِ خَصۡمَانِ ٱخۡتَصَمُواْ فِي رَبِّهِمۡۖ فَٱلَّذِينَ كَفَرُواْ قُطِّعَتۡ لَهُمۡ ثِيَابٞ مِّن نَّارٖ يُصَبُّ مِن فَوۡقِ رُءُوسِهِمُ ٱلۡحَمِيمُ ﴿١٩﴾

﴾19﴿ ഈ രണ്ടുകൂട്ടർ, തങ്ങളുടെ റബ്ബിന്റെ കാര്യത്തിൽ (പരസ്പരം) എതിർവാദം ചെയ്തുവന്ന രണ്ട് കക്ഷികളത്രെ; എന്നാൽ, (അവരിൽ) യാതൊരു കൂട്ടർ അവിശ്വസിച്ചുവോ അവർക്ക് അഗ്നിയുടെ വസ്ത്രങ്ങൾ മുറിച്ചുകൊടുക്കപ്പെടുന്നതാണ്.

അവരുടെ തലക്കുമീതെ ചുട്ടുതിളക്കുന്ന വെള്ളം ചൊരിയപ്പെടും!

يُصۡهَرُ بِهِۦ مَا فِي بُطُونِهِمۡ وَٱلۡجُلُودُ ﴿٢٠﴾

﴾20﴿ അതുമൂലം, അവരുടെ വയറുകളിലുള്ളതും, തൊലികളും ഉരുക്കപ്പെടുന്നതാണ്.

وَلَهُم مَّقَٰمِعُ مِنۡ حَدِيدٖ ﴿٢١﴾

﴾21﴿ അവർക്ക് ഇരുമ്പിന്റെ ദണ്ഡുകളുമുണ്ട്.

كُلَّمَآ أَرَادُوٓاْ أَن يَخۡرُجُواْ مِنۡهَا مِنۡ غَمٍّ أُعِيدُواْ فِيهَا وَذُوقُواْ عَذَابَ ٱلۡحَرِيقِ ﴿٢٢﴾

﴾22﴿ ദുഃഖത്താൽ (പൊറുതിമുട്ടി) അതിൽനിന്ന് പുറത്തുപോകുവാൻ അവർ ഉദ്ദേശിക്കുമ്പോഴെല്ലാം, അതിലേക്ക്തന്നെ അവർ മടക്കപ്പെടുന്നതാകുന്നു. 'വെന്തുകരിയുന്ന ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ' (എന്ന് പറയപ്പെടുകയും ചെയ്യും)!

﴾19﴿ هَٰذَانِ ഇത് രണ്ടും, ഈ രണ്ട് കൂട്ടർ خَصۡمَانِ രണ്ട് (എതിർ) കക്ഷികളാണ് ٱخۡتَصَمُواْ അവർ എതിർവാദം ചെയ്തു, പിണങ്ങി, തർക്കം നടത്തി فِي رَبِّهِمۡ തങ്ങളുടെ റബ്ബിൽ, റബ്ബിന്റെ കാര്യത്തിൽ فَٱلَّذِينَ كَفَرُواْ എന്നാൽ അവിശ്വസിച്ച കൂട്ടർ قُطِّعَتۡ لَهُمۡ അവർക്ക് മുറിച്ചുകൊടുക്കപ്പെടും ثِيَابٞ വസ്ത്രങ്ങൾ مِّن نَّارٖ തീയിനാൽ, അഗ്നിയുടെ يُصَبُّ ചൊരിയപ്പെടും, ഒഴുക്കപ്പെടും مِن فَوۡقِ മുകളിൽകൂടി رُءُوسِهِمُ അവരുടെ തലകളുടെ ٱلۡحَمِيمُ ചുട്ടുതിളക്കുന്ന വെള്ളം ﴾20﴿ يُصۡهَرُ ഉരുക്കപ്പെടും بِهِۦ അത് മൂലം, അതി

وَلَهُمْ ﴿21﴾ നാൽ مَا فِي بُطُونِهِمْ അവരുടെ വയറുകളിലുള്ളത് وَالْجُلُودُ തൊലികളും
﴿22﴾ അവർക്കുണ്ട് مَقَامِعُ ദണ്ഡുകൾ (കൊണ്ടുള്ള ശിക്ഷ) مِنْ حَدِيدٍ ഇരുമ്പിന്റെ
كُلَّمَا أَرَادُوا അവർ ഉദ്ദേശിക്കുമ്പോഴെല്ലാം أَنْ يَخْرُجُوا അവർ പുറത്ത് പേകുവാൻ مِنْهَا
അതിൽനിന്ന് مِنْ غَمٍّ ദുഃഖത്താൽ أُعِيدُوا അവർ മടക്കപ്പെടും فِيهَا അതിൽ, അതിലേക്ക്
وَذُوقُوا നിങ്ങൾ ആസ്വദിക്കുവിൻ, അനുഭവിക്കുവിൻ عَذَابَ الْحَرِيقِ വെന്തുകരിയുന്ന
ശിക്ഷ

മതത്തിന്റെയും, ജാതിവർഗങ്ങളുടെയും പേരിൽ മനുഷ്യർ എത്ര കക്ഷികളെങ്കിലും ആയിക്കൊള്ളട്ടെ, വാസ്തവത്തിൽ അവർ രണ്ട് കക്ഷികൾ മാത്രമാണ്. അനുസരണ ത്തിന്റെ മാർഗത്തിലൂടെ, മാന്യതയുടെ താവളത്തിൽ എത്തിച്ചേരുന്ന ഒരു കക്ഷി, നിഷേ ധത്തിന്റെ മാർഗത്തിലൂടെ നിന്ദ്യതയുടെ താവളത്തിൽ ചെന്നുചേരുന്ന മറ്റൊരു കക്ഷി. രണ്ടാമത്തേതിനെപ്പറ്റിയാണ് ഇവിടെ പ്രസ്താവിച്ചത്. ഒന്നാമത്തേതിനെക്കുറിച്ച് അടുത്ത വചനങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്.

خصمان (രണ്ടുകക്ഷികൾ എന്ന് പറഞ്ഞത് വേദക്കാരും, മുസ്‌ലിംകളുമാണെന്നും, ബദ്ർ യുദ്ധത്തിൽ സത്യവിശ്വാസികളുടെ ഭാഗത്ത് ദ്വന്ദ്വയുദ്ധം നടത്തിയ ഹംസ: (റ), അലി (റ), ഉബൈദ: (റ) എന്നിവരും, അവരുടെ എതിരിൽ മുന്നോട്ടുവന്ന ഉത്ബഃ, ശൈബഃ , വലീദ് എന്നിവരുമാണെന്നും പല സ്വഹാബികളിൽനിന്നും ബലപ്പെട്ട നിവേദനങ്ങൾ (രിവായത്തുകൾ) വന്നിട്ടുണ്ട്. വേറെയും ചില അഭിപ്രായങ്ങൾ കാണാം. മുൻഗാമിക ളായ മുഫസ്സിറുകളിൽ പ്രമുഖനായ ഇബ്നുജരീർ അവയെല്ലാം ഉദ്ധരിച്ചശേഷം, നാം ആദ്യം സൂചിപ്പിച്ചപ്രകാരമാണ് സ്വീകരിച്ചിട്ടുള്ളത്. അദ്ദേഹം ഇവിടെ പ്രസ്താവിച്ച തിൽനിന്ന് ചില പ്രധാന സംഗതികൾ മനസ്സിലാക്കുവാനുള്ളത് കൊണ്ട് അതിന്റെ ചുരുക്കം ഇവിടെ ഉദ്ധരിക്കാം. അദ്ദേഹം പറയുന്നു:-

'ഈ അഭിപ്രായങ്ങളിൽവെച്ച് എന്റെ അടുക്കൽ, വാസ്തവത്തോടും, ആയത്തിന്റെ വ്യാഖ്യാനത്തോടും കൂടുതൽ യോജിച്ചത്: എല്ലാ തരക്കാരും അടങ്ങുന്ന അവിശ്വാസി കളും, സത്യവിശ്വാസികളുമാണ് ആ രണ്ട് കക്ഷികൾ എന്നുള്ളതാകുന്നു. ഇങ്ങനെ പറയുവാൻ കാരണം: അല്ലാഹു ഇതിനുമുമ്പ് രണ്ടുതരക്കാരെപ്പറ്റി പറഞ്ഞിരിക്കുന്നു. അതായത്, അല്ലാഹുവിനെ അനുസരിച്ച് സുജൂദ് ചെയ്യുന്നവരും, 'ശിക്ഷാർഹരായ അനു സരണമില്ലാത്തവരും, തുടർന്നുകൊണ്ട് ഓരോരുത്തരുടെയും സ്ഥിതിഗതിയും വിവരി ച്ചു. അപ്പോൾ നമുക്ക് മനസ്സിലാക്കാം: ഈ രണ്ട് കക്ഷികൾ അവരാണെന്ന്. എന്നാൽ, ഇത് ബദ്ർ യുദ്ധത്തിൽ ദ്വന്ദ്വയുദ്ധം നടത്തിയവരാണെന്ന അഭിപ്രായത്തെപ്പറ്റി (അ താണ് കൂടുതൽ ബലപ്പെട്ട രിവായത്ത്) താനെന്ത് പറയുന്നുവെന്ന് വല്ലവരും ചോദി ച്ചാൽ ഇങ്ങനെ പറയാം: ശരി, അതങ്ങിനെത്തന്നെ. പക്ഷേ, ഏതെങ്കിലും ഒരു പ്രത്യേക കാരണത്തെത്തുടർന്ന് ആയത്ത് അവതരിച്ചെന്നുവരും. (അത് അതിലേക്ക് മാത്രം ബാധ കമാണെന്ന് അതിനർത്ഥമില്ല). അത് പോലെയുള്ള എല്ലാ സംഗതിയിലേക്കും അത് പൊതുവിൽ ബാധകവുമായിരിക്കും. ഇതാ, ഇവിടെയും തന്നെ, ദ്വന്ദ്വയുദ്ധം നടത്തിയ വരിൽ ഒരു കക്ഷി 'കുഫ്റി'ന്റെയും, 'ശിർക്കി'ന്റെയും കക്ഷിയാണ്. മറ്റേത് 'ഈമാനി'ന്റെയും അനുസരണത്തിന്റെയും കക്ഷിയുമാണല്ലോ. അപ്പോൾ ആയത്തിന്റെ വ്യാഖ്യാനം ഇങ്ങനെ വരുന്നു: 'റബ്ബിന്റെ കാര്യത്തിൽ അഥവാ റബ്ബിന്റെ മതത്തിൽ പര സ്പരം എതിർവാദം ചെയ്യുന്ന രണ്ട് കക്ഷികളാണിത്....' (تفسير ابن جرير – رح)

ഏതെങ്കിലും ഒരു വിഷയത്തിലോ, ഒരു വിഷയത്തെത്തുടർന്നോ അവതരിക്കുന്ന ആയത്ത്, അത് പോലെയുള്ള എല്ലാ സംഭവത്തിലേക്കും ബാധകമാണെന്ന ഈ തത്വം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. ഖുർആൻ വ്യാഖ്യാനത്തിൽ ഇത് ഒരു അംഗീകൃത തത്വമത്രെ. അടുത്ത ആയത്തിൽ മറ്റേ കക്ഷിയെപ്പറ്റി വിവരിക്കുന്നു:-

വിഭാഗം - 3

إِنَّ ٱللَّهَ يُدْخِلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِن ذَهَبٍ وَلُؤْلُؤًا ۖ وَلِبَاسُهُمْ فِيهَا حَرِيرٌ ﴿٢٣﴾

﴿23﴾ **നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അല്ലാഹു, താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ പ്രവേശിപ്പിക്കുന്നതാകുന്നു. അവർക്ക് അവിടെ സ്വർണത്തിന്റെ വളകളും, മുത്തും അണിയിക്കപ്പെടും; അതിൽ അവരുടെ വസ്ത്രം പട്ടുമാണ്.**

وَهُدُوٓا۟ إِلَى ٱلطَّيِّبِ مِنَ ٱلْقَوْلِ وَهُدُوٓا۟ إِلَىٰ صِرَٰطِ ٱلْحَمِيدِ ﴿٢٤﴾

﴿24﴾ **വാക്കിൽ [സംസാരത്തിൽ]വെച്ച് പരിശുദ്ധമായ [നല്ല]തിലേക്ക് അവർക്ക് മാർഗദർശനം ചെയ്യപ്പെട്ടിരിക്കുകയാണ്; സ്തുത്യർഹനായുള്ളവന്റെ [അല്ലാഹുവിന്റെ] പാതയിലേക്കും അവർക്ക് മാർഗദർശനം നൽകപ്പെട്ടിരിക്കുന്നു.**

﴿23﴾ إِنَّ اللهَ നിശ്ചയമായും അല്ലാഹു يُدْخِلُ പ്രവേശിപ്പിക്കുന്നു | الَّذِينَ آمَنُوا വിശ്വസിച്ചവരെ وَعَمِلُوا | الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത جَنَّاتٍ സ്വർഗങ്ങളിൽ تَجْرِي ഒഴുകിക്കൊണ്ടിരിക്കുന്നു, നടന്നുകൊണ്ടിരിക്കുന്നു مِن تَحْتِهَا അതിന്റെ അടിഭാഗത്ത് കൂടി الْأَنْهَارُ നദികൾ, അരുവികൾ يُحَلَّوْنَ അവർക്ക് ധരിപ്പിക്കപ്പെടും, അണിയിക്കപ്പെടും فِيهَا അതിൽ مِنْ أَسَاوِرَ വളകൾ مِن ذَهَبٍ പൊന്നിന്റെ | وَلُؤْلُؤًا മുത്തും وَلِبَاسُهُمْ അവരുടെ വസ്ത്രം فِيهَا അതിൽ, അവിടത്തിൽ حَرِيرٌ പട്ടാണ് ﴿24﴾ وَهُدُوا | അവർക്ക് മാർഗദർശനം ചെയ്യപ്പെട്ടിരിക്കുന്നു إِلَى الطَّيِّبِ നല്ലതിലേക്ക്, പരിശുദ്ധമായതിലേക്ക് مِنَ الْقَوْلِ വാക്കിൽ (സംസാരത്തിൽ) നിന്ന് | وَهُدُوا അവർക്ക് മാർഗദർശനം നൽകപ്പെടുകയും ചെയ്തിരിക്കുന്നു إِلَى صِرَاطِ പാതയിലേക്ക്, മാർഗത്തിലേക്കുള്ള الْحَمِيدِ സ്തുത്യർഹനായുള്ളവന്റെ

തൗഹീദിന്റെ വാക്യം തുടങ്ങിയ ഉത്തമവും പരിശുദ്ധവുമായ വാക്കുകൾ സംസാരി

ക്കുവാനും, അല്ലാഹു നിർദ്ദേശിച്ച സത്യമാർഗത്തിൽ ചരിക്കുവാനുമുള്ള മാർഗദർശന വും, ഭാഗ്യവും സിദ്ധിച്ചവരാണവർ. അതുകൊണ്ടാണ് അവർക്ക് ഇത്രയും മാന്യമായ പ്രതിഫലങ്ങൾ ലഭിച്ചത്.

إِنَّ ٱلَّذِينَ كَفَرُواْ وَيَصُدُّونَ عَن سَبِيلِ ٱللَّهِ وَٱلْمَسْجِدِ ٱلْحَرَامِ ٱلَّذِى جَعَلْنَٰهُ لِلنَّاسِ سَوَآءً ٱلْعَٰكِفُ فِيهِ وَٱلْبَادِ

وَمَن يُرِدْ فِيهِ بِإِلْحَادٍۭ بِظُلْمٍ نُّذِقْهُ مِنْ عَذَابٍ أَلِيمٍ ﴿٢٥﴾

﴿25﴾ നിശ്ചയമായും, അവിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും നാം മനുഷ്യർക്കായി- താമസമുറപ്പിച്ചവരും വെളിപ്രദേശത്തുനിന്ന് വരുന്നവരും സമമായിക്കൊണ്ട്- ഏർപ്പെടുത്തിയിട്ടുള്ള മസ്ജിദുൽ ഹറാമിൽ [പവിത്രമായ പള്ളിയിൽ] നിന്നും (ജനങ്ങളെ) തടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നവർ! (അവർ കരുതിക്കൊള്ളട്ടെ!)

വല്ലവനും, അതിൽ അന്യായമായി ധർമവിരോധം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പക്ഷം, വേദനയേറിയ ശിക്ഷ നാം അവനെ ആസ്വദിപ്പിക്കുന്നതാണ്.

﴾25﴿ إِنَّ الَّذِينَ كَفَرُوا നിശ്ചയമായും അവിശ്വസിച്ചവർ وَيَصُدُّونَ തടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന(വർ) عَن سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് وَالْمَسْجِدِ الْحَرَامِ പരിപാവനമായ പള്ളിയിൽ നിന്നും الَّذِي യാതൊരു (പള്ളി) جَعَلْنَاهُ നാമതിനെ ആക്കിയിരിക്കുന്നു, ഏർപ്പെടുത്തിയിരിക്കുന്നു لِلنَّاسِ മനുഷ്യർക്ക് വേണ്ടി سَوَاءً സമമായിക്കൊണ്ട് الْعَاكِفُ താമസമുറപ്പിച്ചവൻ, സ്ഥിരവാസി فِيهِ അതിൽ وَالْبَادِ വെളിപ്രദേശത്തുനിന്ന് വരുന്നവനും وَمَن يُرِدْ വല്ലവനും ഉദ്ദേശിക്കുന്നതായാൽ فِيهِ അതിൽ بِإِلْحَادٍ ധർമവിരോധത്തെ, മതവിരോധത്തെ, മതദ്രോഹത്തെ بِظُلْمٍ അന്യായമായി, വല്ല അക്രമത്താലും نُذِقْهُ അവനെ നാം ആസ്വദിപ്പിക്കും, അനുഭവിപ്പിക്കും مِنْ عَذَابٍ ശിക്ഷയിൽ നിന്ന് أَلِيمٍ വേദനയേറിയ

സ്വദേശവിദേശ വ്യത്യാസമില്ലാതെ, പൊതുവിൽ എല്ലാ മനുഷ്യരും അല്ലാഹുവിന് ആരാധനാകർമങ്ങൾ നടത്തുവാനായി ഭൂമിയിൽ ആദ്യം നിർമിക്കപ്പെട്ട വിശുദ്ധ ദേവാലയമായ 'കഅ്ബഃയും, പരിസരവുമാണ് 'മസ്ജിദുൽ ഹറാം' കൊണ്ട് ഉദ്ദേശ്യം. അലംഘ്യമായ അഥവാ, പരിപാവനമായ- പള്ളി എന്ന് ഈ വാക്കിന് അർത്ഥം പറയാം. ജനങ്ങൾ ഇസ്‌ലാമിനെ അംഗീകരിക്കുന്നതും, സത്യവിശ്വാസികൾ 'ഹജ്ജ്', 'ഉംറഃ' മുതലായ കർമങ്ങൾക്കായി 'ഹറമി'ൽ പ്രവേശിക്കുന്നതും കഴിയുന്നത്ര ശക്തി ഉപയോഗിച്ച് തടഞ്ഞുവന്നിരുന്ന മുശ്‌രിക്കുകൾക്ക് ഒരു താക്കീതാണിത്. ആ പുണ്യസ്ഥലത്തെ ക്രമവിരുദ്ധമായും ധർമ വിരുദ്ധമായും അനാദരിക്കുന്ന എല്ലാവർക്കും ഇത് ബാധകമാ

കുന്നു. ഈ താക്കീതിന്റെ ഗൗരവത്തിനുള്ള കാരണം താഴെ ആയത്തുകളിൽനിന്ന് ഗ്രഹിക്കാം.

വിഭാഗം - 4

وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾

﴾26﴿ ഇബ്റാഹീമിന് നാം 'പുണ്യാലയത്തിന്റെ [കഅ്ബഃയുടെ] സ്ഥാനം ഉറപ്പിച്ചുകൊടുത്ത സന്ദർഭം (ഓർക്കുക); 'യാതൊരു വസ്തുവെയും എന്നോട് പങ്കുചേർക്കരുത്; 'ത്വവാഫ്' [പ്രദക്ഷിണം] ചെയ്യുന്നവർക്കും, നിന്നുകൊണ്ട് (ആരാധന) നടത്തുന്നവർക്കും, 'റുകൂഉ്- സുജൂദി'ലായി [സാഷ്ടാംഗം കുമ്പിട്ടു ആരാധന] നടത്തുന്നവർക്കും വേണ്ടി എന്റെ ആലയത്തെ ശുദ്ധമാക്കുകയും ചെയ്യുക!' എന്ന് (നാം പറഞ്ഞു).

﴾26﴿ وَإِذْبَوَّأْنَا നാം ഉറപ്പിച്ചു (നിശ്ചയിച്ചു) കൊടുത്തസന്ദർഭം, സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം لِإِبْرَاهِيمَ ഇബ്റാഹീമിന് مَكَانَالْبَيْتِ ആ വീട്ടിന്റെ (പുണ്യാലയത്തിന്റെ) സ്ഥാനം أَنْلَاتُشْرِكْ നീ പങ്കുചേർക്കരുതെന്ന് بِي എന്നോട് شَيْئًا ഒരു വസ്തുവെയും وَطَهِّرْ നീ ശുദ്ധമാക്കുകയും ചെയ്യുക بَيْتِيَ എന്റെ ആലയത്തെ (വീട്ടിനെ) لِلطَّائِفِينَ ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് وَالْقَائِمِينَ നിൽക്കുന്നവർക്കും (നിന്ന് ആരാധന നടത്തുന്നവർക്കും) وَالرُّكَّعِ റുകൂഉ് ചെയ്യുന്നവർക്കും (കുമ്പിട്ട് ആരാധന ചെയ്യുന്നവർക്കും) السُّجُودِ സുജൂദ് ചെയ്യുന്ന (സാഷ്ടാംഗം ചെയ്യുന്ന)വരായ

കഅ്ബഃയെ പ്രദക്ഷിണംചെയ്തോ, നിന്നുകൊണ്ടും, റുകൂഉം സുജൂദും ചെയ്തുകൊണ്ടും ആരാധനാ നമസ്കാരങ്ങൾ നടത്തിയോ അല്ലാഹുവിനെ ആരാധിക്കുവാൻവേണ്ടി വരുന്ന ആളുകളുടെ ആവശ്യാർത്ഥം, ബിംബങ്ങൾ മുതലായ മാലിന്യങ്ങളിൽ നിന്ന് കഅ്ബഃയെ ശുദ്ധമാക്കുവാനും തൗഹീദിന് വിരുദ്ധമായ യാതൊന്നും ചെയ്യാതിരിക്കുവാനുമുള്ള നിർദ്ദേശമാണിത്. ഇബ്റാഹീം നബി (അ)യും, ഇസ്മാഈൽ നബി (അ)യും കൂടി കഅ്ബഃ കെട്ടി ഉയർത്തിയതിനെക്കുറിച്ച് സൂ: ബക്വറഃയിലും സൂ: ഇബ്റാഹീമിന്റെ പ്രാരംഭത്തിലും പ്രസ്താവിച്ചിരിക്കുന്നുവല്ലോ.

وَأَذِّن فِى ٱلنَّاسِ بِٱلْحَجِّ يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ

﴾27﴿ 'ഹജ്ജ് കർമത്തിന് (വരുവാൻ) ജനങ്ങളിൽ നീ പ്രഖ്യാപനം ചെയ്യുക: കാൽനടക്കാരായും, ദൂരസ്ഥലമായ സകല മാർഗങ്ങളിൽ കൂടിയും വന്നുകൊണ്ടിരിക്കുന്ന (ക്ഷീണിച്ച്) മെലിഞ്ഞ എല്ലാ വാഹ

مِن كُلِّ فَجٍّ عَمِيقٍ ﴿٢٧﴾

നപ്പുറത്തായും അവർ നിന്റെ അടുക്കൽ [ഈ ആലയത്തിങ്കൽ] വന്നു കൊള്ളുന്നതാണ്.' (എന്ന് നാം പറഞ്ഞു.)

﴾27﴿ وَأَذِّنْ നീ പ്രഖ്യാപനം ചെയ്യുക, അറിയിപ്പ് നൽകുക فِي النَّاسِ മനുഷ്യരിൽ بِالْحَجِّ ഹജ്ജിന്, ഹജ്ജ് കർമം ചെയ്യാൻ يَأْتُوكَ അവർ നിന്റെ അടുക്കൽ വന്നുകൊള്ളും رِجَالًا കാൽനടക്കാരായി وَعَلَىٰ كُلِّ ضَامِرٍ എല്ലാ മെലിഞ്ഞ വാഹനപ്പുറത്തും, മെലിഞ്ഞ ഒട്ടകപ്പുറത്തും يَأْتِينَ വരുന്ന, അവ വരും مِن كُلِّ فَجٍّ എല്ലാ മാർഗത്തിൽകൂടിയും, എല്ലാ മലവഴിയിൽകൂടിയും عَمِيقٍ ദൂരസ്ഥലമായ

വിശുദ്ധ കഅ്ബാലയം കെട്ടിക്കഴിഞ്ഞശേഷം, ഹജ്ജ് കർമത്തിന് വന്നുകൊള്ളുവാൻ ജനങ്ങളിൽ പ്രഖ്യാപനം ചെയ്യണമെന്ന് അല്ലാഹു ഇബ്റാഹീം നബി (അ)യോട് കൽപിക്കുകയാണ് ചെയ്യുന്നത്. ഈ കൽപന കിട്ടിയപ്പോൾ 'എന്റെ ശബ്ദം എവിടെ എത്തുവാനാണ്?' എന്ന് അദ്ദേഹം പറയുകയുണ്ടായി. 'വിളിച്ചു പ്രഖ്യാപിച്ചുകൊള്ളുക! വിളി എത്തിക്കുന്നത് എന്റെ ബാധ്യതയാണ്' എന്ന് അല്ലാഹു മറുപടി നൽകി. അതനുസരിച്ച് അദ്ദേഹം കൽപന പ്രഖ്യാപനം ചെയ്തു. അല്ലാഹു ഉദ്ദേശിച്ചവരെല്ലാം ഈ ക്ഷണം സ്വീകരിച്ചുകൊണ്ടാണ് ഹജ്ജ് കർമത്തിന് വരുന്നത്. ഇപ്രകാരം, ഇബ്നുഅബ്ബാസ് (റ), മുജാഹിദ് (റ), ഇക്രിമഃ (റ), സഈദുബ്നുജുബൈർ (റ) മുതലായവരിൽനിന്ന് നിവേദനങ്ങൾ വന്നിട്ടുണ്ട്. ലോകത്തിന്റെ നാനാഭാഗത്ത് നിന്നും വിവിധ മാർഗേണ എത്രയോ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുകൊണ്ട് കൊല്ലംതോറും ലക്ഷക്കണക്കായ അടിയാൻമാർ ഇന്നുവരെയും ആ വിളിക്ക് ഉത്തരം നൽകിവരുന്നു. الحمد لله

ഇബ്റാഹീം നബി (അ) സ്ഥാപിച്ച ആ കെട്ടിടമല്ല, ഇന്ന് നിലവിലുള്ളത്. നബി തിരുമേനിﷺയുടെ കാലത്തുണ്ടായ ഒരു മലവെള്ളം നിമിത്തം അതിന് കേടുപാടുകൾ ബാധിക്കുകയും, ക്വുറൈശികൾ അത് പൊളിച്ചു പണിയുകയും ഉണ്ടായി. അന്ന് നബിﷺക്ക് 35 വയസ്സ് പ്രായമായിരുന്നു. പിന്നീട് യസീദിന്റെ ഖിലാഫത്ത് കാലത്ത് അബ്ദുല്ലാഹിബ്നു സുബൈറു (റ)മായുണ്ടായ യുദ്ധത്തിൽ അതിന് വീണ്ടും പരുക്കുകൾ പറ്റുകയും, ഇബ്നു സുബൈർ കെട്ടിടം പുതുക്കിയുണ്ടാക്കുകയും ചെയ്തു. അധികം താമസിയാതെ, വീണ്ടും അദ്ദേഹവും ഹജ്ജാജുമായുണ്ടായ മറ്റൊരു യുദ്ധത്തിൽ പിണഞ്ഞ കേടുപാടുകൾ നിമിത്തം ഹജ്ജാജ് അത് വീണ്ടും പുതുക്കിപ്പണിതു. ഇത് ഹിജറഃ 74 ൽ ആയിരുന്നു. അന്നത്തെ കെട്ടിടമാണ് ഇന്നും നിലവിലുള്ളത്. എന്നാൽ, ഇബ്റാഹീം നബിക്ക് മുമ്പ് അത് സ്ഥാപിക്കപ്പെട്ടിട്ടുണ്ടായിരുന്നുവോ ഇല്ലേ– അഥവാ, ജീർണിച്ചുപോയ ഒരു പ്രാചീന കെട്ടിടം അദ്ദേഹം പുനഃസ്ഥാപിച്ചതാണോ, അതോ മുമ്പൊന്നുമില്ലാത്ത ഒരു പുതിയകെട്ടിടം അദ്ദേഹം സ്ഥാപിച്ചതാണോ– എന്ന് തീർത്തുപറയുവാൻ മതിയായ തെളിവുകളില്ല. അദ്ദേഹത്തിന് മുമ്പ് തന്നെ അത് നിലവിലുണ്ടായിരുന്നുവെന്നും, ആദ്യമായി സ്ഥാപിച്ചത് മലക്കുകളോ, ആദം നബി (അ)യോ ആയിരുന്നുവെന്നും ചില അഭിപ്രായങ്ങൾ പലരിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ക്വുർആന്റെ ചില പ്രസ്താവനകൾ നോക്കുമ്പോൾ ഇബ്റാഹീം നബി (അ)യുടെ മുമ്പ് തന്നെ കഅ്ബഃ കെട്ടിടം ഉണ്ടായിരുന്നതായി തോന്നിയേക്കുകയും ചെയ്യും. വാസ്തവം അല്ലാഹുവിനറിയാം. ഹജ്ജിനുവേണ്ടി ജനങ്ങളെ ക്ഷണിച്ചതിലുള്ള ഉദ്ദേശ്യം എന്താണെന്ന് അടുത്ത ആയത്തുകളിൽ അല്ലാഹു വിവരിക്കുന്നു:–

لِّيَشْهَدُوا۟ مَنَـٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَـٰتٍ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَـٰمِ ۖ فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْبَآئِسَ ٱلْفَقِيرَ ﴿٢٨﴾

《28》 അവർക്ക് പ്രയോജനകരമായ കാര്യങ്ങളിൽ അവർ സന്നിഹിതരാകുവാനും, ചില നിശ്ചിത ദിവസങ്ങളിൽ- തങ്ങൾക്ക് നൽകിയിരിക്കുന്ന കന്നുകാലി മൃഗങ്ങളുടെമേൽ (അവയെ അറുത്ത് ബലികഴിക്കുമ്പോൾ)- അല്ലാഹുവിന്റെ നാമം അവർ കീർത്തനം ചെയ്യുവാനും വേണ്ടിയാകുന്നു (അത്). അങ്ങനെ, അവയിൽ [ആ കന്നുകാലികളിൽ] നിന്ന് നിങ്ങൾ തിന്നുകൊള്ളുകയും, ദരിദ്രനായ പരവശന് ഭക്ഷണം നൽകുകയും ചെയ്യുവിൻ.

ثُمَّ لْيَقْضُوا۟ تَفَثَهُمْ وَلْيُوفُوا۟ نُذُورَهُمْ وَلْيَطَّوَّفُوا۟ بِٱلْبَيْتِ ٱلْعَتِيقِ ﴿٢٩﴾

《29》 പിന്നീട്, അവർ തങ്ങളുടെ അഴുക്ക് (നീക്കൽ) നിർവ്വഹിച്ചുകൊള്ളുകയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും, (ആ) പുരാതനാലയത്തെ 'ത്വവാഫ്' [പ്രദക്ഷിണം] ചെയ്കയും ചെയ്തുകൊള്ളട്ടെ.

《28》 لِيَشْهَدُوا അവർ സന്നിഹിതരാകുവാൻ വേണ്ടി مَنَافِعَ പ്രയോജനകരമായ കാര്യങ്ങളിൽ لَهُمْ അവർക്ക് وَيَذْكُرُوا അവർ കീർത്തനം ചെയ്യാനും, പറയുവാനും اسْمَ اللهِ അല്ലാഹുവിന്റെ നാമം فِي أَيَّامٍ ചില ദിവസങ്ങളിൽ مَعْلُومَاتٍ അറിയപ്പെട്ടവയായ, നിശ്ചിത عَلَىٰ مَا رَزَقَهُمْ അവർക്ക് അവൻ നൽകിയതിന്റെ മേൽ مِنْ بَهِيمَةِ الْأَنْعَامِ കന്നുകാലി മൃഗങ്ങളിൽനിന്ന് فَكُلُوا അങ്ങനെ നിങ്ങൾ തിന്നുകൊള്ളുക مِنْهَا അതിൽനിന്ന് وَأَطْعِمُوا നിങ്ങൾ ഭക്ഷണം നൽകുകയും (ഭക്ഷിക്കുവാൻ കൊടുക്കുകയും) ചെയ്യുവിൻ الْبَائِسَ പരവശന്, കഷ്ടപ്പെട്ടവന് الْفَقِيرَ ദരിദ്രനായ 《29》 ثُمَّ പിന്നെ, അനന്തരം لْيَقْضُوا അവർ നിർവ്വഹിക്കട്ടെ تَفَثَهُمْ അവരുടെ അഴുക്ക് (നീക്കൽ) وَلْيُوفُوا അവർ നിറവേറ്റുകയും ചെയ്യട്ടെ نُذُورَهُمْ അവരുടെ നേർച്ചകളെ, വഴിപാടുകളെ وَلْيَطَّوَّفُوا അവർ ത്വവാഫും ചെയ്യട്ടെ بِالْبَيْتِ ആ ആലയത്തെ الْعَتِيقِ പുരാതനമായ, വിമുക്തമായ

مَنَافِعَ لَهُمْ (അവർക്ക് പ്രയോജനകരമായ കാര്യങ്ങൾ) എന്ന് പറഞ്ഞതിൽ ഹജ്ജ് കർമങ്ങൾ, ആ പുണ്യസ്ഥലത്ത് വെച്ച് ചെയ്യുന്ന മറ്റ് ആരാധനാകർമങ്ങൾ എന്നിവക്ക് പുറമെ ഹജ്ജ് കാലത്ത് നടത്തപ്പെടുന്ന കച്ചവടം മുതലായവയും ഉൾപ്പെടുന്നു. أَيَّامٍ مَعْلُومَاتٍ (അറിയപ്പെട്ട ദിവസങ്ങൾ)കൊണ്ട് ഇവിടെ ഉദ്ദേശ്യം, ബലി പെരുന്നാൾ ദിവസവും അതിന്റെ അടുത്ത ദിവസങ്ങളുമാണ്. ദുൽഹിജ്ജ: മാസത്തിലെ ആദ്യത്തെ

പത്തുദിവസമാണെന്നും, ആ മാസം 8, 9, 10 എന്നീ ദിവസങ്ങളാണെന്നും അഭിപ്രായ ങ്ങളുണ്ട്. بَهِيمَةِالأَنْعَامِ(കന്നുകാലി മൃഗങ്ങൾ) എന്നതിന്റെ വിവക്ഷ മേപ്പടി ദിവസങ്ങ ളിൽ ഹജ്ജ് കാലത്ത് ബലിയർപ്പിക്കപ്പെടുന്ന ഒട്ടകം, മാട്, ആട് എന്നീ മൃഗങ്ങളത്രെ ويذكروا اسم الله(അവയുടെ മേൽ അല്ലാഹുവിന്റെ നാമം കീർത്തനം ചെയ്യപ്പെടുക) എന്ന് പറഞ്ഞതിന്റെ താൽപര്യം; അല്ലാഹുവിന്റെ നാമത്തിലും, 'തക്ബീർ' മുഴക്കിക്കൊണ്ടും അവയെ അറുത്ത് ബലികഴിക്കുക എന്നുമാണ്. ബലികർമങ്ങൾ നടത്തുന്നത് വഴി മനു ഷ്യന്റെ ത്യാഗവും, ഭക്തിയും പ്രകടമാക്കുന്നതിന് പുറമെ, അത് കൊണ്ടുളവാകുന്ന മറ്റൊരു പ്രയോജനത്തെയാണ فَكُلُوا مِنْهَا وَأَطْعِمُوا (നിങ്ങൾ അതിൽനിന്ന് തിന്നുക യും, ദരിദ്രനായ പരവശന് ഭക്ഷണം നൽകുകയും ചെയ്യുവിൻ) എന്ന വാക്യം ചൂണ്ടി ക്കാട്ടുന്നത്. ഇസ്‌ലാമിനുമുമ്പ് ബലിമൃഗങ്ങളുടെ മാംസം ഭക്ഷിക്കാറില്ലായിരുന്നുവെന്ന് കാണുന്നു. ആ നിലക്ക് ഇത് ഒരു പുതിയ സാമൂഹ്യസേവനമാർഗവും കൂടിയാകുന്നു.

تفث എന്ന വാക്കിന് 'അഴുക്ക്, മാലിന്യം' എന്നൊക്കെയാണർത്ഥം. മുടിയെടു ക്കൽ, നഖം മുറിക്കൽ, വാസനദ്രവ്യം ഉപയോഗിക്കൽ മുതലായവ ഹജ്ജ് വേളയിൽ വിരോധിക്കപ്പെട്ട കാര്യങ്ങളാണ്. അങ്ങനെയുണ്ടാകുന്ന ജടയും അഴുക്കും ഹജ്ജിന്റെ അവസാനത്തിൽ നീക്കം ചെയ്യേണ്ടതുണ്ട്. അതാണിവിടെ 'പിന്നീട് അഴുക്ക് നീക്കൽ നിർവ്വഹിക്കണം' (ثُمَّ لْيَقْضُوا تَفَثَهُمْ) എന്ന് പ്രസ്താവിച്ചതിന്റെ സാരം. ഇതും ഹജ്ജു കർമങ്ങളിൽ ഉൾപ്പെട്ട കർമമത്രെ. ഹജ്ജിന്റെ കർമങ്ങളെല്ലാം നിർവ്വഹിച്ച് തങ്ങളുടെ കടമ നിറവേറ്റണമെന്നാണ് മൊത്തത്തിൽ ഇപ്പറഞ്ഞതിന്റെ സാരമെന്നും ചിലർ അഭി പ്രായപ്പെട്ടിട്ടുണ്ട്. ഹജ്ജ് കാലത്ത് അവിടെവെച്ച് ചെയ്യാൻ നേർന്നിട്ടുള്ള നേർച്ച വഴി പാടുകളും, അവിടെ നിർവ്വഹിക്കേണ്ടതുള്ള കടമകളും وَلْيُوفُوا نُذُورَهُمْ (തങ്ങളുടെ നേർച്ചകൾ നിറവേറ്റിക്കൊള്ളട്ടെ) എന്ന കൽപ്പനയിൽ ഉൾപ്പെടുന്നു. കഅ്ബ:യുടെ അടു ക്കൽ ചെല്ലുമ്പോൾ പൊതുവായും, ഹജ്ജ് കർമങ്ങളിൽ പ്രത്യേകമായും ചെയ്യാനുള്ള ഒരു പുണ്യകർമമത്രെ 'ത്വവാഫ്' (طواف) അഥവാ കഅ്ബ:യെ പ്രദക്ഷിണം ചെയ്യൽ. ഓരോ പ്രാവശ്യത്തിലും ഏഴുവട്ടം കഅ്ബ:യെ വലം വെക്കേണ്ടതുണ്ട്.

കഅ്ബഃയെ ഉദ്ദേശിച്ചാണ് البيت العتيق (പുരാതനാലയം, അല്ലെങ്കിൽ വിമുക്തമായ ആലയം) എന്ന് പറയുന്നത്. മനുഷ്യർക്ക് പൊതുവിൽ ഒന്നാമതായി ഭൂമിയിൽ സ്ഥാപി ക്കപ്പെട്ട ദേവാലയവും, ഏറ്റവും കാലപ്പഴക്കം ചെന്ന ആരാധനാമന്ദിരവും അതാ യതുകൊണ്ട് ആ പേരിന് അത് തികച്ചും അർഹമായത് തന്നെ. അക്രമികളുടെ അക്രമ ങ്ങളൊന്നും ബാധിക്കാത്ത 'വിമുക്തമായ ആലയം' എന്ന അർത്ഥത്തിലാണ് ആ പേർ സിദ്ധിച്ചിട്ടുള്ളതെന്നും ചില ഹദീഥുകളിൽ വന്നിട്ടുണ്ട്. بيت الله (അല്ലാഹുവിന്റെ വീട്- അല്ലെങ്കിൽ ആലയം) എന്നും,الْمَسْجِدُ الْحَرَام (പരിപാവനമായ പള്ളി) എന്നുംമറ്റും അതി നെപ്പറ്റി പറയാറുണ്ട്. ചിലപ്പോൾ മക്കായെ ഉദ്ദേശിച്ചും, ചിലപ്പോൾ കഅ്ബ:യുടെ ചുറ്റു പാടുമായി നിലകൊള്ളുന്ന പള്ളിയെ ഉദ്ദേശിച്ചും അങ്ങനെ പറയാറുണ്ട്.

ذَٰلِكَ وَمَن يُعَظِّمْ حُرُمَاتِ اللَّهِ

﴾30﴿ അതാണ് (ഹജ്ജിന്റെ വിഷ യം)! ആരെങ്കിലും, അല്ലാഹുവിന്റെ അലംഘ്യ(മായ പരിപാവന) വസ്തു ക്കളെ ബഹുമാനിക്കുന്നതായാൽ,

فَهُوَ خَيْرٌ لَّهُۥ عِندَ رَبِّهِۦ

വയാൽ, വിഗ്രഹങ്ങളാകുന്ന അശുദ്ധിയെ...

അതവന് തന്റെ റബ്ബിന്റെ അടുക്കൽ ഗുണകരമാകുന്നു.

وَأُحِلَّتْ لَكُمُ ٱلْأَنْعَٰمُ إِلَّا مَا يُتْلَىٰ عَلَيْكُمْ ۖ فَٱجْتَنِبُوا۟ ٱلرِّجْسَ مِنَ ٱلْأَوْثَٰنِ وَٱجْتَنِبُوا۟ قَوْلَ ٱلزُّورِ ﴿٣٠﴾

നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴിച്ച്- (എല്ലാ) കന്നുകാലികളും (ആടുമാടൊട്ടകവും) നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, വിഗ്രഹങ്ങളാകുന്ന അശുദ്ധിയെ നിങ്ങൾ വർജ്ജിക്കുവിൻ; കള്ളം പറയലും വർജ്ജിക്കുവിൻ;-

حُنَفَآءَ لِلَّهِ غَيْرَ مُشْرِكِينَ بِهِۦ ۚ وَمَن يُشْرِكْ بِٱللَّهِ فَكَأَنَّمَا خَرَّ مِنَ ٱلسَّمَآءِ فَتَخْطَفُهُ ٱلطَّيْرُ أَوْ تَهْوِى بِهِ ٱلرِّيحُ فِى مَكَانٍ سَحِيقٍ ﴿٣١﴾

《31》 അല്ലാഹുവിന് വേണ്ടി നിഷ്കളങ്കമാനസരായി- അവനോട് (യാതൊന്നിനെയും) പങ്ക് ചേർക്കാത്ത നിലയിൽ (ആയിരിക്കണം). ആരെങ്കിലും, അല്ലാഹുവിനോട് (വല്ലതിനെയും) പങ്ക് ചേർക്കുന്നതായാൽ അവൻ, ആകാശത്ത് നിന്ന് വീണിട്ട് അവനെ പറവകൾ റാഞ്ചിക്കൊണ്ട് പോകുകയോ, ദൂരപ്പെട്ട ഒരു സ്ഥലത്ത് കാറ്റ് കൊണ്ടുപോയിടുകയോ ചെയ്തതുപോലെയായിത്തീരുന്നു! (അത്രയും ആപൽക്കരമാണത്.)

《30》 ذَٰلِكَ അതാണ് وَمَن يُعَظِّمْ ആരെങ്കിലും ബഹുമാനിക്കുന്നതായാൽ حُرُمَاتِ اللهِ അല്ലാഹുവിന്റെ അലംഘ്യവസ്തുക്കളെ, പരിപാവന വസ്തുക്കളെ فَهُوَ എന്നാലത് خَيْرٌ لَّهُ അവന്ന് ഗുണകരമാണ് عِندَ رَبِّهِ തന്റെ റബ്ബിന്റെ അടുക്കൽ وَأُحِلَّتْ അനുവദിക്കപ്പെടുകയും ചെയ്തിരിക്കുന്നു لَكُمُ നിങ്ങൾക്ക് الأَنْعَامُ കന്നുകാലികൾ (ആടുമാടൊട്ടകങ്ങൾ) إِلا مَا يُتْلَىٰ ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴികെ عَلَيْكُمْ നിങ്ങൾക്ക് فَاجْتَنِبُوا ആകയാൽ നിങ്ങൾ വർജ്ജിക്കുവിൻ الرِّجْسَ അശുദ്ധിയെ, മാലിന്യത്തെ مِنَ الأَوْثَانِ വിഗ്രഹങ്ങളാകുന്ന, വിഗ്രഹങ്ങളിൽ നിന്നുള്ള وَاجْتَنِبُوا വർജ്ജിക്കയും ചെയ്യുവിൻ قَوْلَ الزُّورِ കള്ളം പറയുന്നത്, കള്ളവാക്ക് 《31》 حُنَفَاءَ നിഷ്കളങ്കഹൃദയന്മാരായി (നേരായ മനസ്സോടെ) لِلَّهِ അല്ലാഹുവിന് വേണ്ടി غَيْرَ مُشْرِكِينَ പങ്ക് ചേർക്കുന്നവരല്ലാതെ بِهِ അവനോട് وَمَن يُشْرِكْ ആരെങ്കിലും പങ്ക് ചേർക്കുന്നതായാൽ بِاللَّهِ അല്ലാഹുവിനോട് فَكَأَنَّمَا خَرَّ എന്നാൽ അവൻ വീണത് പോലെയായിരിക്കും مِنَ السَّمَاءِ ആകാശത്ത് നിന്ന് فَتَخْطَفُهُ എന്നിട്ടവനെ റാഞ്ചിക്കൊണ്ടുപോകയും الطَّيْرُ പറവകൾ, പക്ഷികൾ

أَوْ تَهْوِي بِهِ അല്ലെങ്കിൽ അവനെ കൊണ്ടുപോയിടുകയും, വീഴ്ത്തുകയും الرِّيحُ കാറ്റ് فِي مَكَانٍ ഒരു സ്ഥലത്ത് سَحِيقٍ ദൂരപ്പെട്ട, ആപൽക്കരമായ

حُرُمَات എന്ന വാക്കിനാണ് 'അലംഘ്യമായ വസ്തുക്കൾ' എന്ന് അർത്ഥം കൽപിച്ചത്. ബഹുമാനിക്കപ്പെടേണ്ടതും, അനാദരിക്കുവാൻ പാടില്ലാത്തതും, പരിപാവനമായതും നിശ്ചയിക്കപ്പെട്ട പരിധി ലംഘിക്കുവാൻ പാടില്ലെന്ന് മുടക്കം ചെയ്യപ്പെട്ടിരിക്കുന്നതുമായ എല്ലാറ്റിനും- അത് കാര്യങ്ങളോ, വസ്തുക്കളോ, സ്ഥലങ്ങളോ ആകട്ടെ- ഈ വാക്കുപയോഗിക്കപ്പെടുന്നു. حُرْمَة (ഹുർമത്ത്) എന്നാണതിന്റെ ഏകവചനം. മലയാള ഭാഷയിൽ ഇതിനോട് ശരിക്കും യോജിക്കുന്ന ഒറ്റവാക്ക് കാണപ്പെടുന്നില്ല. ഇതിന്റെ ധാതുവിൽ നിന്ന്തന്നെ حرم ، محترم ، حرَام ، حرَيم(ഹരീം, ഹറാം, മുഹ്തറം, ഹറം) മുതലായ രൂപങ്ങളും- അൽപാൽപം വ്യത്യസ്തങ്ങളായ അർത്ഥങ്ങളിൽ- സന്ദർഭോചിതം നാമങ്ങളായും, വിശേഷണങ്ങളായും ഉപയോഗിക്കപ്പെടുന്നു. ഇവിടെ ഹജ്ജിന്റെ കർമങ്ങളും, ഓരോന്നിനും നിശ്ചയിക്കപ്പെട്ട സ്ഥാനങ്ങളും ഈ വാക്കിൽ ഉൾപ്പെടുന്നു. പരിപാവന വസ്തുക്കളായി അല്ലാഹു നിശ്ചയിച്ചിട്ടുള്ളതിനെയെല്ലാം ബഹുമാനിക്കുകയെന്നത് അവന്റെ അടുക്കൽ വളരെ പ്രധാനപ്പെട്ട പുണ്യകർമമാണെന്നത്രെ 30-ാം ആയത്തിന്റെ ആദ്യഭാഗം കുറിക്കുന്നത്.

തുടർന്നുകൊണ്ട് ഹജ്ജ് കാര്യങ്ങളോടും, ഖുർആന്റെ അവതരണകാലത്ത് അറബികൾക്കിടയിൽ നടപ്പുണ്ടായിരുന്ന ആചാരങ്ങളോടും ബന്ധപ്പെട്ട ചില കാര്യങ്ങളെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. ആടുമാടൊട്ടകങ്ങൾക്കാണല്ലോ أَنْعَام (കന്നുകാലികൾ) എന്ന് പറയുന്നത്. ഭക്ഷ്യവസ്തുക്കളായും, വാഹനങ്ങളായും, ബലിമൃഗങ്ങളായും ഇസ്‌ലാമിന് മുമ്പും അറബികൾ ഇവയെ ഉപയോഗപ്പെടുത്തിയിരുന്നു. പക്ഷേ, അവരാൽ കെട്ടിച്ചമക്കപ്പെട്ടതും, അല്ലാഹു വിരോധിച്ചതും, ബഹുദൈവാരാധനയിൽ അധിഷ്ഠിതവുമായ പല നടപടികളും അവർ അനുഷ്ഠിച്ചു വന്നിരുന്നു. വിരോധിക്കപ്പെട്ട പലതും അനുവദനീയമായും, അനുവദിക്കപ്പെട്ട പലതും വിരോധമായും അവർ അനുഷ്ഠിച്ചു വന്നിരുന്നു. വിരോധിക്കപ്പെട്ട പലതും അനുവദനീയമായും, അനുവദിക്കപ്പെട്ട പലതും വിരോധമായും അവർ കരുതിവന്നു. അതുകൊണ്ട്, എല്ലാതരം ശവങ്ങളും, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെടുകയോ ബലിചെയ്യപ്പെടുകയോ ചെയ്യുന്നവയും ഉപയോഗിക്കുവാൻ പാടില്ലെന്ന് ഖുർആൻ കർശനമായി വിരോധിച്ചിരിക്കുന്നു. അത്തരത്തിൽ പെടാത്ത എല്ലാ ആടുമാടൊട്ടകവും ഭക്ഷിക്കുകയും, അല്ലാഹുവിന് ബലിയർപ്പിക്കുകയും ചെയ്യാൻ അനുവദിക്കപ്പെട്ടിട്ടുണ്ട് എന്നത്രെ അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത്. വിഗ്രഹങ്ങളും, അവയുമായി ബന്ധപ്പെട്ട എല്ലാ ദുരാചാരങ്ങളും അടങ്ങുന്ന അശുദ്ധികളെയും അന്ന് നിലവിലുണ്ടായിരുന്നതും അല്ലാത്തതുമായ എല്ലാ കള്ളവാദങ്ങളെയും വ്യാജ സംസാരങ്ങളെയും വിരോധിക്കുകയും ചെയ്യുന്നു. ഇതെല്ലാം നിഷ്കളങ്കതയോടുകൂടി വേണമെന്നാണ് 31-ാം വചനത്തിന്റെ ആദ്യഭാഗം കാണിക്കുന്നത്. ശിർക്ക് കൊണ്ടുണ്ടാകുന്ന നാശത്തിന്റെ ഭയങ്കരത ഉപമാരൂപത്തിൽ ചൂണ്ടിക്കാട്ടുകയാണ് അതിന്റെ അവസാനഭാഗം ചെയ്യുന്നത്.

﴾32﴿ അതാണ് (കാര്യം)! ആരെങ്കിലും, അല്ലാഹുവിന്റെ (മത) ചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാൽ,

ذَٰلِكَ وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ

(അവൻ ഭക്തൻ തന്നെ, കാരണം:) നിശ്ചയമായും അത്, ഹൃദയങ്ങളുടെ ഭക്തിയിൽ നിന്നുള്ളതാണ്.

فَإِنَّهَا مِن تَقْوَى الْقُلُوبِ

﴾32﴿ ذَٰلِكَ അതാണ് وَمَن يُعَظِّمْ ആരെങ്കിലും ബഹുമാനിക്കുന്നതായാൽ شَعَائِرَ اللَّهِ അല്ലാഹുവിന്റെ ചിഹ്നങ്ങളെ فَإِنَّهَا എന്നാൽ നിശ്ചയമായും അത് مِن تَقْوَى ഭക്തിയിൽനിന്നുള്ളതാണ്, ഭക്തി നിമിത്തമാണ്, സൂക്ഷ്മതയാലാണ് الْقُلُوبِ ഹൃദയങ്ങളുടെ

ഒരു വിഷയമോ, വാചകമോ തീർന്നശേഷം, വ്യാകരണപരമായ പ്രത്യേക ഘടനാബന്ധമൊന്നുമില്ലാത്ത മറ്റൊന്നിലേക്ക് പ്രവേശിക്കുമ്പോൾ, രണ്ടും തമ്മിൽ വിഷയപരമായ ഒരു ബന്ധം സ്ഥാപിക്കുവാൻവേണ്ടി **كذلك ، ذلك** ، **هَذا** (ഇതാണ്, അതാണ്, ഇങ്ങനെയാണ്, അങ്ങനെയാണ്) എന്നിങ്ങനെയുള്ള സൂചനാ നാമങ്ങൾ അറബിഭാഷയിൽ ഉപയോഗിക്കുക പതിവുണ്ട്. അതനുസരിച്ചാണ് ഇവിടെയും 30-ാം വചനത്തിലും **ذلك** (അതാണ്) എന്ന പദം ആരംഭത്തിൽ വന്നുകാണുന്നത്. ഇത്തരം പ്രയോഗങ്ങളിൽ, സന്ദർഭത്തിനൊത്ത് സൂചനാസാരങ്ങൾ പലതും അതിൽ അടങ്ങിയിട്ടുമുണ്ടാകും. ഏതാണ്ട് ഇതുപോലെയുള്ള ചില പ്രയോഗങ്ങൾ നമ്മുടെ ഭാഷയിലും കാണാം. 'അതെ, അങ്ങനെ, ശരി' തുടങ്ങിയ പല പദങ്ങളും ഈ ആവശ്യാർത്ഥം മലയാളത്തിലും ഉപയോഗിക്കപ്പെടുന്നു.

شعائر (ചിഹ്നങ്ങൾ) കൊണ്ട് വിവക്ഷിക്കപ്പെടുന്നത് മതസംബന്ധമായ പ്രത്യേക അടയാളങ്ങളായി കരുതപ്പെടുന്ന കാര്യങ്ങളാണ്. കർമങ്ങൾ, വേഷഭൂഷണങ്ങൾ, സംസാരം, പ്രവൃത്തി ആദിയായവയിലെല്ലാം തന്നെ, കക്ഷികൾക്കിടയിലും, മതസ്ഥർക്കിടയിലും, സമുദായങ്ങൾക്കിടയിലും പലപ്പോഴും ചില വ്യത്യസ്ത രീതികളുമുണ്ടായിരിക്കും. അതിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെ- അവർ ഇന്ന കൂട്ടത്തിൽപെട്ടവരാണെന്ന്- സാമാന്യേന കണക്കാക്കപ്പെടുകയും ചെയ്യുന്നു. ഇസ്ലാമിന്റേതായ പ്രത്യേക അടയാളമാകുന്നതെല്ലാം **شَعَائِرُ الله شعائِر الإسلام**(അല്ലാഹുവിന്റെ ചിഹ്നങ്ങൾ, ഇസ്ലാമിന്റെ ചിഹ്നങ്ങൾ) എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഒരു കൂട്ടരുടെ പ്രത്യേക ചിഹ്നങ്ങളെ ആദരിക്കുന്നതും, അനുകൂലിക്കുന്നതും ആ കൂട്ടരോടുള്ള പ്രത്യേക ബഹുമാനംകൊണ്ടോ അനുഭാവം കൊണ്ടോ ആണെന്നും, അതിനെ അനാദരിക്കുന്നതും, ധിക്കരിക്കുന്നതും അവരോടുള്ള വെറുപ്പ് കൊണ്ടാണെന്നും വ്യക്തമാണ്. ഒരു കക്ഷിയുടെയോ, മതത്തിന്റെയോ പ്രത്യേക ചിഹ്നമായി കരുതപ്പെടുന്ന കേവലം നിസ്സാരമായ ഒരു കാര്യത്തെ അവമതിക്കുകയെന്നത്, ആ കക്ഷിയുടെയോ മതത്തിന്റെയോ തന്നെ കർശനമായ ഒരു നിയമത്തെ ലംഘിക്കുന്നതിനെക്കാൾ വലിയ അപരാധമായിട്ടായിരിക്കും കരുതപ്പെടുക. ഇതാണിതിന് കാരണം. അത് കൊണ്ടുതന്നെയാണ്. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ഒരുവൻ ബഹുമാനിക്കുന്നത് കണ്ടാൽ, അത് അല്ലാഹുവിനോട് അയാൾക്കുള്ള ഹൃദയംഗമായ ഭക്തിയുടെ ലക്ഷണമായി അല്ലാഹു പ്രസ്താവിച്ചതും.

ഈ തത്വം, ഇക്കാലത്തെ മുസ്ലിംസഹോദരൻമാർ പ്രത്യേകം മനസ്സിരുത്തേണ്ടിയിരിക്കുന്നു. 'ഏകസംസ്കാരാ' ദിവാദങ്ങളിൽ അറിഞ്ഞും അറിയാതെയും- വാക്ക് കൊണ്ടല്ലെങ്കിൽ പ്രവൃത്തികൊണ്ടെങ്കിലും- മനുഷ്യൻ ലയിച്ചുപോയിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ദുരുദ്ദേശ്യത്തോടുകൂടിയല്ലെങ്കിലും, അനിസ്ലാമിക ചിഹ്നങ്ങൾ സ്വീകരിച്ചുവരികയും, ഇസ്ലാമിക ചിഹ്നങ്ങളെ അവ ചെറുതോ വലുതോ ആകട്ടെ- അവഗ

ണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത് മുസ്‌ലിമിനെ ക്രമേണ അമുസ്‌ലിമാക്കിത്തീർക്കുവാനുള്ള പൈശാചിക പ്രേരണയാണെന്ന് ഓർക്കേണ്ടിയിരിക്കുന്നു. നമ്മുടെ യുവാക്കൾ– പാമരൻമാർ മാത്രമല്ല ചില പണ്ഡിതരും– ഇന്നത്തെ ആധുനിക പരിഷ്കാരലഹരി പിടിപെട്ടും, അനിസ്‌ലാമിക സംസ്കാരത്തിന്റെ ബാഹ്യമായ മോടിയിൽ ആകൃഷ്ടരായുംകൊണ്ട് ഇസ്‌ലാമിക ശിക്ഷണ വലയത്തിന് പുറത്ത് പോയിക്കൊണ്ടിരിക്കുന്ന കാഴ്ച മതഭക്തിയുള്ള ഏതൊരു മുസ്‌ലിം ഹൃദയത്തെയും വ്യസനിപ്പിക്കാതിരിക്കയില്ല. വേഷഭൂഷാദികളിൽ നിന്നാരംഭിക്കുന്ന ഈ അനുകരണ വാഞ്ഛ ക്രമേണ ആചാരാനുഷ്ഠാനങ്ങളിലും മറ്റെല്ലാ രംഗങ്ങളിലും സ്വാധീനം ചെലുത്തുകയും ഒടുക്കം നാമത്തിലും പ്രസംഗവേദികളിലും മാത്രം മുസ്‌ലിമായിത്തീരുകയുമാണ് ഇതിന്റെ അനന്തരഫലം. (**معاذ الله**) മനഃശാസ്ത്രം പഠിപ്പിച്ചുതരുന്ന ഈ പരമാർത്ഥത്തെയാണ് നബിﷺയുടെ ഒരു ഹദീഥ് നമ്മെ പഠിപ്പിക്കുന്നത്. **من تشبه بقوم فهو منهم - احمدوابو داودو صححه ابن حبان** (ആരെങ്കിലും ഒരു ജനതയോട് സാദൃശ്യം സ്വീകരിച്ചാൽ അവൻ അവരിൽ ഉൾപ്പെട്ടവനാകുന്നു).

'അല്ലാഹുവിന്റെ ചിഹ്നങ്ങൾ' എന്ന് ഇവിടെ പറയുമ്പോൾ അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പ്രധാനമായും, ഹജ്ജ്കാര്യ സംബന്ധമായ ബലിമൃഗങ്ങളാകുന്നു. എങ്കിലും, അതിനെപ്പറ്റിമാത്രം പറഞ്ഞുമതിയാക്കാതെ, ഒരു പൊതുതത്വമെന്ന നിലക്കാണ് ഇക്കാര്യം ഇവിടെ അല്ലാഹു പ്രസ്താവിച്ചതും, ഓർമപ്പെടുത്തിയതും,.ഈ വസ്തുത പ്രത്യേകം ശ്രദ്ധാർഹമാണ്. മറ്റൊരു സംഗതി: ഓരോ സമുദായത്തിനും ചില ആചാരങ്ങളും സംസ്കാരങ്ങളും ഉണ്ടായിരിക്കുക സ്വാഭാവികമാണ്, അതുപോലെ ഇസ്‌ലാമിനും ചിലതെല്ലാം ഉണ്ടെന്നല്ലാതെ ഇസ്‌ലാമിക ചിഹ്നങ്ങൾക്കെന്താണ് ഇത്ര വിശേഷത? എന്നൊരു സംശയം വല്ലവർക്കും തോന്നുവാൻ അവകാശമുണ്ട്. 'അല്ലാഹുവിന്റെ ചിഹ്നങ്ങൾ' (شَعَائِرَ اللَّهِ) എന്നും, 'അല്ലാഹുവിന്റെ അലംഘ്യവസ്തുക്കൾ' (**حرمات الله**) എന്നുമുള്ള പ്രയോഗംതന്നെ അതിനുള്ള മറുപടിയാകുന്നു. അതായത്: അല്ലാഹു നിശ്ചയിച്ചതും, അവൻ ഇഷ്ടപ്പെടുന്നതുമായ ചിഹ്നങ്ങളേതോ അതാണ് ഇസ്‌ലാമിന്റെ ചിഹ്നങ്ങൾ; മറ്റുള്ളതെല്ലാം സൃഷ്ടികളുടെ നിശ്ചയങ്ങളും ഇഷ്ടങ്ങളുമാണ് എന്ന് സാരം. ബലിമൃഗങ്ങളാകുന്ന ചിഹ്നങ്ങളെക്കുറിച്ച് അല്ലാഹു പറയുന്നു:-

لَكُمْ فِيهَا مَنَـٰفِعُ إِلَىٰٓ أَجَلٍ مُّسَمًّى ثُمَّ مَحِلُّهَآ إِلَى ٱلْبَيْتِ ٱلْعَتِيقِ ﴿٣٣﴾

﴿33﴾ (ബലിമൃഗങ്ങളാകുന്ന) അവയിൽ, ഒരു നിശ്ചിത അവധിവരേക്ക് നിങ്ങൾക്ക് പ്രയോജനങ്ങളുണ്ട്; പിന്നീട്, അവയുടെ (ബലികർമത്തിന്) അനുവദിക്കപ്പെട്ട സ്ഥലം (ആ) 'പുരാതനാലയത്തി'ന്നടുത്താകുന്നു.

﴿33﴾ لَكُمْ നിങ്ങൾക്കുണ്ട് فِيهَا അവയിൽ مَنَافِعُ പ്രയോജനങ്ങൾ إِلَىٰ أَجَلٍ ഒരു അവധിവരെ مُسَمًّى നിശ്ചയിക്കപ്പെട്ട, നിർണയിക്കപ്പെട്ട ثُمَّ പിന്നെ, പിന്നീട് مَحِلُّهَا അവയുടെ അനുവദിക്കപ്പെട്ട സ്ഥലം, അനുവദിക്കപ്പെട്ട സമയം إِلَى الْبَيْتِ ആ ആലയത്തിനടുത്താണ്, ആലയത്തിലേക്ക് (എത്തുക) ആകുന്നു الْعَتِيقِ പുരാതനമായ, വിമുക്തമായ

ബലിക്കായി നിശ്ചയിക്കപ്പെട്ട മൃഗങ്ങളെ ബലിയറുക്കുന്നതിനുമുമ്പ് അവയെ വാഹനമായി ഉപയോഗിക്കാം, അവയുടെ പാൽ മുതലായവയും ഉപയോഗിക്കാം. ബലികർമം

നടത്തുവാനുള്ള സമയം വന്നാൽ, അവയെ കഅ്ബ:യുടെ അടുത്ത്- ഹറമിൽ- വെച്ച് അറുത്ത് ബലി നടത്തേണ്ടതാണ്.

വിഭാഗം - 5

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا۟ ٱسْمَ ٱللَّهِ عَلَىٰ مَا رَزَقَهُم

﴾34﴿ എല്ലാ സമുദായത്തിനും തന്നെ- അവർക്ക് അല്ലാഹു നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളുടെ മേൽ അവന്റെ നാമം കീർത്തനം ചെയ്യുവാനായി- നാം [അല്ലാഹു] ഓരോ കർമാനുഷ്ഠാനമുറ ഏർപ്പെടുത്തിയിരിക്കുന്നു.

مِّنۢ بَهِيمَةِ ٱلْأَنْعَـٰمِ ۗ فَإِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ فَلَهُۥٓ أَسْلِمُوا۟ ۗ وَبَشِّرِ ٱلْمُخْبِتِينَ ﴿٣٤﴾

എന്നാൽ, നിങ്ങളുടെ ഇലാഹ് [ആരാധ്യൻ] ഏകഇലാഹ് മാത്രമാകുന്നു; ആകയാൽ, അവന് (മാത്രം) നിങ്ങൾ കീഴ്പെടുക. ['ഇസ്‌ലാം' അനുഷ്ഠിക്കുക.] (നബിയേ) വിനീതൻമാർക്ക് നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

﴾34﴿ وَلِكُلِّ أُمَّةٍ എല്ലാ സമുദായത്തിനും جَعَلْنَا നാം ഏർപ്പെടുത്തിയിരിക്കുന്നു مَنسَكًا ഒരു കർമാനുഷ്ഠാനമുറ لِيَذْكُرُوا അവർ കീർത്തനം ചെയ്യാൻ, പറയുവാൻ اسْمَ اللَّهِ അല്ലാഹുവിന്റെ നാമത്തെ عَلَىٰ مَا رَزَقَهُم അവൻ അവർക്ക് നൽകിയതിന്റെമേൽ مِّن بَهِيمَةِ الْأَنْعَامِ കന്നുകാലി മൃഗങ്ങളിൽനിന്ന് فَإِلَٰهُكُمْ എന്നാൽ നിങ്ങളുടെ ഇലാഹ്, ആരാധ്യൻ إِلَٰهٌ وَاحِدٌ ഏക ഇലാഹാണ് فَلَهُ ആകയാൽ അവന് أَسْلِمُوا നിങ്ങൾ കീഴ്പെടുവിൻ, ഇസ്‌ലാമിനെ അനുഷ്ഠിക്കുവാൻ وَبَشِّرِ നീ സന്തോഷവാർത്തയും അറിയിക്കുക الْمُخْبِتِينَ വിനീതൻമാർക്ക്, താഴ്മ കാട്ടുന്നവർക്ക്

مَنسَكًا (കർമാനുഷ്ഠാനമുറ) എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത് ബലി കർമങ്ങളാകുന്നു. മൃഗങ്ങളെ ബലി ചെയ്യുക എന്ന കർമം മുസ്‌ലിം സമുദായത്തിന്- അഥവാ നബി തിരുമേനിﷺയുടെ 'ഉമ്മത്തി' ന്- മാത്രം നിശ്ചയിക്കപ്പെട്ട ഒന്നല്ല. മുമ്പുള്ള ദൈവിക മതസമുദായങ്ങളിലും ബലിസമ്പ്രദായങ്ങളുണ്ടായിരുന്നു. ആചരണരീതിയിൽ വ്യത്യാസമുണ്ടായിരിക്കുമെങ്കിലും അവയുടെയെല്ലാം ഉദ്ദേശ്യം ഒന്നുതന്നെ. അല്ലാഹുവിന് മുമ്പിൽ താഴ്മയും ഭക്തിയും പ്രദർശിപ്പിക്കുക, അവന്റെ പ്രീതിക്കുവേണ്ടി ത്യാഗം ചെയ്യുക, അവന്റെ നാമം കീർത്തനം ചെയ്യുക മുതലായവയാണത്. എല്ലാവരുടെയും ഇലാഹ് ഏക ഇലാഹായത് കൊണ്ട് ഇത്തരം കർമങ്ങൾ അവനെ ഉദ്ദേശിച്ചുമാത്രമേ ആരും ചെയ്യാവൂ; അവന് മാത്രമേ കീഴ്വണങ്ങാവൂ; വിനീത ഹൃദയൻമാരായ ആളുകൾക്കാണ് ഇങ്ങനെയുള്ള കർമാനുഷ്ഠാനങ്ങൾ ഫലപ്രദമാകുക; അവർക്കത് വമ്പിച്ച പ്രതിഫലം ലഭിക്കുവാൻ കാരണമാകുകയും ചെയ്യും. എന്നെല്ലാം അല്ലാഹു ഉണർത്തു

ന്നു. വിനീതൻമാർ ആരാണെന്ന് അടുത്ത വചനത്തിൽ കാണാം:-

ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَٱلصَّـٰبِرِينَ عَلَىٰ مَآ أَصَابَهُمْ وَٱلْمُقِيمِى ٱلصَّلَوٰةِ وَمِمَّا رَزَقْنَـٰهُمْ يُنفِقُونَ ﴿٣٥﴾

﴾35﴿ (അതായത്) യാതൊരുകൂട്ടർ: അല്ലാഹുവിനെക്കുറിച്ച് പ്രസ്താവിക്കപ്പെട്ടാൽ, തങ്ങളുടെ ഹൃദയങ്ങൾ വിറകൊള്ളുന്നതാണ്;- തങ്ങൾക്ക് ബാധിക്കുന്നതിൽ [ആപത്തുകളിൽ] സഹനശാലികളും, നമസ്കാരം നിലനിറുത്തുന്നവരും! നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് (സൽകാര്യങ്ങളിൽ) ചിലവഴിക്കുകയും ചെയ്യും, (ഇങ്ങനെയുള്ളവരാണത്).

وَٱلْبُدْنَ جَعَلْنَـٰهَا لَكُم مِّن شَعَـٰٓئِرِ ٱللَّهِ لَكُمْ فِيهَا خَيْرٌ ۖ

﴾36﴿ ബലിയൊട്ടകങ്ങളാകട്ടെ, നാം അവയെ നിങ്ങൾക്ക് 'അല്ലാഹുവിന്റെ (മത) ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുകയാണ്; നിങ്ങൾക്ക് അവയിൽ ഗുണമുണ്ട്.

فَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهَا صَوَآفَّ ۖ

അതിനാൽ, വരിവരിയായ നിലയിൽ (നിറുത്തിക്കൊണ്ട്) അവയുടെ മേൽ അല്ലാഹുവിന്റെ നാമം നിങ്ങൾ കീർത്തനം ചെയ്യുവിൻ!

فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْقَانِعَ وَٱلْمُعْتَرَّ ۚ كَذَٰلِكَ سَخَّرْنَـٰهَا لَكُمْ لَعَلَّكُمْ تَشْكُرُونَ ﴿٣٦﴾

അങ്ങനെ, (അറുത്തശേഷം) അവയുടെ പാർശ്വങ്ങൾ നിലംപതിച്ചാൽ [ജീവൻ പോയി വീണാൽ] അവയിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും, (ചോദിച്ചുവാങ്ങാൻ വരാതെ) സംതൃപ്തിയടഞ്ഞുനിൽക്കുന്നവന്നും, ആഗ്രഹിച്ചുവരുന്നവന്നും ഭക്ഷിക്കുവാൻ കൊടുക്കുകയും ചെയ്യുവിൻ. അപ്രകാരം, അവയെ നിങ്ങൾക്ക് നാം കീഴ്പെടുത്തിത്തന്നിരിക്കുകയാണ്- നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടി.

﴾35﴿ الَّذِينَ യാതൊരു കൂട്ടരാണ് إِذَا ذُكِرَ اللَّهُ അല്ലാഹുവിനെക്കുറിച്ച് പ്രസ്താവിക്കപ്പെട്ടാൽ, പറയപ്പെട്ടാൽ وَجِلَتْ വിറകൊള്ളും (ഭയപ്പെടും) قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَالصَّابِرِينَ സഹനശാലികളും, ക്ഷമാലുക്കളും عَلَىٰ مَا أَصَابَهُمْ തങ്ങൾക്ക് ബാധിച്ചതിൽ وَالْمُقِيمِي നിലനിറുത്തുന്നവരും الصَّلَاةِ നമസ്കാരം وَمِمَّا رَزَقْنَاهُمْ നാം അവർക്ക്

നൽകിയതിൽ നിന്ന് يُنفِقُونَ അവർ ചിലവഴിക്കുകയും ചെയ്യും ﴾36﴿ وَٱلْبُدْنَ ഒട്ടക
ങ്ങളെ (ബലിയൊട്ടകങ്ങളെ) جَعَلْنَاهَا അവയെ നാം ആക്കിയിരിക്കുന്നു لَكُم
നിങ്ങൾക്ക് مِّن شَعَٰٓئِرِ ٱللَّهِ അല്ലാഹുവിന്റെ ചിഹനങ്ങളിൽപെട്ടത് لَكُمْ നിങ്ങൾക്കുണ്ട്
فِيهَا അതിൽ خَيْرٌ ഗുണം, നന്മ فَٱذْكُرُوا۟ അതിനാൽ നിങ്ങൾ കീർത്തനം ചെയ്യുവിൻ
ٱسْمَ ٱللَّهِ അല്ലാഹുവിന്റെ നാമത്തെ عَلَيْهَا അവയുടെമേൽ صَوَآفَّ വരികളായി, വരിവരി
യായി فَإِذَا وَجَبَتْ അങ്ങനെ നിലംപതിച്ചാൽ, വീണാൽ جُنُوبُهَا അവയുടെ പാർശ്വ
ങ്ങൾ, ഭാഗങ്ങൾ فَكُلُوا۟ അപ്പോൾ നിങ്ങൾ ഭക്ഷിച്ചുകൊള്ളുക مِنْهَا അതിൽനിന്ന് وَأَطْعِمُوا۟
ഭക്ഷിക്കുവാൻ കൊടുക്കയും ചെയ്യുവിൻ ٱلْقَانِعَ സംതൃപ്തി അടഞ്ഞവന് (ചോദിക്കാതെ
ഉള്ളതുകൊണ്ട് തൃപ്തിയടഞ്ഞവന്) وَٱلْمُعْتَرَّ ആഗ്രഹിച്ചുവരുന്നവനും, ചോദിച്ചുവരു
ന്നവനും كَذَٰلِكَ അപ്രകാരം سخرنها അതിനെ നാം കീഴ്പെടുത്തിയിരിക്കുന്നു لَكُمْ
നിങ്ങൾക്ക് لَعَلَّكُمْ നിങ്ങൾ ആയേക്കാം , നിങ്ങൾ ആകുവാൻ വേണ്ടി تَشْكُرُونَ
നിങ്ങൾ കൃതജ്ഞത കാണിക്കും

ٱلْبُدْنَ എന്ന വാക്ക് ബലികർമം ചെയ്യപ്പെടുന്ന ഒട്ടകങ്ങൾക്ക് പ്രത്യേകമായും, മാടുകൾക്കും ഒട്ടകങ്ങൾക്കും പൊതുവായും ഉപയോഗിക്കപ്പെടും. ഒട്ടകങ്ങളെ അറുക്കുന്നത് അവയെ നിറുത്തിക്കൊണ്ടാകുന്നു. ജീവൻപോകുമ്പോൾ അവ ഒരു വശത്തേക്ക് മറിഞ്ഞുവീഴുന്നു. അതുകൊണ്ടാണ് 'അവയുടെ പാർശ്വങ്ങൾ വീണാൽ' എന്ന് പറഞ്ഞത്. ഉള്ളതിലും, കിട്ടിയതിലും തൃപ്തിയടഞ്ഞുകൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ ആവശ്യം പ്രകടിപ്പിക്കാത്തവനാണ് قانع (സംതൃപ്തി അടഞ്ഞവൻ). ദാനധർമങ്ങൾ ലഭിക്കുവാൻവേണ്ടി മുന്നോട്ട് വരുന്നവനാണ് مُعْتَرّ (ആഗ്രഹിച്ചുവരുന്നവൻ). ഈ രണ്ട് തരക്കാർക്കും ബലിമൃഗങ്ങളുടെ മാംസം ദാനം ചെയ്യണമെന്ന് സാരം.

കേവലം വലിപ്പവും ശക്തിയുമുള്ള മൃഗമാണ് ഒട്ടകം. എങ്കിലും, വളരെ സഹനവും സൗമ്യശീലവുമുള്ള ഒരു ജീവിയുമാണത്. അറുക്കുവാൻ കൊണ്ട് വന്നു നിറുത്തുമ്പോൾ പോലും യാതൊരു മിരട്ടും കാണിക്കാതെ, അത് അനുസരിച്ചു നിൽക്കുന്നു. ഉഷ്ണമേറിയ മരുഭൂമിയിൽ കൂടിയുള്ള യാത്രകളിൽ ഒട്ടകത്തിന്റെ സേവനം വളരെ വമ്പിച്ചതാണ്. വളരെ നാളുകളോളം ഭക്ഷണവും, വെള്ളവും ഉപേക്ഷിച്ചുകൊണ്ടും, വലിയഭാരം ചുമന്നുകൊണ്ടും യജമാനന്റെ ആജ്ഞയനുസരിച്ച് അത് സുദീർഘം സഞ്ചരിച്ചുകൊണ്ടിരിക്കും. ഇങ്ങനെയെല്ലാം അതിനെ മനുഷ്യന്റെ നിയന്ത്രണത്തിന് വിധേയമാക്കിക്കൊടുത്തത് അല്ലാഹുവിന്റെ മഹത്തായ ഒരു അനുഗ്രഹമത്രെ.

ബലികർമ സമ്പ്രദായം മുൻസമുദായങ്ങളിലും നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണെന്ന് ഉണർത്തുകയും, പ്രത്യേക പരിഗണനയോടെ അതിനെപ്പറ്റി പ്രോത്സാഹനം നൽകുകയും ചെയ്തശേഷം അതിലടങ്ങിയ യുക്തിതത്വങ്ങളെ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا
وَلَٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ ج

﴾37﴿ അവയുടെ മാംസങ്ങളാകട്ടെ, രക്തങ്ങളാകട്ടെ അല്ലാഹുവിങ്കൽ എത്തുന്നില്ലതന്നെ; പക്ഷേ, നിങ്ങളിൽനിന്നുള്ള ഭക്തി അവങ്കൽ എത്തുന്നതാണ്.

كَذَٰلِكَ سَخَّرَهَا لَكُمْ لِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ ۗ وَبَشِّرِ ٱلْمُحْسِنِينَ ﴿٣٧﴾

നിങ്ങൾക്ക് മാർഗദർശനം ചെയ്തു തന്നതിന് നിങ്ങൾ അല്ലാഹുവിന് 'തക്ബീർ [മഹത്വപ്രകീർത്തനം] നടത്തുവാൻവേണ്ടി അപ്രകാരം അവയെ അവൻ നിങ്ങൾക്ക് കീഴ്പെടുത്തിത്തന്നിരിക്കുന്നു. (നബിയേ) സുകൃതവാൻമാർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.

﴾37﴿ لَن يَنَالَ എത്തുന്നതല്ലതന്നെ ٱللَّهَ അല്ലാഹുവിങ്കൽ لُحُومُهَا അവയുടെ മാംസം وَلَا دِمَآؤُهَا അവയുടെ രക്തവും (എത്തുക) ഇല്ല وَلَٰكِن പക്ഷേ, എങ്കിലും يَنَالُهُ അവങ്കൽ എത്തുന്നു ٱلتَّقْوَىٰ ഭക്തി, ഭയഭക്തി مِنكُمْ നിങ്ങളിൽനിന്ന് كَذَٰلِكَ അപ്രകാരം سَخَّرَهَا അവയെ അവൻ കീഴ്പെടുത്തിയിരിക്കുന്നു لَكُمْ നിങ്ങൾക്ക് لِتُكَبِّرُوا നിങ്ങൾ തക്ബീർ (മഹത്വ പ്രകീർത്തനം) നടത്തുവാൻവേണ്ടി, തക്ബീർ മുഴക്കുവാനായി ٱللَّهَ അല്ലാഹുവിന് عَلَىٰ مَا هَدَاكُمْ അവൻ നിങ്ങൾക്ക് മാർഗദർശനം ചെയ്തതിന് وَبَشِّرِ സന്തോഷവാർത്തയും അറിയിക്കുക ٱلْمُحْسِنِينَ സുകൃതവാൻമാർക്ക്, പുണ്യകർമം ചെയ്യുന്നവർക്ക്

ബലിമൃഗങ്ങളുടെ മാംസം വല്ലവർക്കും കൊടുത്തത് കൊണ്ടോ, വിഗ്രഹങ്ങളുടെയും ദേവൻമാരുടെയും ആരാധകൻമാർ അവയുടെ പ്രസാദത്തിന് വേണ്ടി ചെയ്യാറുള്ളത് പ്രകാരം കുറെ രക്തം ഒഴുക്കിയത് കൊണ്ടോ, മക്കാ മുശ്രിക്കുകൾ കഅ്ബഃയിൽ ചെയ്തിരുന്നത്പോലെ ബലിമൃഗങ്ങളുടെ രക്തം എവിടെയെങ്കിലും വാരിപ്പുരട്ടുന്നത് കൊണ്ടോ ഒന്നുംതന്നെ അല്ലാഹുവിന്റെ പ്രീതി ലഭിക്കുകയില്ല. മാംസമോ രക്തമോ അല്ല അല്ലാഹു സ്വീകരിക്കുന്നത്. അതവന് ആവശ്യവുമില്ല. എന്നാൽ ബലികർമം മുഖേന മനുഷ്യൻ അവന്റെ ത്യാഗമനഃസ്ഥിതിയും അല്ലാഹുവോടുള്ള ഭക്തിയും പ്രകടമാക്കുന്നതാണ് അല്ലാഹുവിന്റെ പ്രീതിക്ക് കാരണമാകുന്നത്. അത് പ്രകടമാക്കുകയാണ് ബലികർമം കൊണ്ടുദ്ദേശ്യം. അല്ലാഹുവിന്റെ പ്രീതി മാത്രം ഉന്നംവെച്ച് നിഷ്കളങ്കമായി ചെയ്യുന്ന ബലികർമങ്ങളടക്കമുള്ള സൽക്കർമങ്ങൾ മാത്രമേ അവങ്കൽ സ്വീകാര്യമാകുകയുള്ളൂ എന്ന് സാരം.

ഇബ്റാഹീം നബി (അ) സ്വപുത്രനായ ഇസ്മാഈൽ നബി (അ)യെ ബലിയർപ്പിക്കാൻ തയ്യാറായ സംഭവത്തെത്തുടർന്നാണ് പിന്നീട് ബലികർമസമ്പ്രദായം നടപ്പാക്കപ്പെട്ടത്. അല്ലാഹുവിന്റെ കൽപനക്കും പ്രീതിക്കും വേണ്ടി മനുഷ്യൻ തനിക്ക് ഏറ്റവും വിലപ്പെട്ടതിനെപ്പോലും ത്യാഗം ചെയ്യാൻ തയ്യാറാണെന്ന് അത് മുഖേന അവർ പ്രകടമാക്കുന്നു. ആ നിലക്ക് ബലി ചെയ്യപ്പെടുന്ന മൃഗം കേവലം ഒരു നാമമാത്ര മൃഗമായിരിക്കാതെ- കഴിയുന്നത്ര വിലപിടിച്ചതും, ആകൃതിയിലും പ്രകൃതിയിലുമെല്ലാം തന്നെ ആകർഷകവും, കോട്ടവും കുറവുമില്ലാത്തതും- ആയിരിക്കുന്നതാവശ്യമാണ് എന്ന് അധികം ചിന്തിക്കാതെത്തന്നെ ആർക്കും മനസ്സിലാക്കുവാൻ സാധിക്കും. അത് പോലെത്തന്നെ, ബലിനടത്തൽ കേവലം ആരാധനാകർമങ്ങളിൽ (العبادات)ഒന്നാകക്കൊണ്ട്

ആ കർമം നടത്തേണ്ടുന്ന രൂപവും അതിന്റെ മര്യാദകളും അല്ലാഹുവും റസൂലും നിർദ്ദേശിച്ചമാതിരിതന്നെ ആയിരിക്കേണ്ടതുമാണ്. ഇതൊന്നും ആലോചിക്കേണ്ടതില്ലെന്നോ, ബലിമൃഗങ്ങളുടെ മാംസമോ രക്തമോ തോലോ ഒന്നും ഒരു പ്രശ്നമാക്കേണ്ടതില്ലെന്നോ, ഈ വക സംഗതികളെക്കുറിച്ച് പരിഗണിക്കൽ വെറും ആചാരങ്ങളും ചടങ്ങുകളും മാത്രമാണെന്നോ ഈ ആയത്തിൽ നിന്ന് തെറ്റിദ്ധരിക്കാവതല്ല. ചിലർ ഇതിൽനിന്ന് അങ്ങനെ സമർത്ഥിച്ചു കാണുന്നത് പ്രമാണപ്പെട്ട പല ഹദീഥുകളുടെയും ശരിയായ താല്പര്യങ്ങൾക്ക് വിരുദ്ധമത്രെ. ഉദാഹരണമായി: 'വ്യക്തമായ നിലയിൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടിട്ടുള്ളവ, വ്യക്തമായ രോഗം പിടിപെട്ടിട്ടുള്ളവ, വ്യക്തമാംവണ്ണം കോട്ടം കാണാവുന്ന മുടന്ത്, പ്രായാധിക്യത്താൽ മേദസ്സ് നഷ്ടപ്പെട്ടവ എന്നീ നാലും ബലികർമത്തിന് (**اضحية**) കൊള്ളുകയില്ല' എന്ന് നബിﷺ പ്രസംഗിച്ചതായി ബറാഉ് (റ) ഉദ്ധരിക്കുന്നു. (**رواه اصحاب السنن باسانيد صحيحة**) 'കണ്ണ്, ചെവി എന്നിവയെപ്പറ്റി (വല്ല കേടുപാടുകളും ഉണ്ടോ എന്ന്) പ്രത്യേകം ഗണിക്കുവാനും, മുടന്തുള്ളതിനെയും, ചെവിയുടെ മുൻവശമോ പിൻവശമോ കീറിപ്പൊളിഞ്ഞുകിടക്കുന്നതിനെയും, ഇരുചെവികളും കീറിപ്പിളർന്നതിനെയും, മുൻപല്ലുകൾ കൊഴിഞ്ഞുപോയിട്ടുള്ളതിനെയും ബലികർമത്തിന് ഉപയോഗിക്കാതിരിക്കാനും നബിﷺ ഞങ്ങളോട് കൽപിച്ചിട്ടുണ്ടെന്ന് അലി (റ)യും പ്രസ്താവിച്ചിരിക്കുന്നു. (**رواه احمد والاربعة**) സ്ഥലദൈർഘ്യം ഓർത്ത് കൂടുതൽ ഉദ്ധരിക്കുന്നില്ല. നബിﷺയിൽ നിന്ന് ഒന്നുരണ്ട് ഹദീഥുകൾ ഉദ്ധരിച്ചുകൊണ്ട് നാം മേലുദ്ധരിച്ച പ്രകാരമാണ് ഈ ആയത്തിന്റെ സാരം എന്ന് സൂചിപ്പിച്ചശേഷം മഹാനായ ഇബ്നുകഥീർ (റ) തന്റെ തഫ്സീറിൽ ഏതാണ്ട് ഇങ്ങനെ പറയുന്നത് കാണാം; 'അപ്പോൾ ഇപ്പറഞ്ഞതിന്റെ (ബലിമൃഗങ്ങളുടെ മാംസങ്ങളും രക്തവും അല്ലാഹുവിങ്കൽ എത്തുന്നില്ല, നിങ്ങളുടെ ഭക്തിയാണ് അവങ്കൽ എത്തുന്നത് എന്ന് പറഞ്ഞതിന്റെ) താല്പര്യം, കർമങ്ങളിൽ നിഷ്കളങ്കത പാലിച്ചവന് അല്ലാഹുവിങ്കൽ നിന്നുള്ള സ്വീകരണം ശരിക്ക് ലഭിക്കുന്നതാണെന്ന് കാണിക്കലാണ്. സത്യാന്വേഷികളായ പണ്ഡിതൻമാരുടെ അടുക്കൽ ഇപ്പറഞ്ഞതിന് ഇതല്ലാതെ വേറൊരു പ്രത്യക്ഷമായ അർത്ഥവുമില്ല.'

25-ാം വചനത്തിൽ, മുശ്രിക്കുകൾ ചെയ്തിരുന്ന ഒരു ധിക്കാരത്തെപ്പറ്റി- കഅ്ബഃയിൽ മുസ്ലിംകൾക്ക് പ്രവേശനം അനുവദിക്കാതിരുന്നതിനെപ്പറ്റി- പറഞ്ഞുവല്ലോ. അവരുടെ അനേകം അക്രമങ്ങളിൽ ഒന്നായിരുന്നു അത്. തുടർന്നുകൊണ്ട് കഅ്ബഃയുടെ സ്ഥാപനവും, സ്ഥാപനോദ്ദേശ്യവും, തങ്ങളുടെ വന്ദ്യപിതാവായ ഇബ്റാഹീം നബി (അ)ക്ക് അതുമായുള്ള ബന്ധവും വിവരിച്ചു. ആ പുണ്യാലയത്തിൽവെച്ച് നടത്തപ്പെടേണ്ടുന്ന പല കർമങ്ങളെക്കുറിച്ചും- സംസാരിച്ചു. ബലികർമത്തിന്റെ സാക്ഷാൽ ഉദ്ദേശ്യവും വ്യക്തമാക്കി. ഇങ്ങനെയുള്ള പരിപാവനകർമങ്ങൾ ചെയ്യാനായി, മക്കക്കാരെന്നോ അല്ലാത്തവരെന്നോ വ്യത്യാസമില്ലാതെ, അല്ലാഹുവിൽ വിശ്വസിക്കുന്ന ഏവർക്കും വേണ്ടി പുരാതനകാലം മുതൽക്കേ സ്ഥാപിക്കപ്പെട്ടിട്ടുള്ള ആ വിശുദ്ധ മന്ദിരത്തിങ്കൽനിന്ന് അതേ നാട്ടുകാരായ സത്യവിശ്വാസികളെ മാത്രം തടഞ്ഞുകളയുകയും, അവിടെ ശിർക്കിന്റെ കർമങ്ങൾ മാത്രം നടത്തപ്പെടുകയും ചെയ്യുമ്പോൾ, അത് എത്രമാത്രം ധിക്കാരമാണ്?! 25-ാം വചനത്തിൽ അന്തർഭവിച്ചുകണ്ട ആ കനത്ത താക്കീതിന്റെ പ്രത്യാഘാതം അടുത്ത ആയത്തുകളിൽ പ്രത്യക്ഷപ്പെടുന്നു:-

۞ إِنَّ ٱللَّهَ يُدَٰفِعُ عَنِ ٱلَّذِينَ ءَامَنُوٓا۟ ۗ إِنَّ ٱللَّهَ لَا يُحِبُّ كُلَّ خَوَّانٍ كَفُورٍ ﴿٣٨﴾

《38》 നിശ്ചയമായും, അല്ലാഹു, വിശ്വസിച്ചവരിൽ നിന്ന് (അന്യാക്രമത്തെ) തടുക്കുന്നതാണ്; നിശ്ചയമായും അല്ലാഹു, നന്ദികെട്ട എല്ലാ വഞ്ചകരെയും ഇഷ്ടപ്പെടുന്നതല്ല;

വിഭാഗം - 6

أُذِنَ لِلَّذِينَ يُقَٰتَلُونَ بِأَنَّهُمْ ظُلِمُوا۟ ۚ

《39》 (ഇങ്ങോട്ട്) സമരം ചെയ്യപ്പെടുന്ന കൂട്ടർക്ക്- അവർ അക്രമിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്- (അങ്ങോട്ടും യുദ്ധം ചെയ്തുകൊള്ളുവാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു.

وَإِنَّ ٱللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ﴿٣٩﴾

നിശ്ചയമായും, അല്ലാഹു അവരെ സഹായിക്കുന്നതിന് കഴിവുള്ളവനു മത്രെ.

《38》 إِنَّ اللهَ നിശ്ചയമായും അല്ലാഹു يُدَافِعُ തടുക്കുന്നു عَنِ الَّذِينَ آمَنُوا വിശ്വസിച്ച കൂട്ടർക്ക് إِنَّ اللهَ നിശ്ചയമായും അല്ലാഹു لَا يُحِبُّ അവൻ ഇഷ്ടപ്പെടുന്നതല്ല, സ്നേഹിക്കുന്നതല്ല كُلَّ خَوَّانٍ എല്ലാ വഞ്ചകനെയും, ചതിയനെയും كَفُورٍ നന്ദികെട്ട, നന്ദികെട്ടവനായ 《39》 أُذِنَ അനുവാദം നൽകപ്പെട്ടിരിക്കുന്നു لِلَّذِينَ യാതൊരു കൂട്ടർക്ക് يُقَاتَلُونَ അവർ സമരം ചെയ്യപ്പെടുന്നു, അവരോട് യുദ്ധം ചെയ്യപ്പെടുന്നു بِأَنَّهُمْ ظُلِمُوا അവർ അക്രമിക്കപ്പെട്ടിരിക്കുന്നുവെന്നതുകൊണ്ട് وَإِنَّ اللهَ നിശ്ചയമായും അല്ലാഹു عَلَى نَصْرِهِمْ അവരെ സഹായിക്കുവാൻ لَقَدِيرٌ കഴിവുള്ളവനും തന്നെയാണ്

മുസ്‌ലിംകൾക്ക് യുദ്ധത്തിന് അനുമതി നൽകുന്നതിൽ ആദ്യമായി അവതരിച്ച ആയത്താണിത്. യുദ്ധം ചെയ്യാൻ 'കൽപിക്ക'പ്പെട്ടിരിക്കുന്നുവെന്ന് പറയാതെ 'അനുവാദം നൽകപ്പെട്ടിരിക്കുന്നു'വെന്ന് പറഞ്ഞത് ശ്രദ്ധാർഹമാണ്. മർദ്ദനം അതിന്റെ പാരമ്യത്തിലെത്തിയപ്പോൾ മാത്രമാണ് യുദ്ധത്തിന് അനുവാദം ലഭിക്കുന്നതെന്നും മുസ്‌ലിംകൾക്ക് ശത്രുപക്ഷത്തെ നേരിടാൻ വല്ല കഴിവും ഉണ്ടായിരുന്നെങ്കിൽ ഈ അനുവാദം ലഭിക്കുന്നതിനുമുമ്പ് അവർക്കങ്ങോട്ട് യുദ്ധം നടത്തുവാൻ പാടില്ലായിരുന്നുവെന്നും ഇതിൽനിന്ന് അനുമാനിക്കാം. മദീനാ ഹിജ്റഃക്ക് മാർഗം തെളിയിച്ചതും, മദീനക്കാരായ ഏതാനും മുസ്‌ലിംകളും നബിﷺയും തമ്മിൽ അൽഅക്വബഃയിൽവെച്ച് നടന്നതുമായ സ്വകാര്യ ഉടമ്പടി (بيعة العقبة) കഴിഞ്ഞശേഷം- തങ്ങൾക്ക് താൽക്കാലികമായ ഒരു നേരിയ കഴിവെങ്കിലും കൈവന്നിട്ടുണ്ടെന്ന് കരുതിയായിരിക്കാം. ചില സ്വഹാബികൾ നബിﷺയോട് ഇങ്ങനെ ചോദിക്കയുണ്ടായി: الا نميل على أهل الوادى فنقتلهم മിനാതാഴ്‌വരയിൽ അന്ന് ഹജ്ജ്കർമത്തിനായി സമ്മേളിച്ചിരുന്ന ശത്രുക്കളുടെ നേരെതിരിഞ്ഞു നമുക്കവരെ

കൊന്നുകളഞ്ഞുകൂടേ എന്ന് സാരം. ഇതിന് തിരുമേനി നൽകിയ മറുപടി إني لم أومر بهذا (എനിക്ക് ഇതിന് കൽപന കിട്ടിയിട്ടില്ല) എന്നായിരുന്നു.

യുദ്ധത്തിന് അനുവാദം നൽകുവാനുള്ള കാരണവും ന്യായവും അല്ലാഹു ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അവർ അക്രമിക്കപ്പെടുകയും, മർദ്ദിക്കപ്പെടുകയും ചെയ്യുന്നതാണ് അതിന് കാരണം. നബിﷺ തൗഹീദ് പ്രബോധനം ചെയ്യാൻ തുടങ്ങിയത് മുതൽ തിരുമേനിയും സത്യവിശ്വാസം സ്വീകരിച്ച സ്വഹാബികളും ശത്രുക്കളിൽനിന്ന് അനുഭവിക്കേണ്ടിവന്ന മൃഗീയമായ മർദ്ദനങ്ങളുടെയും, യാതനകളുടെയും നീണ്ട പട്ടിക ചരിത്രപ്രസിദ്ധമാണല്ലോ. ഒടുക്കം സ്വന്തം നാടും വീടും ഉപേക്ഷിച്ചു മദീനയിൽ അഭയംപ്രാപിക്കയും ചെയ്യേണ്ടിവന്നു. ഇതിനെപ്പറ്റി അടുത്ത വചനത്തിൽ അല്ലാഹു പ്രസ്താവിക്കുന്നത് കാണാം. മാത്രമല്ല, മർദ്ദിതരായ ജനങ്ങൾക്ക് സ്വരക്ഷക്ക് വേണ്ടി യുദ്ധംചെയ്തുകൊള്ളുവാൻ അനുമതി നൽകപ്പെടാതെയും, അല്ലാഹുവിന്റെ പ്രത്യേക സഹായം അവർക്ക് ലഭിക്കാതെയുമിരിക്കുന്നപക്ഷം ഉണ്ടാകുന്ന ഭവിഷ്യത്തുകളും അതോടൊപ്പം അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

ٱلَّذِينَ أُخْرِجُوا۟ مِن دِيَـٰرِهِم بِغَيْرِ حَقٍّ إِلَّآ أَن يَقُولُوا۟ رَبُّنَا ٱللَّهُ ۗ وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ صَوَٰمِعُ وَبِيَعٌ وَصَلَوَٰتٌ وَمَسَـٰجِدُ يُذْكَرُ فِيهَا ٱسْمُ ٱللَّهِ كَثِيرًا ۗ

وَلَيَنصُرَنَّ ٱللَّهُ مَن يَنصُرُهُۥٓ ۗ إِنَّ ٱللَّهَ لَقَوِىٌّ عَزِيزٌ ﴿٤٠﴾

﴾40﴿ 'ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ്' എന്ന് പറയുന്നുവെന്നുള്ളതല്ലാതെ (വേറെ) യാതൊരു ന്യായവും കൂടാതെ തങ്ങളുടെ ഭവനങ്ങളിൽനിന്ന് പുറത്താക്കപ്പെട്ടിട്ടുള്ളവരത്രെ, (അക്രമത്തിനുവിധേയരായവർ). മനുഷ്യരെ- അവരിൽചിലരെ (മറ്റു) ചിലരെക്കൊണ്ട്- അല്ലാഹു തടുക്കൽ ഇല്ലായിരുന്നുവെങ്കിൽ, അല്ലാഹുവിന്റെ നാമം ധാരാളമായി കീർത്തിക്കപ്പെടുന്ന പല സന്യാസിമഠങ്ങളും, ക്രിസ്തീയ ദേവാലയങ്ങളും, ജൂതദേവാലയങ്ങളും, (മുസ്‌ലിം) പള്ളികളും പൊളിച്ചു തകർക്കപ്പെടുമായിരുന്നു.

തന്നെ സഹായിക്കുന്നതാരോ അവനെ അല്ലാഹു നിശ്ചയമായും സഹായിക്കും, നിശ്ചയമായും, അല്ലാഹു ശക്തനും, പ്രതാപശാലിയുംതന്നെയാകുന്നു.

﴾40﴿ ٱلَّذِينَ أُخْرِجُوا പുറത്താക്കപ്പെട്ടിട്ടുള്ളവർ مِن دِيَارِهِمْ അവരുടെ ഭവന (വാസസ്ഥല)ങ്ങളിൽനിന്ന് بِغَيْرِ حَقٍّ ഒരു ന്യായവും കൂടാതെ إِلَّا أَن يَقُولُوا അവർ പറയുന്നതല്ലാതെ رَبُّنَا ٱللَّهُ ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് എന്ന് وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ

دَفْعُ اللَّهِ അല്ലാഹു തടുക്കൽ النَّاسَ മനുഷ്യരെ بَعْضَهُمْ അവരിൽ ചിലരെ بِبَعْضٍ ചിലരെ ക്കൊണ്ട് لَهُدِّمَتْ പൊളിച്ചു തകർക്കപ്പെടുമായിരുന്നു صَوَامِعُ സന്യാസിമഠങ്ങൾ وَبِيَعٌ ക്രിസ്തീയ ദേവാലയങ്ങളും وَصَلَوَاتٌ ജൂതദേവാലയങ്ങളും وَمَسَاجِدُ (മുസ്‌ലിം) പള്ളി കളും يُذْكَرُ പറയപ്പെടുന്ന, കീർത്തനം ചെയ്യപ്പെടുന്ന فِيهَا അവയിൽവെച്ച് اسْمُ اللَّهِ അല്ലാ ഹുവിന്റെ നാമം كَثِيرًا ധാരാളം وَلَيَنْصُرَنَّ اللَّهُ നിശ്ചയമായും അല്ലാഹു സഹായിക്കും مَنْ يَنْصُرُهُ അവനെ സഹായിക്കുന്നവനെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَقَوِيٌّ ശക്തൻ തന്നെ عَزِيزٌ പ്രതാപശാലിയായ

മുസ്‌ലിംകൾക്ക് യുദ്ധംചെയ്തുകൊള്ളുവാൻ അനുവാദം നൽകിയതിന്റെ പശ്ചാത്തലവും, കാരണവും ചൂണ്ടിക്കാട്ടി. അനുവാദം നൽകാതിരുന്നാലുള്ള ദോഷവും വ്യക്തമാക്കി. അല്ലാഹുവിനെ സഹായിക്കുന്നവരെ– അതെ, അവന്റെ മതത്തെ സഹായിക്കുന്നവരെ– നിശ്ചയമായും അവൻ സഹായിക്കുമെന്ന് ഉറപ്പും പ്രോൽസാഹനവും നൽകുകയും ചെയ്തു. എന്നാൽ, ഈ അനുവാദം അവർ എങ്ങനെ ഉപയോഗപ്പെടുത്തും? അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും അവർ എങ്ങനെ വിനിയോഗിക്കും? ഇതാണ് എനി ആലോചിക്കുവാനുള്ളത്. ഇതിനെക്കുറിച്ച് അടുത്ത വചനത്തിൽ പറയുന്നത് നോക്കുക:–

ٱلَّذِينَ إِن مَّكَّنَّٰهُمْ فِى ٱلْأَرْضِ أَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ وَأَمَرُوا۟ بِٱلْمَعْرُوفِ وَنَهَوْا۟ عَنِ ٱلْمُنكَرِ ۗ وَلِلَّهِ عَٰقِبَةُ ٱلْأُمُورِ ﴿٤١﴾

﴾41﴿ (മാത്രമല്ല) ഭൂമിയിൽ അവർക്ക് നാം സ്വാധീനം നൽകിയാൽ അവർ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും, സദാചാരത്തിന് കൽപിക്കുകയും, ദുരാചാരത്തെപ്പറ്റി വിരോധിക്കുകയും ചെയ്യുന്നവരാണ് (അവർ). കാര്യങ്ങളുടെ(യെല്ലാം) പര്യവസാനം അല്ലാഹുവിനുള്ളതാകുന്നു.

﴾41﴿ الَّذِينَ യാതൊരു കൂട്ടരാണ് إِنْ مَكَّنَّاهُمْ അവർക്ക് നാം സ്വാധീനം (സൗകര്യം) നൽകിയാൽ فِي الْأَرْضِ ഭൂമിയിൽ أَقَامُوا അവർ നിലനിർത്തും الصَّلَاةَ നമസ്കാരം وَآتَوُا അവർ കൊടുക്കയും ചെയ്യും الزَّكَاةَ സക്കാത്ത് وَأَمَرُوا അവർ കൽപിക്കയും ചെയ്യും بِالْمَعْرُوفِ സദാചാരംകൊണ്ട് (സൽകാര്യംകൊണ്ട്) وَنَهَوْا അവർ വിരോധിക്കയും ചെയ്യും عَنِ الْمُنْكَرِ ദുരാചാരത്തെപ്പറ്റി وَلِلَّهِ അല്ലാഹുവിനാകുന്നു عَاقِبَةُ الْأُمُورِ കാര്യങ്ങളുടെ പര്യവസാനം, കലാശം

ഈ ആയത്തിലെ ഉള്ളടക്കം പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. ഭൂമിയിൽ സ്വാധീനം ലഭിച്ചാൽ ധാർമികമായും, വ്യക്തിപരമായും, സാമുദായികമായും, സാമൂഹ്യമായുമുള്ള മനുഷ്യകടമകളെല്ലാം അവർ നിറവേറ്റുമെന്നത്രെ ഇതിന്റെ സാരം. ധാർമികവും, വ്യക്തിപരവുമായ കടമകളിൽ പ്രധാനമായതാണ് നമസ്കാരം. സാമുദായികവും സാമൂഹ്യവുമായ കടമകളിൽ പ്രധാനമായതാണ് സകാത്ത്. ഇങ്ങനെയുള്ള ബാധ്യതകൾ സ്വയം

അനുഷ്ഠിക്കുക മാത്രമല്ല, മറ്റുള്ളവരിൽ സദാചാരബോധമുണ്ടാക്കാൻ വേണ്ടത് ചെയ്കയുംകൂടി ചെയ്തെങ്കിലേ മുസ്‌ലിംകളുടെ കടമ പൂർണമായും നിർവഹിക്കപ്പെടുകയുള്ളൂ. മുസ്ലിംകൾ, അവരുടെ സ്വാധീനശക്തി ഉപയോഗപ്പെടുത്തുന്നത് ഈ ആവശ്യാർത്ഥമാണെങ്കിൽ, അവരുടെ ആ കടമ പാലിക്കപ്പെടുന്ന ഭൂമിയുടെ മുകളിൽ ജീവിതം എത്ര മാത്രം പരിശുദ്ധവും അഭികാമ്യവുമായിരിക്കും? പരലോകജീവിതമാകട്ടെ, കൂടുതൽ വിജയകരമായിരിക്കുമെന്ന് പറയേണ്ടതുമില്ല.

وَإِن يُكَذِّبُوكَ فَقَدْ كَذَّبَتْ
قَبْلَهُمْ قَوْمُ نُوحٍ وَعَادٌ وَثَمُودُ ﴿٤٢﴾

﴾42﴿ (നബിയേ) ഇവർ [മുശ്‌രിക്കുകൾ] നിന്നെ കളവാക്കുന്നുവെങ്കിൽ, തീർച്ചയായും ഇവരുടെ മുമ്പ് (ഇത് പോലെ) നൂഹിന്റെ ജനതയും, 'ആദും', 'ഥമൂദും' (റസൂലുകളെ) കളവാക്കിയിട്ടുണ്ട്;

وَقَوْمُ إِبْرَٰهِيمَ وَقَوْمُ لُوطٍ ﴿٤٣﴾

﴾43﴿ ഇബ്‌റാഹീമിന്റെ ജനതയും, ലൂത്ത്വിന്റെ ജനതയും (കളവാക്കിയിട്ടുണ്ട്);

وَأَصْحَٰبُ مَدْيَنَ ۖ وَكُذِّبَ مُوسَىٰ
فَأَمْلَيْتُ لِلْكَٰفِرِينَ ثُمَّ أَخَذْتُهُمْ ۖ
فَكَيْفَ كَانَ نَكِيرِ ﴿٤٤﴾

﴾44﴿ മദ്‌യൻ നിവാസികളും (കളവാക്കി); മൂസായും കളവാക്കപ്പെട്ടു.

എന്നാൽ അവിശ്വാസികൾക്ക് ഞാൻ സാവകാശം നൽകി. പിന്നീട്, ഞാൻ അവരെ (വമ്പിച്ച ശിക്ഷവഴി) പിടിക്കുകയും ചെയ്തു. അപ്പോൾ, എന്റെ പ്രതിഷേധം എങ്ങനെയാണ്?! (അത് കുറിക്കുകൊണ്ടില്ലേ!?)

فَكَأَيِّن مِّن قَرْيَةٍ أَهْلَكْنَٰهَا وَهِىَ
ظَالِمَةٌ فَهِىَ خَاوِيَةٌ عَلَىٰ عُرُوشِهَا
وَبِئْرٍ مُّعَطَّلَةٍ وَقَصْرٍ مَّشِيدٍ ﴿٤٥﴾

﴾45﴿ അങ്ങനെ, അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കവെ എത്ര നാടുകളെ [ജനതയെ]യാണ് നാം നശിപ്പിച്ചത്! എന്നിട്ട്, മേൽപുരകളോടെ അവ വീണടിഞ്ഞുകിടക്കുകയാണ്! ഉപയോഗശൂന്യമായ കിണറുകളും, കെട്ടിഉയർത്തപ്പെട്ട മാളികകളും (എത്രയാണ് നാശമടഞ്ഞു കിടക്കുന്നത്)!

﴾42﴿ وَإِنْ يُكَذِّبُوكَ ഇവർ നിന്നെ കളവാക്കുന്നുവെങ്കിൽ فَقَدْ كَذَّبَتْ തീർച്ചയായും കളവാക്കിയിട്ടുണ്ട് قَبْلَهُمْ ഇവരുടെ മുമ്പ് قَوْمُ نُوحٍ നൂഹിന്റെ ജനത وَعَادٌ ആദും وَثَمُودُ ഥമൂദും ﴾43﴿ وَقَوْمُ إِبْرَاهِيمَ ഇബ്‌റാഹീമിന്റെ ജനതയും وَقَوْمُ لُوطٍ ലൂത്ത്വിന്റെ ജന

തയും ﴾44﴿ وَأَصْحَابُ مَدْيَنَ മദ്‌യൻകാരും, മദ്‌യൻ നിവാസികളും وَكُذِّبَ مُوسَى
മൂസായും കളവാക്കപ്പെട്ടു فَأَمْلَيْتُ എന്നാൽ ഞാൻ സാവകാശം നൽകി (അയച്ചുവിട്ടു)
കൊടുത്തു لِلْكَافِرِينَ അവിശ്വാസികൾക്ക് ثُمَّ أَخَذْتُهُمْ പിന്നീട് അവരെ ഞാൻ പിടിച്ചു
فَكَأَيِّنْ ﴾45﴿ അപ്പോൾ എങ്ങനെയായി نَكِيرِ എന്റെ പ്രതിഷേധം, വെറുപ്പ് فَكَيْفَ كَانَ
അങ്ങനെ (എന്നാൽ) എത്രയാണ് مِنْ قَرْيَةٍ നാടുകൾ, നാട് أَهْلَكْنَاهَا നാം അത് നശി
പ്പിച്ചിരിക്കുന്നു وَهِيَ അതായിരിക്കെ ظَالِمَةٌ അക്രമം ചെയ്യുന്നവ فَهِيَ എന്നിട്ട് അവ
وَبِئْرٍ വീണടിഞ്ഞു കിടക്കുന്നവയാണ് عَلَىٰ عُرُوشِهَا അവയുടെ മേൽപുരകളോടെ خَاوِيَةٌ
കിണറും (എത്രയാണ്) مُعَطَّلَةٍ ഉപയോഗശൂന്യമായ (ഉപേക്ഷിച്ചു കിടപ്പുള്ള) وَقَصْرٍ
മാളികയും (എത്രയാണ്) مَشِيدٍ കെട്ടിപ്പൊക്കപ്പെട്ട

നബിമാരെ വ്യാജമാക്കി ധിക്കരിക്കലും, അക്രമത്തിനൊരുങ്ങലും അവിശ്വാസികളുടെ മുമ്പേയുള്ള പതിവാണ്. എന്നാൽ, ആദ്യം അല്ലാഹു അവർക്ക് കുറേ അയവ് കൊടുക്കുന്നു. പിന്നീട് ശക്തിയായ ശിക്ഷമൂലം അവരെ നശിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള വമ്പിച്ച സംഭവങ്ങളുടെ എത്രയോ ദൃഷ്ടാന്തങ്ങളും, അവശിഷ്ടങ്ങളും ഇവർക്ക് കണ്ടറിയത്തക്കവണ്ണം ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ഇപ്രകാരം നബിﷺയെ സാന്ത്വനപ്പെടുത്തുകയാണ്. സ്വാലിഹ് നബി (അ)യുടെ ജനതയാണ് 'ഥമൂദ്, ഹൂദ് നബി (അ)യുടെ ജനതയാണ് 'ആദ്'. ഇവരെപ്പറ്റി ഇതിനുമുമ്പ് പല സൂറ:കളിലും പ്രസ്താവിച്ചിട്ടുണ്ട്. സൂറ: - ശുഅറാഇൽവെച്ച് കൂടുതൽ വിവരം നമുക്ക് കാണാം. إِنْ شَاءَ الله

أَفَلَمْ يَسِيرُوا فِي الْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَا أَوْ آذَانٌ يَسْمَعُونَ بِهَا ۖ فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَٰكِن تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ ﴿٤٦﴾

﴾46﴿ ഇവർ ഭൂമിയിൽ (രാജ്യങ്ങളിൽ) കൂടി സഞ്ചരിക്കുന്നില്ലേ? എന്നാലവർക്ക് (ചിന്തിച്ചു) മനസ്സിലാക്കുവാനുള്ള ഹൃദയങ്ങളോ, കേട്ടറിയുവാനുള്ള കാതുകളോ ഉണ്ടാകേണ്ടിയിരുന്നു!

എന്നാൽ (വാസ്തവത്തിൽ ഈ ബാഹ്യമായ) കണ്ണുകൾക്ക് അന്ധത ബാധിക്കുന്നില്ല; എങ്കിലും, നെഞ്ചുകൾക്കകത്തുള്ള ഹൃദയങ്ങൾക്കത്രെ അന്ധത ബാധിക്കുന്നത്.

فَتَكُونَ ﴾46﴿ أَفَلَمْ يَسِيرُوا എന്നാൽ ഇവർ സഞ്ചരിക്കുന്നില്ലേ فِي الْأَرْضِ ഭൂമിയിൽകൂടി
എന്നാൽ ഉണ്ടാകേണ്ടിയിരുന്നു, ഉണ്ടാകുമായിരുന്നു لَهُمْ ഇവർക്ക് قُلُوبٌ ഹൃദയങ്ങൾ
يَعْقِلُونَ മനസ്സിലാക്കുന്ന, മനസ്സിലാക്കാവുന്ന بِهَا അവകൊണ്ട് أَوْ آذَانٌ അല്ലെങ്കിൽ കാതു
കൾ يَسْمَعُونَ കേൾക്കുന്ന, കേൾക്കാവുന്ന بِهَا അത് കൊണ്ട് فَإِنَّهَا എന്നാൽ നിശ്ചയ

മായും കാര്യം لَا تَعْمَى അന്ധത ബാധിക്കുന്നതല്ല, അന്ധമാവുകയില്ല الْأَبْصَارُ കണ്ണുകൾക്ക്, കണ്ണുകൾ وَلَٰكِنْ പക്ഷേ, എങ്കിലും تَعْمَى അന്ധത ബാധിക്കും, അന്ധമാകും الْقُلُوبُ ഹൃദയങ്ങൾക്ക്, ഹൃദയങ്ങൾ الَّتِي فِي الصُّدُورِ നെഞ്ചുകളിലുള്ള

മേൽപറഞ്ഞ സമുദായങ്ങളുടെ വാസസ്ഥലങ്ങളായിരുന്ന പ്രദേശങ്ങളിൽകൂടി ഇവർ പലപ്പോഴും സഞ്ചരിച്ചു വരുന്നുണ്ട്. എന്നിട്ട്, അവരുടെ സ്ഥിതിഗതികൾ ഏറെക്കുറെ മനസ്സിലാക്കുവാനും, അതുവഴി പാഠം പഠിക്കുവാനും ഇവർക്ക് കഴിയാത്തതെന്താണ്? ഇവരുടെ അന്ധതയല്ലാതെ മറ്റൊന്നുമല്ല! പുറംകണ്ണുകളുടെ അന്ധതയല്ല- അകംകണ്ണുകളാകുന്ന ഹൃദയങ്ങളുടെ അന്ധതയാണ്. ശാരീരിക രോഗങ്ങൾ നിമിത്തം ഹൃദയത്തിന്റെ കാഴ്ചയും നഷ്ടപ്പെടുന്നു. പിന്നെ, ബാഹ്യമായ കാഴ്ചയും കേൾവിയും ഉള്ളതുകൊണ്ടുമാത്രം കാര്യം ഗ്രഹിക്കുവാൻ സാധ്യമാകാതെ വരികയും ചെയ്യുന്നു.

وَيَسْتَعْجِلُونَكَ بِٱلْعَذَابِ وَلَن يُخْلِفَ ٱللَّهُ وَعْدَهُۥ ۚ وَإِنَّ يَوْمًا عِندَ رَبِّكَ كَأَلْفِ سَنَةٍ مِّمَّا تَعُدُّونَ ﴿٤٧﴾

47 (നബിയേ) നിന്നോട് അവർ ശിക്ഷക്ക് ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നു; അല്ലാഹു അവന്റെ നിശ്ചയം ലംഘിക്കുകയില്ലതന്നെ.

നിശ്ചയമായും, നിന്റെ റബ്ബിന്റെ അടുക്കൽ ഒരു ദിവസം (എന്നത്), നിങ്ങൾ എണ്ണിവരുന്ന തരത്തിലുള്ള ആയിരം കൊല്ലം പോലെയാകുന്നു. (ഇതവർ അറിഞ്ഞിരിക്കട്ടെ.)

وَكَأَيِّن مِّن قَرْيَةٍ أَمْلَيْتُ لَهَا وَهِيَ ظَالِمَةٌ ثُمَّ أَخَذْتُهَا وَإِلَيَّ ٱلْمَصِيرُ ﴿٤٨﴾

48 എത്രയോ നാടുകൾ, അവ അക്രമം ചെയ്തുകൊണ്ടിരിക്കവെ ഞാൻ അതിന് സാവകാശം നൽകി. പിന്നീട് അതിനെ ഞാൻ പിടി(ച്ചുശിക്ഷി)ക്കുകയും ചെയ്തിട്ടുണ്ട്! എന്റെ അടുക്കലേക്ക് തന്നെയാണ് (എല്ലാവരുടെയും) മടക്കവും.

---

47 وَيَسْتَعْجِلُونَكَ അവർ നിന്നോട് ധൃതികൂട്ടുന്നു بِالْعَذَابِ ശിക്ഷക്ക്, ശിക്ഷയെപ്പറ്റി وَلَنْ يُخْلِفَ ലംഘിക്കുന്നതേയല്ല, വ്യത്യാസം ചെയ്യുന്നതേയല്ല اللَّهُ അല്ലാഹു وَعْدَهُ അവന്റെ നിശ്ചയം, കരാർ وَإِنَّ يَوْمًا നിശ്ചയമായും ഒരു ദിവസം عِنْدَ رَبِّكَ നിന്റെ റബ്ബിന്റെ അടുക്കൽ كَأَلْفِ سَنَةٍ ആയിരം കൊല്ലംപോലെയാണ് مِمَّا تَعُدُّونَ നിങ്ങൾ എണ്ണിവരുന്ന തരത്തിൽ ഉള്ള 48 وَكَأَيِّنْ എത്രയാണ്, എത്രയോ مِنْ قَرْيَةٍ നാടുകൾ, നാടുകളായിട്ട് أَمْلَيْتُ ഞാൻ സാവകാശം നൽകി, അയച്ചുകൊടുത്തു لَهَا അതിന്, അതിനെ وَهِيَ അതായിരിക്കെ ظَالِمَةٌ അക്രമം ചെയ്യുന്നത് ثُمَّ أَخَذْتُهَا പിന്നെ ഞാനതിനെ പിടിച്ചു (ശിക്ഷിച്ചു) وَإِلَيَّ എന്റെ അടുക്കലേക്ക് തന്നെയാണ് الْمَصِيرُ മടക്കം, തിരിച്ചുവരവ്

മുൻസമുദായങ്ങളിൽ പലർക്കും സംഭവിച്ചതുപോലെ ഞങ്ങൾക്കും നാശം സംഭവിക്കുമെങ്കിൽ എന്താണത് ഉണ്ടാകാത്തത്? ഉണ്ടെങ്കിൽ അതൊന്ന് കാണട്ടെ! എന്ന് ധൃതികൂട്ടിക്കൊണ്ടിരിക്കുന്ന അവിശ്വാസികളോടുള്ള മറുപടിയാണിത്. ഈ ലോകവ്യവസ്ഥയിൽ അല്ലാഹു അംഗീകരിച്ചിട്ടുള്ള ഒരു ചട്ടം- വളരെ ശ്രദ്ധേയമായ ഒരു വസ്തുത- അല്ലാഹു വെളിപ്പെടുത്തുന്നു. അതായത്: അല്പകാലജീവിയായ മനുഷ്യൻ നശ്വരമായ ഈ ഭൂമിയിൽ കണക്കാക്കിവരുന്ന നാഴികയും, സമയവുമല്ല അല്ലാഹുവിന്റെ അടുക്കലുള്ള കണക്ക്, അഖിലാണ്ഡത്തിനാകമാനം സ്വീകരിക്കപ്പെട്ടിട്ടുള്ള ഒരു കണക്കും ഘടികാരവും അവന്റെ പക്കൽ വേറെയുണ്ട്. നിങ്ങളുടെ കണക്കിലുള്ള ആയിരം കൊല്ലവും, ഒരു ദിവസവും തമ്മിലുള്ള താരതമ്യമാണ് ആ രണ്ട് കണക്കുകൾക്കിടയിലുള്ളത്. ഈ നിയമമനുസരിച്ചാണ് മുമ്പ് ശിക്ഷക്ക് വിധേയരായ ധിക്കാര സമുദായങ്ങൾക്കും കുറേ കാലതാമസം അനുവദിക്കപ്പെട്ടത്. ആകയാൽ ഇക്കൂട്ടർ, അവർ കണക്കാക്കുന്ന നാഴികയും, വിനാഴികയും നോക്കി ധൃതികൂട്ടേണ്ടതില്ല. അവർ പ്രതീക്ഷിച്ചുകൊള്ളട്ടെ- സമയമാകുമ്പോൾ- അത് സംഭവിക്കുകതന്നെ ചെയ്യും! അല്ലാഹു നിശ്ചയിച്ചുകഴിഞ്ഞ യാതൊരു കാര്യത്തിനും മാറ്റം വരികയില്ല, വരുത്തുകയുമില്ല.

വിഭാഗം - 7

قُلْ يَٰٓأَيُّهَا ٱلنَّاسُ إِنَّمَآ أَنَا۠ لَكُمْ نَذِيرٌ مُّبِينٌ ﴿٤٩﴾

﴾49﴿ (നബിയേ) പറയുക: 'ഹേ, മനുഷ്യരേ! നിശ്ചയമായും ഞാൻ നിങ്ങൾക്ക് വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാണ്.'

فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٥٠﴾

﴾50﴿ എന്നാൽ, വിശ്വസിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.

وَٱلَّذِينَ سَعَوْا۟ فِىٓ ءَايَٰتِنَا مُعَٰجِزِينَ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَحِيمِ ﴿٥١﴾

﴾51﴿ (നമ്മെ) തോൽപിക്കാമെന്ന് നടിച്ചുകൊണ്ട് നമ്മുടെ ലക്ഷ്യങ്ങളിൽ (കുഴപ്പമുണ്ടാക്കുവാൻ) പരിശ്രമം നടത്തുന്നവരാകട്ടെ, അവർ നരകത്തിന്റെ ആൾക്കാരുമത്രെ.

﴾49﴿ قُلْ നീ പറയുക يَاأَيُّهَا النَّاسُ ഹേ മനുഷ്യരേ إِنَّمَا أَنَا നിശ്ചയമായും ഞാൻ لَكُمْ നിങ്ങൾക്ക് نَذِيرٌ ഒരു താക്കീതുകാരൻ തന്നെ مُبِينٌ വ്യക്തമായ, സ്പഷ്ടമായ ﴾50﴿ فَالَّذِينَ എന്നാൽ യാതൊരുകൂട്ടർ آمَنُوا അവർ വിശ്വസിച്ചു وَعَمِلُوا അവർ പ്രവർത്തിക്കയും ചെയ്തു الصَّالِحَاتِ സൽക്കർമങ്ങൾ لَهُمْ അവർക്കുണ്ട് مَغْفِرَةٌ പാപമോചനം وَرِزْقٌ ഉപജീവനവും, ആഹാരവും كَرِيمٌ മാന്യമായ ﴾51﴿ وَالَّذِينَ യാതൊരു

കൂട്ടരാകട്ടെ ا سَعَوْا അവർ പരിശ്രമം നടത്തി (കുഴപ്പത്തിന്) فِي آيَاتِنَا നമ്മുടെ ലക്ഷ്യങ്ങളിൽ مُعَاجِزِينَ തോൽപിക്കാമെന്ന് നടിക്കുന്നവരായി, അസാദ്ധ്യപ്പെടുത്തുവാൻ നോക്കുന്നവരായി أُولَٰئِكَ അക്കൂട്ടർ أَصْحَابُ الْجَحِيمِ നരകത്തിന്റെ ആൾക്കാരാണ്.

ശിക്ഷയും, പ്രതിഫലവും ഒന്നുംതന്നെ എന്റെ കയ്യിലില്ല, അതെല്ലാം അല്ലാഹുവിന്റെ കയ്യിൽ മാത്രമാണ്; ഞാൻ അവന്റെ കൽപനപ്രകാരം നിങ്ങളെ താക്കീത് ചെയ്യാൻവേണ്ടി മാത്രം നിയോഗിക്കപ്പെട്ടവനത്രെ. ഈ താക്കീത് സ്വീകരിക്കുന്നപക്ഷം നിങ്ങൾക്ക് ലഭിക്കുന്ന നേട്ടവും, അല്ലാഹുവിനെ തോല്പിക്കാമെന്നുള്ള ഭാവത്തിൽ അവന്റെ ലക്ഷ്യങ്ങളെ ധിക്കരിക്കുന്നപക്ഷം അതിന് ലഭിക്കുന്ന ശിക്ഷയും- ഇതാ- ഇപ്പറഞ്ഞ പ്രകാരമാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തേക്കുക. എന്നിങ്ങനെ അവരോട് പറയുവാൻ അല്ലാഹു നബിﷺയെ ഉപദേശിക്കുകയാണ്. അടുത്ത ആയത്തിൽ ഇങ്ങനെ അറിയിക്കുകയും ചെയ്യുന്നു:-

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ وَلَا نَبِيٍّ إِلَّآ إِذَا تَمَنَّىٰٓ أَلْقَى ٱلشَّيْطَٰنُ فِىٓ أُمْنِيَّتِهِۦ فَيَنسَخُ ٱللَّهُ مَا يُلْقِى ٱلشَّيْطَٰنُ ثُمَّ يُحْكِمُ ٱللَّهُ ءَايَٰتِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٥٢﴾

《52》 നിനക്ക് മുമ്പ് ഒരു റസൂലിനെയാകട്ടെ, നബിയെയാകട്ടെ, നാം അയക്കുകയുണ്ടായിട്ടില്ല, അദ്ദേഹം (നമ്മുടെ ലക്ഷ്യങ്ങൾ) ഓതിക്കൊടുത്താൽ (ആ) ഓതിക്കൊടുക്കുന്നതിൽ പിശാച് (ദുർബോധനങ്ങൾ) ഇട്ടുകളയാതെ. എന്നാൽ പിശാച് (അതിൽ) ഇട്ടു കളയുന്നതിനെ അല്ലാഹു ദുർബ്ബലപ്പെടുത്തിക്കളയുന്നു; എന്നിട്ട്, തന്റെ (വചനങ്ങളാകുന്ന) ലക്ഷ്യങ്ങളെ അല്ലാഹു പ്രബലപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു, സർവ്വജ്ഞനും യുക്തിജ്ഞാനിയുമാകുന്നു.

لِّيَجْعَلَ مَا يُلْقِى ٱلشَّيْطَٰنُ فِتْنَةً لِّلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْقَاسِيَةِ قُلُوبُهُمْ ۗ وَإِنَّ ٱلظَّٰلِمِينَ لَفِى شِقَاقٍۭ بَعِيدٍ ﴿٥٣﴾

《53》 പിശാച് ഇട്ടു കളയുന്നതിനെ [ദുർബോധനങ്ങളെ] ഹൃദയങ്ങളിൽ രോഗമുള്ളവർക്കും, ഹൃദയങ്ങൾ കടുത്തുപോയിട്ടുള്ളവർക്കും ഒരു പരീക്ഷണമാക്കുവാനായിട്ടത്രെ (അത്). നിശ്ചയമായും, അക്രമകാരികൾ വിദൂരമായ [കഠിനമായ] കക്ഷിത്വത്തിലാണ്.

وَلِيَعْلَمَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ أَنَّهُ

《54》 അറിവ് നൽകപ്പെട്ടിട്ടുള്ളവർക്ക്, അത് നിന്റെ റബ്ബിന്റെ പക്കൽ നിന്നുള്ള യഥാർത്ഥം തന്നെയാ

ٱلْحَقُّ مِن رَّبِّكَ فَيُؤْمِنُوا۟ بِهِۦ فَتُخْبِتَ لَهُۥ قُلُوبُهُمْ ۗ وَإِنَّ ٱللَّهَ لَهَادِ ٱلَّذِينَ ءَامَنُوٓا۟ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٤﴾

ണെന്ന് അറിയുവാനും, അങ്ങനെ അവർ അതിൽ വിശ്വസിക്കുവാനും തൽഫലമായി അവരുടെ ഹൃദയങ്ങൾ അതിലേക്ക് വിനയപ്പെടുവാനും [ലയിക്കുവാനും] വേണ്ടിയുമാകുന്നു. നിശ്ചയമായും, അല്ലാഹു വിശ്വസിച്ചിട്ടുള്ളവരെ നേരായ പാതയിലേക്ക് നയിക്കുന്നവനാകുന്നു.

﴿52﴾ وَمَآأَرْسَلْنَا നാം അയച്ചിട്ടില്ല مِن قَبْلِكَ നിനക്ക് മുമ്പ് مِن رَّسُولٍ ഒരു റസൂലിനെ (ദൂതനെ)യും وَلَانَبِيٍّ നബിയെ (പ്രവാചകനെ)യും ഇല്ല إِلَّا ഒഴികെ, അല്ലാതെ إِذَا تَمَنَّىٰٓ അദ്ദേഹം ഓതിക്കൊടുത്താൽ أَلْقَى ٱلشَّيْطَٰنُ പിശാച് ഇട്ടുകളയും (ഇങ്ങനെയായിട്ടല്ലാതെ) فِىٓ أُمْنِيَّتِهِۦ അദ്ദേഹം ഓതിക്കൊടുത്തതിൽ فَيَنسَخُ ٱللَّهُ എന്നാൽ അല്ലാഹു ദുർബ്ബലപ്പെടുത്തും مَا يُلْقِى ٱلشَّيْطَٰنُ പിശാച് ഇട്ടുകളയുന്നതിനെ ثُمَّ يُحْكِمُ പിന്നെ പ്രബലപ്പെടുത്തും, ശക്തിപ്പെടുത്തും ٱللَّهُ അല്ലാഹു ءَايَٰتِهِۦ തന്റെ ആയത്തുകളെ, ലക്ഷ്യങ്ങളെ وَٱللَّهُ عَلِيمٌ അല്ലാഹു സർവ്വജ്ഞനാണ് حَكِيمٌ യുക്തിജ്ഞാനിയാണ്, അഗാധജ്ഞനാണ് ﴿53﴾ لِّيَجْعَلَ ആക്കുവാൻ വേണ്ടി مَا يُلْقِى ٱلشَّيْطَٰنُ പിശാച് ഇട്ടുകളയുന്നത് فِتْنَةً ഒരു പരീക്ഷണം لِّلَّذِينَ യാതൊരുകൂട്ടർക്ക് فِى قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ട് مَّرَضٌ (ഒരു തരം) രോഗം وَٱلْقَاسِيَةِ കടുത്തവർക്കും قُلُوبُهُمْ തങ്ങളുടെ ഹൃദയങ്ങൾ وَإِنَّ ٱلظَّٰلِمِينَ നിശ്ചയമായും അക്രമകാരികൾ لَفِى شِقَاقٍۭ കക്ഷിത്വത്തിലാണ്, പിളർപ്പിലാണ് بَعِيدٍ വിദൂരമായ (കഠിനമായ) ﴿54﴾ وَلِيَعْلَمَ ٱلَّذِينَ യാതൊരു കൂട്ടർ അറിയുവാനും أُوتُوا۟ ٱلْعِلْمَ അവർക്ക് അറിവ് നൽകപ്പെട്ടിരിക്കുന്നു (അങ്ങനെയുള്ളവർ) أَنَّهُ ٱلْحَقُّ അത് യഥാർത്ഥം തന്നെയാണെന്ന് مِن رَّبِّكَ നിന്റെ റബ്ബിന്റെ പക്കൽനിന്നുള്ള فَيُؤْمِنُوا۟ അങ്ങനെ അവർ വിശ്വസിക്കുവാനും بِهِۦ അതിൽ فَتُخْبِتَ അതിനാൽ വിനയപ്പെടുവാനും لَهُۥ അതിലേക്ക് قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَإِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു لَهَادِ നയിക്കുന്നവനാണ്, മാർഗദർശനം ചെയ്യുന്നവനാണ് ٱلَّذِينَ ءَامَنُوٓا۟ വിശ്വസിച്ചിട്ടുള്ളവരെ إِلَىٰ صِرَٰطٍ പാതയിലേക്ക് مُّسْتَقِيمٍ ചൊവ്വായ, നേരായ

നബിമാർ ജനങ്ങളിൽ സത്യപ്രബോധനം നടത്തുന്ന അവസരങ്ങളിലെല്ലാംതന്നെ, പിശാച് അവന്റെ വകയായി പല ദുർബോധനങ്ങളും അതിൽ കടത്തിക്കൂട്ടി ദുഷ്പ്രചാരം ചെയ്ത് പ്രതിബന്ധം ഉണ്ടാക്കിക്കൊണ്ടിരിക്കുക പതിവാണ്. നബിമാരുടെ ശത്രുക്കളായ ജനങ്ങൾ അത് ഏറ്റുപാടുകയും അത്വഴി ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി സത്യത്തിൽനിന്ന് പിൻതിരിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. 'ജാലവിദ്യയാണ്, കവിതയാണ്, കെട്ടുകഥയാണ്, ഊഹാപോഹമാണ്, യുക്തിഹീനമാണ്, അശാസ്ത്രീയമാണ്' എന്നിങ്ങനെയുള്ള വിവിധ ആരോപണങ്ങൾ പുറപ്പെടുവിക്കും. പൊതുജനങ്ങളെ കബളിപ്പിക്കുന്ന പല ദുർന്യായങ്ങളും അവർ പറഞ്ഞുപരത്തും. ഈ പിശാ

ചുക്കളെ അല്ലാഹു പെട്ടെന്ന് പിടിച്ചുശിക്ഷിക്കാതെ വിടുന്നത് നബിമാരുടെ പ്രബോധനങ്ങൾ സത്യമല്ലാത്തത് കൊണ്ടല്ല. സത്യത്തെ അല്ലാഹു വിജയിപ്പിക്കുകതന്നെ ചെയ്യും. പക്ഷേ, അതിൽ ചില രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ട്. സത്യം സ്വീകരിക്കുവാനും, അന്വേഷിച്ചറിയുവാനും തയ്യാറില്ലാത്ത ദുഷ്ടമനഃസ്ഥിതിയും, ധിക്കാര ബുദ്ധിയുമുള്ളവർക്ക് അതൊരു പരീക്ഷണമാകുന്നു. അതേസമയത്ത്, അറിവും, ബോധവുമുള്ള സത്യാന്വേഷികൾക്ക് അസത്യത്തിൽ നിന്ന് സത്യത്തെ ശരിക്കും തിരിച്ചറിഞ്ഞു ആസ്വദിക്കുവാനുള്ള ഒരവസരവുമാണത്. അല്ലാഹു അവരെ അതിന് സഹായിക്കുകയും ചെയ്യും. പിശാചുക്കളുടെ പ്രവർത്തനം എത്രകണ്ട് ബലപ്പെട്ടതാണോ അത്രകണ്ട്, സത്യത്തിന്റെ കക്ഷിയും സംശുദ്ധരായിത്തീരുകയും, ശക്തിപ്പെടുകയും ചെയ്യും. അങ്ങനെ, പിശാചിന്റെ കക്ഷിയുടെ തിൻമയും, നബിമാരുടെ കക്ഷികളുടെ നൻമയും വർദ്ധിക്കുന്നു. നബി തിരുമേനിﷺയുടെ ശത്രുക്കളായ 'മുശ്‌രിക്കു'കളെ സംബന്ധിച്ച് പറയുന്ന കൂട്ടത്തിൽ അല്ലാഹു ഇപ്രകാരം പറയുന്നു:-

وَ كَذٰلِكَ جَعَلْنَا لِكُلِّ نَبِيٍّ عَدُوًّا شَيَاطِينَ الْإِنْسِ............ وَلِيَقْتَرِفُوا مَا هُمْ مُقْتَرِفُونَ (الأنعام)

സാരം: അത് പോലെ എല്ലാ നബിമാർക്കും തന്നെ, മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കളെ നാം ശത്രുക്കളായി ഏർപ്പെടുത്തിയിട്ടുണ്ട്. അവരിൽ ചിലർ മറ്റുചിലരോട് കൃത്രിമമായി പകിട്ട് വാക്കുകൾ ബോധനം ചെയ്യുന്നതാണ്. (അത് മുടക്കണമെന്ന്) അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരത് ചെയ്കയില്ലായിരുന്നു. ആകയാൽ അവരെയും, അവർ കെട്ടിയുണ്ടാക്കുന്നതിനെയും (അതിന്റെ പാട്ടിന്) വിട്ടേക്കുക. പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അതിലേക്ക് ചെവി കൊടുക്കുവാനും, അവരത് തൃപ്തിപ്പെടുവാനും അവർ പ്രവർത്തിച്ചുണ്ടാക്കുന്നതൊക്കെ പ്രവർത്തിച്ചുണ്ടാക്കുവാനും വേണ്ടിയാണത്. (സൂ: അൻആം: 112, 113)

ഈ ആയത്തിൽനിന്നും, നാം മേൽ വിവരിച്ചതിൽനിന്നുമായി 52-54 ആയത്തുകളുടെ ഉദ്ദേശ്യം ശരിക്ക് വ്യക്തമായല്ലോ. അടിസ്ഥാനരഹിതവും, ഇസ്‌ലാമിന്റെ ശത്രുക്കളാൽ വിരചിതവുമായ ചില കഥകളുടെ വെളിച്ചത്തിൽ, നുബുവ്വത്തിന്റെ (പ്രവാചകത്വത്തിന്റെ) അടിത്തറക്ക്തന്നെ കളങ്കം വരുത്തുന്ന ചില വ്യാഖ്യാനങ്ങൾ ഇവിടെ ചിലർ കൽപ്പിക്കാറുണ്ട്. ദുരുദ്ദേശ്യപൂർവ്വമല്ലെങ്കിലും- ബുദ്ധിയുടെയും, ന്യായത്തിന്റെയും, മതപ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ ശരിക്ക് ചിന്തിക്കാതെ- ചില വ്യാഖ്യാതാക്കൾ തങ്ങളുടെ ഗ്രന്ഥങ്ങളിൽ അത് പകർത്തിയിട്ടുമുണ്ട്. അതനുസരിച്ച് ആയത്തുകൾക്ക് അവർ കൽപ്പിക്കുന്ന സാരം ഏതാണ്ടിങ്ങിനെയായിരിക്കും. 'ഏതൊരു നബിയും വേദഗ്രന്ഥം ഓതിക്കേൾപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ വായിൽകൂടി, അദ്ദേഹം അറിയാതെ, പിശാചും ചില വാക്യങ്ങൾ കൂട്ടിച്ചേർത്തു പുറത്തുവിടും. പിന്നീട് അത് ദുർബ്ബലപ്പെടുത്തപ്പെടുകയും ചെയ്യും...' ഇതിന് ഇവർ നിദാനമായി എടുക്കുന്ന ഒരു കഥയുടെ ചുരുക്കം ഇതാണ്:- നബി തിരുമേനിﷺ സൂറത്തുവന്നജ്മി (**والنجم**) ഓതിക്കേൾപ്പിക്കുമ്പോൾ അതിൽ 'ലാത്ത,' 'ഉസ്സാ' എന്നീ വിഗ്രഹങ്ങളെപ്പറ്റി **افرأيتم اللات والعزى الخ** എന്ന് പ്രസ്താവിച്ചശേഷം അവയെ പ്രശംസിച്ചുകൊണ്ട് ചില വാക്യങ്ങൾ, തിരുമേനി അറിയാതെ- പിശാചിന്റെ വകയായി- കൂട്ടിപ്പറഞ്ഞുപോയി; അത് കേട്ടപ്പോൾ അവിശ്വാസികൾ വളരെ സന്തോഷിച്ചു. ആരോ കെട്ടിച്ചമച്ചുണ്ടാക്കിയ ഈ കഥയും അതിനൊപ്പിച്ചുകൊണ്ടുള്ള വ്യാഖ്യാനങ്ങളും വിവിധ രേഖകളോടുകൂടി പല മഹാൻമാരും യുക്തിയുക്തം ഖണ്ഡിച്ചും, നിഷേധിച്ചും വന്നിട്ടുള്ളതാകകൊണ്ട്, അതിനെപ്പറ്റി നാം ഇവിടെ കൂടുതലായൊന്നും വിവരിക്കേണ്ടതില്ല. പിശാചിന്റെ ദുർമന്ത്രങ്ങൾ പിൻപറ്റുന്നവരെയും,

സത്യവിശ്വാസികളെയും സംബന്ധിച്ച് വീണ്ടും അല്ലാഹു പറയുന്നു:-

وَلَا يَزَالُ ٱلَّذِينَ كَفَرُوا۟ فِى مِرْيَةٍ مِّنْهُ حَتَّىٰ تَأْتِيَهُمُ ٱلسَّاعَةُ بَغْتَةً أَوْ يَأْتِيَهُمْ عَذَابُ يَوْمٍ عَقِيمٍ ﴿٥٥﴾

﴾55﴿ പെട്ടെന്നൊരിക്കൽ അന്ത്യസമയം [ലോകാവസാന സമയം] തങ്ങൾക്ക് വന്നെത്തുന്നത് വരെ, അവിശ്വസിച്ചവർ അതിനെക്കുറിച്ച് സംശയത്തിലായിക്കൊണ്ടേയിരിക്കുന്നതാണ്; അല്ലെങ്കിൽ, ഗുണംകെട്ട ഒരു ദിവസത്തിലെ ശിക്ഷ അവർക്ക് വന്നെത്തുവോളം (അവരങ്ങിനെയിരിക്കും).

ٱلْمُلْكُ يَوْمَئِذٍ لِّلَّهِ يَحْكُمُ بَيْنَهُمْ ۚ فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فِى جَنَّٰتِ ٱلنَّعِيمِ ﴿٥٦﴾

﴾56﴿ അന്നത്തെ ദിവസം, ആധിപത്യം (മുഴുവനും) അല്ലാഹുവിനാകുന്നു. അവർക്കിടയിൽ അവൻ വിധി കൽപിക്കും. എന്നാൽ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർ സൗഖ്യ ജീവിതത്തിന്റെ സ്വർഗങ്ങളിലായിരിക്കും.

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَا فَأُو۟لَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٥٧﴾

﴾57﴿ അവിശ്വസിക്കുകയും, നമ്മുടെ ലക്ഷ്യങ്ങളെ കളവാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർക്ക് തന്നെയാണ് നിന്ദ്യമായ ശിക്ഷ.

﴾55﴿ وَلَا يَزَالُ ആയിക്കൊണ്ടിരിക്കും الَّذِينَ كَفَرُوا അവിശ്വസിച്ചവർ فِي مِرْيَةٍ സംശയത്തിൽ مِنْهُ അതിനെക്കുറിച്ച് حَتَّىٰ تَأْتِيَهُمُ അവർക്ക് വന്നെത്തുവോളം السَّاعَةُ അന്ത്യസമയം بَغْتَةً പെട്ടെന്ന്, യാദൃച്ഛികമായി أَوْ يَأْتِيَهُمْ അല്ലെങ്കിൽ അവർക്ക് വന്നെത്തുവോളം عَذَابُ يَوْمٍ ഒരു ദിവസത്തെ ശിക്ഷ عَقِيمٍ ഗുണംകെട്ട, നന്മയില്ലാത്ത ﴾56﴿ الْمُلْكُ ആധിപത്യം, രാജത്വം يَوْمَئِذٍ അന്ന്, അന്നത്തെദിവസം لِلَّهِ അല്ലാഹുവിനാണ് يَحْكُمُ അവൻ വിധി നടത്തും بَيْنَهُمْ അവർക്കിടയിൽ فَالَّذِينَ അപ്പോൾ യാതൊരു കൂട്ടർ آمَنُوا അവർ വിശ്വസിച്ചു وَعَمِلُوا അവർ പ്രവർത്തിക്കുകയും ചെയ്തു الصَّالِحَاتِ സൽക്കർമങ്ങൾ فِي جَنَّاتِ സ്വർഗങ്ങളിലായിരിക്കും النَّعِيمِ സുഖജീവിതത്തിന്റെ, സുഖാനുഗ്രഹത്തിന്റെ ﴾57﴿ وَالَّذِينَ യാതൊരു കൂട്ടരാകട്ടെ كَفَرُوا അവർ അവിശ്വസിച്ചു وَكَذَّبُوا

അവർ കളവാക്കുകയും ചെയ്തു بِـَٔايَٰتِنَا നമ്മുടെ ലക്ഷ്യങ്ങളെ فَأُوْلَٰٓئِكَ എന്നാൽ അക്കൂട്ടർ لَهُمْ അവർക്കാണ് عَذَابٌ ശിക്ഷ مُّهِينٌ നിന്ദ്യമായ, നിന്ദ്യമാക്കുന്ന, അപമാനകരമായ

എല്ലാ കാലത്തുമുള്ള സർവ്വാധിപത്യം അല്ലാഹുവിന് തന്നെയാണെങ്കിലും, ഇന്ന് ബാഹ്യമായ ചില അധികാരശക്തികൾ നിലവിലുണ്ടല്ലോ. മാത്രമല്ല, മനുഷ്യന് അവന്റെ ഐഹികജീവിതം അവസാനിക്കുന്നതുവരേക്കും പരിമിതമായ ചില സ്വാതന്ത്ര്യങ്ങൾ നൽകപ്പെട്ടിട്ടുമുണ്ട്. ക്വിയാമത്തുനാളിൽ അങ്ങനെയുള്ള യാതൊരു അധികാരത്തിന്റെയോ, സ്വാതന്ത്ര്യത്തിന്റെയോ ശകലംപോലും ഉണ്ടായിരിക്കുകയില്ല. അന്ന് സർവ്വ അധികാരങ്ങളും, ഏക ഇലാഹായ, സർവ്വാധികാരിയായ അല്ലാഹുവിനുമാത്രം!(لله الواحد القهار) സത്യവിശ്വാസികളെപ്പറ്റി പൊതുവിൽ പറഞ്ഞശേഷം, അവിശ്വാസികളുടെ മർദ്ദനങ്ങൾ നിമിത്തം നാടുവിടേണ്ടിവന്നവരെപ്പറ്റി പ്രത്യേകം എടുത്തുപറയുന്നു:-

വിഭാഗം - 8

وَٱلَّذِينَ هَاجَرُواْ فِي سَبِيلِ ٱللَّهِ ثُمَّ قُتِلُوٓاْ أَوْ مَاتُواْ لَيَرْزُقَنَّهُمُ ٱللَّهُ رِزْقًا حَسَنًا ۚ وَإِنَّ ٱللَّهَ لَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٥٨﴾

﴾58﴿ അല്ലാഹുവിന്റെ മാർഗത്തിലായി സ്വരാജ്യംവിട്ടു (ഹിജ്റഃ) പോകുകയും, പിന്നീട് (ശത്രുക്കളാൽ) കൊല്ലപ്പെടുകയോ, അല്ലെങ്കിൽ മരണമടയുകയോ ചെയ്കയും ചെയ്തിട്ടുള്ളവരാകട്ടെ, നിശ്ചയമായും അല്ലാഹു അവർക്ക് മെച്ചപ്പെട്ട ഉപജീവനം നൽകുന്നതാണ്. നിശ്ചയമായും, അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവരിൽ (ഏറ്റവും) ഉത്തമനായുള്ളവൻ.

لَيُدْخِلَنَّهُم مُّدْخَلًا يَرْضَوْنَهُۥ ۗ وَإِنَّ ٱللَّهَ لَعَلِيمٌ حَلِيمٌ ﴿٥٩﴾

﴾59﴿ അവർ തൃപ്തിപ്പെടുന്നതായ ഒരു പ്രവേശനസ്ഥലത്ത് [സ്വർഗത്തിൽ] അവരെ അവൻ പ്രവേശിപ്പിക്കുകതന്നെചെയ്യും. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും, ക്ഷമാലുവും തന്നെ.

ذَٰلِكَ وَمَنْ عَاقَبَ بِمِثْلِ مَا عُوقِبَ بِهِۦ ثُمَّ بُغِيَ عَلَيْهِ لَيَنصُرَنَّهُ ٱللَّهُ

﴾60﴿ (കാര്യത്തിന്റെ നില) അതാണ്. ആരെങ്കിലും, തന്നോട് എടുക്കപ്പെട്ട ശിക്ഷാനടപടിക്ക് തുല്യമായത് കൊണ്ട് (അങ്ങോട്ട്) പ്രതികാര നടപടി എടുക്കുകയും,പിന്നെയും തന്നോട് അതിക്രമം പ്രവർത്തിക്കപ്പെടുകയും ചെയ്യുന്നതായാൽ, നിശ്ചയമായും അല്ലാഹു അവനെ സഹായി

إِنَّ ٱللَّهَ لَعَفُوٌّ غَفُورٌ ﴿٦٠﴾

ക്കുന്നതാകുന്നു. നിശ്ചയമായും അല്ലാഹു മാപ്പ് ചെയ്യുന്നവനും പൊറുക്കുന്നവനുമത്രെ.

ذَٰلِكَ بِأَنَّ ٱللَّهَ يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ وَأَنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ﴿٦١﴾

﴾61﴿ അത് [ആ സഹായം], അല്ലാഹു രാവിനെ പകലില്‍, കടത്തുകയും, പകലിനെ രാവില്‍ കടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്നും, അല്ലാഹു (എല്ലാം) കേള്‍ക്കുന്നവനും, കാണുന്നവനും ആണെന്നും ഉള്ളത് കൊണ്ടാകുന്നു.

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِۦ هُوَ ٱلْبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٦٢﴾

﴾62﴿ അല്ലാഹുവാണ് യഥാര്‍ത്ഥത്തിലുള്ളവന്‍, അവന് പുറമെ അവര്‍ വിളിച്ചു (പ്രാര്‍ത്ഥിച്ചു) വരുന്നവ തന്നെയാണ് നിരര്‍ത്ഥമായത്, അല്ലാഹു തന്നെയാകുന്നു ഉന്നതനും മഹാനുമായുള്ളവനും, എന്നീ കാരണത്താലാണത്.

﴾58﴿ وَالَّذِينَ യാതൊരുകൂട്ടര്‍ هَاجَرُوا അവര്‍ നാടുവിട്ടുപോയി, ഹിജ്റഃപോയി فِي سَبِيلِ اللَّهِ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ثُمَّ قُتِلُوا പിന്നെ അവര്‍ കൊല്ലപ്പെട്ടു أَوْ مَاتُوا അല്ലെങ്കില്‍ മരണപ്പെട്ടു لَيَرْزُقَنَّهُمُ നിശ്ചയമായും അവര്‍ക്ക് നല്‍കും اللَّهُ അല്ലാഹു رِزْقًا حَسَنًا നല്ല ഉപജീവനം وَإِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَهُوَ അവന്‍ തന്നെയാണ് خَيْرُ الرَّازِقِينَ ഉപജീവനം നല്‍കുന്നവരില്‍ ഉത്തമന്‍ ﴾59﴿ لَيُدْخِلَنَّهُمْ നിശ്ചയമായും അവന്‍ അവരെ പ്രവേശിപ്പിക്കും مُدْخَلًا ഒരു പ്രവേശനസ്ഥലത്ത് يَرْضَوْنَهُ അവരത് തൃപ്തിപ്പെടും (അങ്ങനെയുള്ള) وَإِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَعَلِيمٌ സര്‍വ്വജ്ഞന്‍ തന്നെ حَلِيمٌ ക്ഷമാലുവായ, സഹനശീലനായവന്‍ ﴾60﴿ ذَلِكَ അതാണ് (കാര്യം) وَمَنْ عَاقَبَ ആരെങ്കിലും പ്രതികാര നടപടിയെടുത്താല്‍ بِمِثْلِ مَا യാതൊന്നിന് തുല്യമായത് കൊണ്ട് عُوقِبَ അവന്‍ ശിക്ഷാനടപടി എടുക്കപ്പെട്ടിരിക്കുന്നു بِهِ അതുകൊണ്ട് ثُمَّ പിന്നെ, പിന്നെയും بُغِيَ عَلَيْهِ അവനോട് അതിക്രമം ചെയ്യപ്പെട്ടു (എന്നാല്‍) لَيَنْصُرَنَّهُ നിശ്ചയമായും അവനെ സഹായിക്കും اللَّهُ അല്ലാഹു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَعَفُوٌّ മാപ്പ് ചെയ്യുന്നവന്‍തന്നെയാണ് غَفُورٌ പൊറുക്കുന്നവനും ﴾61﴿ ذَلِكَ അത് بِأَنَّ اللَّهَ നിശ്ചയമായും അല്ലാഹു ആണെന്നത് കൊണ്ടാണ് يُولِجُ അവന്‍ കടത്തുന്നു (എന്നത്) اللَّيْلَ രാത്രിയെ فِي النَّهَارِ പകലില്‍ وَيُولِجُ അവന്‍ കടത്തുകയും ചെയ്യുന്നു النَّهَارَ പക

ലിനെ فِي اللَّيْلِ രാത്രിയിൽ وَأَنَّ اللَّهَ നിശ്ചയമായും അല്ലാഹു ആണെന്നതും سَمِيعٌ കേൾക്കുന്നവൻ بَصِيرٌ കാണുന്നവനും ﴾62﴿ ذَٰلِكَ അത് بِأَنَّ اللَّهَ അല്ലാഹു ആണെന്നത് കൊണ്ടാണ് هُوَ الْحَقُّ യഥാർത്ഥത്തിലുള്ളവൻ അവൻ തന്നെ وَأَنَّ مَا يَدْعُونَ അവർ വിളിക്കുന്നത് (പ്രാർത്ഥിക്കുന്നത്) ആണെന്നതും مِن دُونِهِ അവന് പുറമെ, അവനെക്കൂടാതെ هُوَ الْبَاطِلُ അത് തന്നെ നിരർത്ഥമായത്, അയഥാർത്ഥമായത് وَأَنَّ اللَّهَ അല്ലാഹു ആണെന്നതും هُوَ الْعَلِيُّ അവൻ തന്നെ ഉന്നതൻ الْكَبِيرُ മഹാൻ, വലിയവൻ

'അത്' (ذَٰلِكَ) എന്ന സൂചനാനാമം (اسم الاشارة) വാക്യങ്ങളുടെ ആരംഭത്തിൽ ചില പ്രത്യേക സാരങ്ങളെ ഉദ്ദേശിച്ചുകൊണ്ടുണ്ടാവാറുണ്ടെന്ന് 32-ാം ആയത്തിന്റെ താഴെ നാം പറഞ്ഞുവല്ലോ. 60-ാം ആയത്തിലുള്ളതും അപ്രകാരംതന്നെ. അതാണ്- അഥവാ മേൽ ആയത്തുകളിൽ വിവരിച്ചതാണ്- സ്ഥിതിഗതികളുടെ യാഥാർത്ഥ്യം. അതുകൊണ്ടാണ് മർദ്ദിതരായ സത്യവിശ്വാസികൾക്ക് യുദ്ധം ചെയ്തുകൊള്ളുവാൻ അനുവാദം നൽകപ്പെട്ടത്. മാത്രമല്ല, അക്രമത്തിന് പകരം, അതേ അളവിൽ അങ്ങോട്ടും പ്രതികാരനടപടി എടുക്കുവാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. അത് ലോകനീതിയത്രെ. ഈ അവകാശ നടപടി എടുക്കുമ്പോൾ വീണ്ടും മറുഭാഗത്തുനിന്ന് അതിക്രമവും കയ്യേറ്റവുമാണുണ്ടാകുന്നതെങ്കിൽ, അതിനെതിരിൽ, അല്ലാഹുവിന്റെ സഹായം നീതിയുടെ ഭാഗത്തുള്ളവർക്ക് അവൻ നൽകാതിരിക്കുകയില്ല. അക്രമവും ധിക്കാരവും നടത്തിയവരാകട്ടെ, ശരിക്ക് മടങ്ങി ഖേദിക്കുന്ന പക്ഷം, അല്ലാഹു അവർക്ക് മാപ്പ് നൽകുവാനും, പൊറുക്കുവാനും സദാ തയ്യാറുമാകുന്നു എന്ന് സാരം.

മർദ്ദിതർക്ക് പ്രതികാര നടപടി എടുക്കുവാൻ അല്ലാഹു അവകാശം നൽകി; സ്വയരക്ഷക്കുവേണ്ടി യുദ്ധം ചെയ്യാൻ അനുവാദം കൊടുത്തു: കുഴപ്പങ്ങളും കലഹങ്ങളും ഇല്ലാതാക്കുവാൻ വേണ്ടി ഒരു കൂട്ടരുടെ അക്രമത്തെ മറ്റൊരു കൂട്ടരെക്കൊണ്ട് അവൻ തടയുന്നു; സത്യത്തിന്റെ കക്ഷിയെ സഹായിക്കുമെന്ന് നിശ്ചയിച്ചു; അസത്യത്തിന്റെ കക്ഷിയെ ശിക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തു; ഇതിനെല്ലാം കാരണമെന്താണ്? രാപ്പകലുകളിൽ നടക്കുന്ന എല്ലാ കാര്യങ്ങളുടെയും നിയന്ത്രണം അവന്റെ പക്കലാണ്; അവനാണെങ്കിൽ എല്ലാം കണ്ടറിഞ്ഞും, കേട്ടറിഞ്ഞും കൊണ്ടേയിരിക്കുകയും ചെയ്യുന്നു; എന്നിരിക്കെ, ലോകത്തിന്റെ നിലനിൽപിന്നും, വ്യവസ്ഥക്കും ഇങ്ങനെയുള്ള ചില നിയമനടപടികൾ അവശ്യം ആവശ്യമാണ്.

രാവിനെ പകലിലും, പകലിനെ രാവിലും കടത്തുന്നു എന്ന് പറഞ്ഞതിന്റെ പ്രത്യക്ഷത്തിലുള്ള സാരം: രാവ് അവസാനിക്കുമ്പോഴേക്ക് പകലും, പകൽ അവസാനിക്കുമ്പോഴേക്ക് രാവും വരത്തക്കവണ്ണം, ഒന്നിന്റെ അവസാനത്തോടുകൂടി മറ്റേതിന്റെ ആരംഭവും ഏർപ്പെടുത്തുന്നു എന്നായിരിക്കാം. രാപ്പകലുകൾ സമമായിരിക്കാത്തകാലത്ത് ഒന്ന് ചുരുങ്ങിയും മറ്റേത് വർദ്ധിച്ചും കൊണ്ടിരിക്കുമല്ലോ. അപ്പോൾ, ഒന്നിൽ കുറവുള്ളത് മറ്റേതിൽ വർദ്ധിപ്പിക്കുകയും, ഒന്നിന്റെ വർദ്ധനവ് മറ്റേതിൽ കുറയ്ക്കുകയും ചെയ്യുന്നു എന്നും ആയിരിക്കാം. ഏതായാലും രാപ്പകലുകളെയും, രാപ്പകലുകളിലായി ലോകത്തുനടക്കുന്ന എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്നത് അല്ലാഹുതന്നെ. ആയതുകൊണ്ടാണ് മേൽപറഞ്ഞ ഭരണനിയമങ്ങൾ അവൻ നടപ്പിൽ വരുത്തുന്നത്.

എല്ലാറ്റിനും അടിസ്ഥാന നിദാനമായിട്ടുള്ള ഒരു വസ്തുതയാണ് ഒടുവിലത്തെ വചനം

കാണിക്കുന്നത്. ദൈവങ്ങളായും, ആരാധ്യവസ്തുക്കളായും അവർ പലതിനെയും ഗണിച്ചുവരുന്നു. അവയിൽ ഒന്ന് പോലും, പരിപൂർണമായ അസ്തിത്വമോ, സ്ഥിരമായ നിലനിൽപോ, ശക്തിയോ, കഴിവോ ഒന്നും തന്നെ ഉള്ളതല്ല. കേവലം നിരർത്ഥവും, മിഥ്യയും മാത്രമാണ്. യഥാർത്ഥവും സ്ഥിരവുമായ അസ്തിത്വമുള്ളവനും, യഥാർത്ഥ ഔന്നത്യവും മഹത്വവും തികഞ്ഞവനും അല്ലാഹു ഒരേ ഒരുവൻ മാത്രം. ഇതാണതിന്റെയെല്ലാം ഏറ്റവും പിന്നിലുള്ള മൂലകാരണം. ഏറ്റവും ശരിയായതും, സർവ്വപ്രധാനമായതുമായ ഈ യാഥാർത്ഥ്യത്തെയാണ്, ഈ ലോകത്ത് കാണപ്പെടുന്ന എല്ലാ വസ്തുക്കളും, വസ്തുതകളും വെളിപ്പെടുത്തുന്നത്. നോക്കുക;-

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَتُصْبِحُ ٱلْأَرْضُ مُخْضَرَّةً ۗ إِنَّ ٱللَّهَ لَطِيفٌ خَبِيرٌ ﴿٦٣﴾

﴾63﴿ നീ കണ്ടില്ലേ: അല്ലാഹു ആകാശത്ത് നിന്ന് (മഴ) വെള്ളം ഇറക്കിയിട്ട് ഭൂമി പച്ചപിടിച്ചതായിത്തീരുന്നത്?! നിശ്ചയമായും, അല്ലാഹു സസൂക്ഷ്മനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

﴾63﴿ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ اللهَ നിശ്ചയമായും അല്ലാഹു أَنزَلَ ഇറക്കിയിരിക്കുന്നു എന്ന് مِنَ السَّمَاءِ ആകാശത്ത് നിന്ന് مَاءً വെള്ളം (മഴ) فَتُصْبِحُ എന്നിട്ട് ആയിത്തീരുന്നു الأَرْضُ ഭൂമി مُخْضَرَّةً പച്ചപിടിച്ചത് إِنَّ اللهَ നിശ്ചയമായും അല്ലാഹു لَطِيفٌ സൂക്ഷ്മജ്ഞനാണ്, വളരെ സൗമ്യമുള്ളവനാണ് خَبِيرٌ സൂക്ഷ്മജ്ഞാനി, സൂക്ഷ്മമായി അറിയുന്നവൻ

(لَطِيفٌ) (ലത്വീഫ്) എന്ന വാക്കിനാണ് 'സസൂക്ഷ്മൻ' എന്ന് അർത്ഥം കൽപിച്ചത്. സൃഷ്ടികൾക്ക് മനസ്സിലാക്കുവാൻ കഴിയാത്തവണ്ണം അതിസൂക്ഷ്മമായുള്ളവൻ എന്നും, അതിസൂക്ഷ്മങ്ങളായ എല്ലാ കാര്യങ്ങളും അറിയുന്നവൻ എന്നും ഇവിടെ വിവക്ഷിക്കപ്പെടാവുന്നതാകുന്നു.മയം ചെയ്യുന്നവൻ, കനിവും അലിവുമുള്ളവൻ, സൗമ്യശീലൻ എന്നിങ്ങനെയുള്ള അർത്ഥങ്ങളിലും ഈ വാക്ക് ഉപയോഗിക്കപ്പെടുന്നു.

لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَإِنَّ ٱللَّهَ لَهُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٦٤﴾

﴾64﴿ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അവന്റേതാകുന്നു. നിശ്ചയമായും അല്ലാഹു തന്നെയാണ് സ്തുത്യർഹനായ നിരാശ്രയൻ.

വിഭാഗം - 9

أَلَمْ تَرَ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلْأَرْضِ وَٱلْفُلْكَ تَجْرِى فِى ٱلْبَحْرِ

﴾65﴿ നീ കണ്ടില്ലേ; ഭൂമിയിലുള്ളതും, തന്റെ കൽപ്പനയനുസരിച്ച് സമുദ്രത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളും അല്ലാഹു നിങ്ങൾക്ക്

بِأَمْرِهِۦ وَيُمْسِكُ ٱلسَّمَآءَ أَن تَقَعَ عَلَى ٱلْأَرْضِ إِلَّا بِإِذْنِهِۦٓ ۗ

കീഴ്പെടുത്തിത്തന്നിരിക്കുന്നത്?! അവന്റെ അനുമതി [കൽപ്പന] പ്രകാരമല്ലാതെ ഭൂമിയിൽ വീണുപോകുന്നതിന്, ആകാശത്തെ അവൻ പിടിച്ചു നിർത്തുകയും ചെയ്യുന്നു.

إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٌ رَّحِيمٌ ﴿٦٥﴾

നിശ്ചയമായും അല്ലാഹു ജനങ്ങളോട് വളരെ കൃപയുള്ളവൻ തന്നെയാണ്, കരുണാനിധിയാണ്.

وَهُوَ ٱلَّذِىٓ أَحْيَاكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ۗ

﴿66﴾ അവനത്രെ, നിങ്ങളെ ജീവിപ്പിച്ചവൻ, പിന്നെ നിങ്ങളെ അവൻ മരണപ്പെടുത്തുന്നു; പിന്നെയും നിങ്ങളെ അവൻ ജീവിപ്പിക്കുന്നു.

إِنَّ ٱلْإِنسَٰنَ لَكَفُورٌ ﴿٦٦﴾

നിശ്ചയമായും, മനുഷ്യൻ വളരെ നന്ദികെട്ടവൻ തന്നെയാണ്!

﴿64﴾ لَهُ അവന്റേതാണ് مَافِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَافِي الأَرْضِ ഭൂമിയിലുള്ളതും وَإِنَّ اللهَ നിശ്ചയമായും അല്ലാഹു هُوَ അവൻ തന്നെയാണ് الْغَنِيُّ നിരാശ്രയൻ, ഐശ്വര്യവാൻ الْحَمِيدُ സ്തുത്യർഹൻ ﴿65﴾ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ اللهَ നിശ്ചയമായും അല്ലാഹു سَخَّرَلَكُمْ നിങ്ങൾക്ക് കീഴ്പെടുത്തിത്തന്നിരിക്കുന്നു (എന്ന്) مَافِي الأَرْضِ ഭൂമിയിലുള്ളത് وَالْفُلْكَ കപ്പലും تَجْرِي അത് നടക്കുന്നു, സഞ്ചരിക്കുന്നു فِي الْبَحْرِ സമുദ്രത്തിൽ, കടലിൽ بِأَمْرِهِ അവന്റെ കൽപനയനുസരിച്ച് وَيُمْسِكُ അവൻ പിടിച്ചുനിറുത്തുകയും ചെയ്യുന്നു السَّمَاءَ ആകാശത്തെ أَنْ تَقَعَ അത് വീണുപോകുന്നതിന് عَلَى الأَرْضِ ഭൂമിയുടെമേൽ إِلَّا بِإِذْنِهِ അവന്റെ അനുമതി (കല്പന) പ്രകാരമല്ലാതെ إِنَّ اللهَ നിശ്ചയമായും അല്ലാഹു بِالنَّاسِ മനുഷ്യരോട് لَرَءُوفٌ വളരെ കൃപയുള്ളവൻതന്നെ رَحِيمٌ കരുണാനിധിയാണ് ﴿66﴾ وَهُوَ അവൻ, അവനത്രെ الَّذِي أَحْيَاكُمْ നിങ്ങളെ ജീവിപ്പിച്ചവനാണ്, ജീവിപ്പിച്ചവൻ ثُمَّ يُمِيتُكُمْ പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നു ثُمَّ يُحْيِيكُمْ പിന്നെ അവൻ നിങ്ങളെ ജീവിപ്പിക്കുന്നു إِنَّ الإِنْسَانَ നിശ്ചയമായും മനുഷ്യൻ لَكَفُورٌ നന്ദികെട്ടവൻതന്നെ, കൃതഘ്നൻ തന്നെ

ഈ ആയത്തുകളുടെ സാരം വിവരിക്കേണ്ടുന്ന ആവശ്യമില്ല; ഉദ്ദേശ്യം വ്യക്തമാണ്. അവയുടെ ഉള്ളടക്കം വേണ്ടത് പോലെ ഗ്രഹിക്കുന്നതിനും, അതിൽ ചിന്തിക്കുന്നതിനും അല്ലാഹു നമുക്ക് 'തൗഫീക്' നൽകട്ടെ!. آمين

അല്ലാഹുവിന്റെ അതിവിശാലമായ ഈ പ്രപഞ്ചമഹാരംഗത്ത് നടമാടിക്കൊണ്ടിരിക്കുന്ന ശക്തിപ്രഭാവത്തിന്റെ ലക്ഷ്യങ്ങളെപ്പറ്റി വിവരിച്ചശേഷം, വിഷയം മറ്റൊരു ഗതി

യിലേക്ക് തിരിയുകയാണ്. എറ്റവും നല്ലമാർഗമായി നബിﷺക്ക് അല്ലാഹു തിരഞ്ഞെടുത്തുകൊടുത്തിട്ടുള്ളതും, അതനുസരിച്ച് പ്രവർത്തിക്കുവാനും പ്രബോധനം ചെയ്യുവാനും ആജ്ഞാപിക്കപ്പെട്ടിട്ടുള്ളതുമായ പരിപാവന മാർഗത്തിൽനിന്ന് ഒട്ടും വ്യതിചലിക്കരുത്. അതിനെ കളങ്കപ്പെടുത്തുവാനോ, മുടക്കിക്കളയുവാനോ വേണ്ടി രംഗപ്രവേശം ചെയ്യുന്ന ഏതൊരു ദുഃശ്ശക്തിയെയും വകവെക്കരുത്. അങ്ങനെ സധീരം മുന്നോട്ട് മുന്നോട്ട് പോയിക്കൊണ്ടിരിക്കണം, എന്ന് നബിﷺയെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു ഉപദേശിക്കുന്നു:-

لِّكُلِّ أُمَّةٍ جَعَلْنَا مَنسَكًا هُمْ نَاسِكُوهُ ۖ فَلَا يُنَازِعُنَّكَ فِي الْأَمْرِ ۚ وَادْعُ إِلَىٰ رَبِّكَ ۖ إِنَّكَ لَعَلَىٰ هُدًى مُّسْتَقِيمٍ ﴿٦٧﴾

﴾67﴿ എല്ലാ (ഓരോ) സമുദായത്തിനും നാം ഓരോ കർമാനുഷ്ഠാന മുറ ഏർപ്പെടുത്തിയിരിക്കുന്നു. അവർ അത് അനുഷ്ഠിച്ചുവരുന്നവരാണ്. അതിനാൽ, (ഈ) കാര്യത്തിൽ അവർ നിന്നോട് വഴക്കടിക്കാതിരുന്നു കൊള്ളട്ടെ. നിന്റെ രക്ഷിതാവിങ്കലേക്ക് നീ (ജനങ്ങളെ) ക്ഷണിച്ചുകൊള്ളുക. നിശ്ചയമായും, നീ ചൊവ്വായ സന്മാർഗത്തിൽ തന്നെയാകുന്നു.

وَإِن جَادَلُوكَ فَقُلِ اللَّهُ أَعْلَمُ بِمَا تَعْمَلُونَ ﴿٦٨﴾

﴾68﴿ അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ നീ പറഞ്ഞേക്കുക: 'നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു!

اللَّهُ يَحْكُمُ بَيْنَكُمْ يَوْمَ الْقِيَامَةِ فِيمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٦٩﴾

﴾69﴿ 'യാതൊന്നിൽ നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ [അക്കാര്യത്തിൽ] ക്വിയാമത്ത് നാളിൽ അല്ലാഹു നിങ്ങൾക്കിടയിൽ വിധി കൽപിച്ചുകൊള്ളും [ഞാൻ നിങ്ങളുമായി തർക്കിക്കുന്നില്ല]' എന്ന്.

أَلَمْ تَعْلَمْ أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاءِ وَالْأَرْضِ ۗ إِنَّ ذَٰلِكَ فِي كِتَابٍ ۚ إِنَّ ذَٰلِكَ عَلَى اللَّهِ يَسِيرٌ ﴿٧٠﴾

﴾70﴿ നിനക്കറിഞ്ഞുകൂടേ, അല്ലാഹു ആകാശഭൂമികളിലുള്ളത് (ഒക്കെയും) അറിയുന്നുവെന്ന്?! നിശ്ചയമായും, അത് (മുഴുവനും) ഒരു ഗ്രന്ഥത്തിൽ [രേഖയിൽ] ഉണ്ട്; നിശ്ചയമായും, അത് അല്ലാഹുവിന് നിസ്സാരമത്രെ.

﴾67﴿ لِكُلِّ أُمَّةٍ എല്ലാ സമുദായത്തിനും جَعَلْنَا നാം ഏർപ്പെടുത്തിയിരിക്കുന്നു, ഉണ്ടാക്കിയിരിക്കുന്നു مَنسَكًا ഒരു കർമാനുഷ്ഠാനമുറ, കർമമുറ هُمْ അവർ نَاسِكُوهُ അത് അനുഷ്ഠിക്കുന്നവരാണ് فَلَا يُنَازِعُنَّكَ ആകയാൽ അവർ നിന്നോട് വഴക്കടിക്കാതിരുന്നു കൊള്ളട്ടെ فِي الْأَمْرِ കാര്യത്തിൽ وَادْعُ നീ വിളിച്ചുകൊള്ളുക, ക്ഷണിക്കുക إِلَىٰ رَبِّكَ നിന്റെ രക്ഷിതാവിങ്കലേക്ക് إِنَّكَ നിശ്ചയമായും നീ لَعَلَىٰ هُدًى സന്മാർഗത്തിൽതന്നെ مُّسْتَقِيمٍ ചൊവ്വായ, നേരായ ﴾68﴿ وَإِن جَادَلُوكَ അവർ നിന്നോട് തർക്കിച്ചാൽ فَقُلِ അപ്പോൾ നീ പറയുക اللَّهُ أَعْلَمُ അല്ലാഹു ഏറ്റവും (നല്ലവണ്ണം) അറിയുന്നവനാണ് بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ﴾69﴿ اللَّهُ يَحْكُمُ അല്ലാഹു വിധി ച്ചുകൊള്ളും بَيْنَكُمْ നിങ്ങൾക്കിടയിൽ يَوْمَ الْقِيَامَةِ ഖിയാമത്ത്നാളിൽ فِيمَا യാതൊ ന്നിൽ, യാതൊരു കാര്യത്തിൽ كُنتُمْ فِيهِ അതിൽ നിങ്ങളായിരിക്കും تَخْتَلِفُونَ ഭിന്നിച്ചു കൊണ്ടിരിക്കും, ഭിന്നിക്കുന്ന(വർ) ﴾70﴿ أَلَمْ تَعْلَمْ നിനക്കറിഞ്ഞുകൂടേ, നീ അറിയുന്നില്ലേ أَنَّ اللَّهَ നിശ്ചയമായും അല്ലാഹു يَعْلَمُ അറിയുന്നു (എന്ന്) مَا فِي السَّمَاءِ ആകാശത്തിലു ള്ളത് وَالْأَرْضِ ഭൂമിയിലും إِنَّ ذَٰلِكَ നിശ്ചയമായും അത് فِي كِتَابٍ ഒരു ഗ്രന്ഥത്തിലുണ്ട്, രേഖയിലുണ്ട് إِنَّ ذَٰلِكَ നിശ്ചയമായും അത് عَلَى اللَّهِ അല്ലാഹുവിന് يَسِيرٌ നിസ്സാരമാണ്, എളിയ കാര്യമാണ്

യഹൂദർ, ക്രിസ്ത്യാനികൾ തുടങ്ങിയ സമുദായങ്ങൾക്ക് പ്രത്യേകം പ്രത്യേകം അനുഷ്ഠാന മുറകളും, കർമമാർഗങ്ങളും നൽകപ്പെട്ടിട്ടുണ്ട്. യഹൂദർക്ക് മൂസാ നബി (അ)യുടെ കൈക്കും, ക്രിസ്ത്യാനികൾക്ക് ഈസാ നബി (അ)യുടെ കൈക്കുമായിരുന്നു അത്. ഇത് പോലെ ദൈവികമതാവലംബികളായ സമുദായങ്ങൾക്ക് വേറെയും നൽകപ്പെട്ടിരിക്കാവുന്നതാണ്. അതത് കാലത്തിന്റെയും, സമുദായത്തിന്റെയും പരിതഃസ്ഥിതിക്കനുസരിച്ച കർമമുറകളും അനുഷ്ഠാനമാർഗങ്ങളും നൽകപ്പെട്ടശേഷം പിന്നീട്, അന്ത്യപ്രവാചകൻ നിയോഗിക്കപ്പെട്ടപ്പോൾ ഏറ്റവും പരിപൂർണവും, പരിഷ്കൃതവും, ശാശ്വതവുമായ അനുഷ്ഠാനമുറ അവതരിപ്പിക്കപ്പെട്ടിരിക്കയാണ്.

മൂസാ നബി (അ)യുടെ സമുദായം ഈസാ നബി (അ)യിൽ വിശ്വസിക്കുകയും, അദ്ദേഹത്തിന്റെ മാർഗം അനുഷ്ഠിക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ, അവരിൽ അധികമാളുകളും അത് ചെയ്തില്ല. അവരുടെ പഴയ നടപടി– ആ നടപടിയിൽ കാലക്രമത്തിലുണ്ടായ അനാചാരദുരാചാരങ്ങൾ സഹിതം– അവർ മുറുകെ പിടിച്ചു. അത്പോലെത്തന്നെ, മുഹമ്മദ് നബി തിരുമേനി ﷺ വന്നപ്പോൾ, യഹൂദരും ക്രിസ്ത്യാനികളും അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തിന്റെ കൈക്ക് അല്ലാഹു അവതരിപ്പിച്ച കർമപദ്ധതി സ്വീകരിക്കുകയും ചെയ്യാൻ കടമപ്പെട്ടിരുന്നു. എന്നാൽ, അവരിൽ അധികഭാഗവും അതിന് കൂട്ടാക്കിയില്ല. ഇങ്ങനെ, ആദ്യം അല്ലാഹുവിനാൽ നൽകപ്പെട്ടതും, പിന്നീട് അതത് സമുദായങ്ങളുടെ കൈകടത്തലിന് വിധേയമായതുമായ മാർഗങ്ങൾ അവരവർ കൈവിടാതെ അതിൽ ഉറച്ചുനിന്നുപോകുകയാണ് ചെയ്തത്. ഇതിന് പുറമെ, ദൈവിക മതങ്ങളല്ലാതെ, ബഹുദൈവാരാധകൻമാരെപ്പോലെയുള്ള കൃത്രിമമതക്കാരുടെ അനുഷ്ഠാനമുറകൾ വേറെയും.

ഈ വ്യത്യസ്തങ്ങളായ മാർഗമുറകളനുസരിച്ച് ഓരോ സമുദായത്തിന്റെ ജീവിതരീതി, ചിന്താഗതി, സംസ്കാരം, വിശ്വാസം തുടങ്ങിയ ഓരോന്നിലും അതിന്റേതായ

സ്വഭാവപ്രകൃതി കാണാവുന്നതാണ്. തങ്ങൾ സ്വീകരിച്ചു പുലർത്തിപ്പോരുന്ന പാരമ്പര്യം വിട്ട് ഉൽകൃഷ്ടവും സത്യവുമായതിനെ അന്വേഷിച്ചു സ്വീകരിക്കുവാൻ അവർ തയ്യാറില്ലെന്ന് മാത്രമല്ല, അതിനെതിരിൽ ശത്രുതയും ധിക്കാരവും പ്രകടിപ്പിക്കുകയും ചെയ്യുന്നു. എന്നിരിക്കെ, അവരോട് തർക്കത്തിനും, വാഗ്വാദസമരത്തിനും പോകേണ്ടുന്ന ആവശ്യമില്ല- അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല- വൃഥാ വഴക്കും വാശിയും അധികരിക്കുകയേയുള്ളൂ. ആകയാൽ, അല്ലാഹുവിൽ നിന്ന് ലക്ഷ്യസഹിതം തനിക്ക് ലഭിച്ചിട്ടുള്ള സത്യമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് ജനങ്ങളെ അതിലേക്ക് ക്ഷണിച്ചുകൊള്ളുക. സത്യം മുമ്പിൽ തുറന്നുവെച്ചുകൊടുത്തിട്ടും തർക്കത്തിന് മിനക്കെടുന്നവരുടെ ഉത്തരവാദിത്വം തനിക്കില്ല. എന്നിങ്ങനെ അല്ലാഹു തിരുമേനിയോട് കൽപിക്കുകയാണ്. എന്നിട്ടും, അവർ കുതർക്കത്തിനും, വൃഥാ വാദത്തിനും വരികയാണെങ്കിൽ 'ഞാനതിന് തയ്യാറില്ല, നിങ്ങളുടെ കർമങ്ങളെയും, സ്ഥിതിഗതികളെയും കുറിച്ച് അല്ലാഹുവിന് വേണ്ടത് പോലെ അറിയാം. ക്വിയാമത്ത് നാളിൽ അതിനെപ്പറ്റി ശരിയായ തീരുമാനം അവൻ എടുത്തുകൊള്ളും. അപ്പോൾ അറിയാം അതിന്റെ യഥാർത്ഥ നിലപാട് എന്ന് പറഞ്ഞുകൊള്ളുവാനും നബിﷺയെ ഉപദേശിക്കുന്നു.

ആകാശ ഭൂമിയിലുള്ളതെല്ലാം- ഓരോ വസ്തുവും അതിന്റെ ആവശ്യങ്ങളും ഭൂത വർത്തമാന ഭാവി ചെയ്തികളും- അല്ലാഹുവിന്ന് ശരിക്കറിയാം. അതെല്ലാം ഉൾക്കൊള്ളുന്ന രേഖകളും അവന്റെ പക്കലുണ്ട്. അവനെ സംബന്ധിച്ചിടത്തോളം അതൊരു പ്രശ്നമല്ല, കേവലം നിസ്സാരവും നിഷ്പ്രയാസവുമാണ്. അപ്പോൾ, അവൻ നിർദ്ദേശിക്കുന്ന മാർഗമേതോ അത് മാത്രമാണ് നേരായതും ചൊവ്വായതും. അവൻ നിർദ്ദേശിച്ചുവെന്നുള്ളത് തന്നെ മതി അതിന് തെളിവും. അവങ്കൽനിന്നുള്ള ലക്ഷ്യമില്ലാത്തതേതോ അത് പിഴച്ചതും ദുർമാർഗവുംതന്നെ. എന്നാൽ അവിശ്വാസികൾ സ്വീകരിച്ച മാർഗമാകട്ടെ, അത് ഇപ്രകാരമാണ്:-

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَمَا لَيْسَ لَهُم بِهِۦ عِلْمٌ ۗ وَمَا لِلظَّٰلِمِينَ مِن نَّصِيرٍ ﴿٧١﴾

《71》 അല്ലാഹുവിന് പുറമെ, യാതൊരു അധികൃതരേഖയും അവൻ അവതരിപ്പിച്ചിട്ടില്ലാത്തതിനെയും, തങ്ങൾക്ക് യാതൊരു അറിവും ഇല്ലാത്തതിനെയും അവർ ആരാധിച്ചു വരുന്നു. അക്രമം പ്രവർത്തിക്കുന്നവർക്ക് യാതൊരു സഹായകനും ഉണ്ടായിരിക്കയില്ല.

《71》 وَيَعْبُدُونَ അവർ ആരാധിച്ചു (ഇബാദത്ത് ചെയ്തു) വരുന്നു مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ مَا യാതൊന്നിനെ لَمْ يُنَزِّلْ അവൻ അവതരിപ്പിച്ചിട്ടില്ല, ഇറക്കിയിട്ടില്ല بِهِ അതിന്, അതിനെപ്പറ്റി سُلْطَانًا ഒരു അധികൃതരേഖയും (ലക്ഷ്യവും) وَمَا യാതൊന്നിനെയും لَيْسَ لَهُمْ അവർക്കില്ല بِهِ അതിനെപ്പറ്റി عِلْمٌ ഒരറിവും, (ഉറപ്പും) വിവരവും وَمَا لِلظَّالِمِينَ അക്രമികൾക്ക് ഇല്ല مِن نَّصِيرٍ ഒരു സഹായകനും.

വിഗ്രഹങ്ങൾ തുടങ്ങിയുള്ള ഏത് പരദൈവങ്ങളെയും ആരാധിക്കുന്നതിന് ഒന്നുകിൽ അല്ലാഹുവിങ്കൽനിന്നുള്ള വല്ല പ്രമാണവും ലഭിച്ചിരിക്കണം; അല്ലെങ്കിൽ അവയ്ക്ക്

അതിനുള്ള അർഹതയും, അവകാശവും ഉണ്ടെന്ന് ആരാധകൻമാർക്ക് ഉറപ്പുണ്ടായിരിക്കണം. ഇതൊന്നുമില്ലാതെ വെറും ഊഹാടിസ്ഥാനത്തിൽ അവർ അവയെ ആരാധിച്ചു വരികയാണ്. ഈ വിഡ്ഢിത്തത്തിൽ മുഴുകിയ ഇവർ, സത്യവും ദൃഷ്ടാന്തവും വിവരിച്ചുകൊടുക്കുന്നത് ചെവിക്കൊള്ളുവാനും തയ്യാറില്ല. മാത്രമല്ല:

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ تَعْرِفُ فِى وُجُوهِ ٱلَّذِينَ كَفَرُوا۟ ٱلْمُنكَرَ ۖ يَكَادُونَ يَسْطُونَ بِٱلَّذِينَ يَتْلُونَ عَلَيْهِمْ ءَايَٰتِنَا ۗ قُلْ أَفَأُنَبِّئُكُم بِشَرٍّ مِّن ذَٰلِكُمُ ۗ ٱلنَّارُ وَعَدَهَا ٱللَّهُ ٱلَّذِينَ كَفَرُوا۟ ۖ وَبِئْسَ ٱلْمَصِيرُ ﴿٧٢﴾

﴾72﴿ സുവ്യക്തമായ നിലയിൽ നമ്മുടെ ലക്ഷ്യങ്ങൾ അവർക്ക് ഓതി ക്കേൾപ്പിക്കപ്പെടുന്നതായാൽ (ആ) അവിശ്വസിച്ചവരുടെ മുഖങ്ങളിൽ അനിഷ്ടം (വെളിപ്പെടുന്നതായി) നിനക്ക് മനസ്സിലാകുന്നതാണ്; നമ്മുടെ ലക്ഷ്യങ്ങൾ അവർക്ക് ഓതി ക്കേൾപ്പിക്കുന്നവരോട് അവർ കയ്യേറ്റം നടത്തുമാറായേക്കും!

നീ പറയുക: 'എന്നാൽ, അതിനെ ക്കാൾ ദോഷകരമായ ഒന്നിനെപ്പറ്റി നിങ്ങൾക്ക് ഞാൻ അറിവ് തരട്ടെയോ? നരകം! (അതാണത്.)

അവിശ്വസിച്ചവർക്ക് അല്ലാഹു അത് നിശ്ചയിച്ചുവെച്ചിരിക്കുകയാണ്.

(ആ) പ്രാപ്യസ്ഥാനം വളരെ മോശ പ്പെട്ടത് തന്നെ!'

﴾72﴿ وَإِذَا تُتْلَىٰ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ عَلَيْهِمْ അവർക്ക്, അവരിൽ ءَايَٰتُنَا നമ്മുടെ ലക്ഷ്യങ്ങൾ (വചനങ്ങൾ) بَيِّنَٰتٍ സുവ്യക്തങ്ങളായ നിലയിൽ تَعْرِفُ നിനക്ക് മനസ്സിലാക്കാം, നീ അറിയും فِي وُجُوهِ الَّذِينَ യാതൊരു കൂട്ടരുടെ മുഖങ്ങളിൽ كَفَرُوا അവിശ്വസിച്ചിട്ടുള്ള الْمُنكَرَ അനിഷ്ടം, വെറുപ്പ് يَكَادُونَ അവർ ആകുമാറാകും يَسْطُونَ കയ്യേറ്റം ചെയ്യാൻ, അക്രമം പ്രവർത്തിപ്പാൻ بِالَّذِينَ يَتْلُونَ ഓതിക്കൊടുക്കുന്നവരോട് (..രിൽ) عَلَيْهِمْ അവർക്ക് ءَايَٰتِنَا നമ്മുടെ ലക്ഷ്യങ്ങളെ قُلْ നീപറയുക أَفَأُنَبِّئُكُم എന്നാൽ നിങ്ങൾക്ക് ഞാൻ അറിവുതരട്ടെയോ, ബോധ്യപ്പെടുത്തിത്തരട്ടെയോ بِشَرٍّ ദോഷകരമായ ഒന്നിനെപ്പറ്റി مِّن ذَٰلِكُمُ അതിനെക്കാൾ النَّارُ നരകമാണ് وَعَدَهَا اللَّهُ അല്ലാഹു അതിനെ നിശ്ചയിച്ചുവെച്ചിരിക്കുന്നു, കരാർ ചെയ്തിരിക്കുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചിട്ടുള്ളവർക്ക് وَبِئْسَ വളരെ മോശപ്പെട്ടതാണ്, എത്ര മോശം الْمَصِيرُ പ്രാപ്യസ്ഥാനം, മടങ്ങിയെത്തുന്ന സ്ഥലം

സത്യം അന്വേഷിച്ചറിയുവാനും, അറിഞ്ഞ സത്യം സ്വീകരിക്കുവാനും, തെളിവ് പരിശോധിച്ചു മനസ്സമാധാനം വരുത്തുവാനും ഒരുക്കമില്ലാത്തവരുടെ ഒരു സ്വഭാവമാണിപ്പ

റഞ്ഞത്. എത്ര വ്യക്തമായ തെളിവുകളായിരുന്നാലും ശരി, അത് കേൾപ്പിക്കുന്നതും, കേൾക്കുന്നതും അവർക്ക് വെറുപ്പും അനിഷ്ടവുമായിരിക്കും. പ്രതിഷേധം രേഖപ്പെടുത്തുക മാത്രമല്ല, ഏതെങ്കിലും പ്രകാരത്തിൽ അത് മുടക്കുവാനും, ലക്ഷ്യം കേൾപ്പിക്കുന്നവരെ അക്രമിക്കുവാനും മുതിരുകയും ചെയ്യും. ഇന്നും അനുഭവത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്ന ഒരു പരമാർത്ഥമാണിത്. ന്യായത്തെ ന്യായംകൊണ്ടോ, ലക്ഷ്യത്തെ ലക്ഷ്യംകൊണ്ടോ എതിർക്കുവാൻ അവർക്ക് സാധ്യമല്ല. കാരണം, അതവരുടെ പക്കൽ ഉണ്ടായിരിക്കയില്ല. അപ്പോൾ, തങ്ങളുടെ പാരമ്പര്യത്തെയും സ്വാർത്ഥങ്ങളെയും നിലനിറുത്തുവാൻ അക്രമമാർഗത്തെ ശരണം പ്രാപിക്കുകയല്ലാതെ അവർക്ക് മറ്റ് പോംവഴികൾ ഉണ്ടായിരിക്കയില്ല. അഹംഭാവം, ക്ഷോഭം, കോപം, വിദ്വേഷം ആദിയായവ ഇവരുടെ നിത്യസ്വഭാവങ്ങളുമായിരിക്കും. ഇങ്ങനെയുള്ളവരോട് സദുപദേശം ചെയ്യുന്നത് കൊണ്ട് ഫലം സിദ്ധിക്കുകയില്ല. അതുകൊണ്ടാണ് ക്വുർആൻ അവരോട് ഗൗരവസ്വരത്തിൽ ഇങ്ങനെ താക്കീത് ചെയ്യുന്നത്: 'നിങ്ങൾക്ക് അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ വിവരിച്ചുതരുന്നവരോട് നിങ്ങൾക്കുള്ള വിദ്വേഷത്തെക്കാൾ വിദ്വേഷവും, വെറുപ്പും നിങ്ങൾക്കുണ്ടായിരിക്കേണ്ടുന്ന മറ്റൊന്നുണ്ട്- അതാണ് നിങ്ങൾ വെറുക്കേണ്ടത്; അത് നരകമല്ലാതെ മറ്റൊന്നുമല്ല. ഈ നില നിങ്ങൾ തുടർന്നുപോയാൽ, അതിൽനിന്ന് നിങ്ങൾക്ക് യാതൊരു രക്ഷയും കിട്ടുന്നതല്ല; അതിൽപരം മോശപ്പെട്ട ഒരു വാസസ്ഥലം വേറെയില്ല. അതുകൊണ്ട് നിങ്ങൾ നല്ലപോലെ സൂക്ഷിച്ചുകൊള്ളുക!'

അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിന്റെ നിരർത്ഥത അടുത്ത വചനങ്ങളിൽ വിവരിക്കുന്നു:-

വിഭാഗം - 10

يَـٰٓأَيُّهَا ٱلنَّاسُ ضُرِبَ مَثَلٌ فَٱسْتَمِعُوا۟ لَهُۥٓ ۚ إِنَّ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ لَن يَخْلُقُوا۟ ذُبَابًا وَلَوِ ٱجْتَمَعُوا۟ لَهُۥ ۖ وَإِن يَسْلُبْهُمُ ٱلذُّبَابُ شَيْـًٔا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ ٱلطَّالِبُ وَٱلْمَطْلُوبُ ﴿٧٣﴾

﴾73﴿ ഹേ, മനുഷ്യരേ! ഒരു ഉപമ (ഇതാ) വിവരിക്കപ്പെടുന്നു- അതിലേക്ക് നിങ്ങൾ ചെവികൊടുക്കുവിൻ. നിശ്ചയമായും, അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു) വരുന്നവർ, ഒരു ഈച്ചയെ (പ്പോലും) സൃഷ്ടിക്കുകയില്ലതന്നെ- അതിനായി അവർ (എല്ലാവരും) ഒരുമിച്ചുകൂടിയാലും ശരി. ഈച്ച അവരിൽനിന്ന് വല്ലതും തട്ടിയെടുക്കുന്നതായാൽ, അതിന്റെ പക്കൽനിന്ന് അവരത് വീണ്ടെടുക്കുകയുമില്ല. അപേക്ഷിക്കുന്നവനും, അപേക്ഷിക്കപ്പെടുന്നവനും ബലഹീനൻ തന്നെ!

مَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦٓ ۗ إِنَّ ٱللَّهَ لَقَوِىٌّ عَزِيزٌ ﴿٧٤﴾

﴾74﴿ അല്ലാഹുവിന്, അവന്ന് കൽപിക്കേണ്ടുന്ന യഥാർത്ഥ നിലപാട് അവർ കൽപിച്ചില്ല; നിശ്ചയമായും, അല്ലാഹു ശക്തനും, പ്രതാപശാ

ലിയും തന്നെയാണ്.

《73》 يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ ضُرِبَ വിവരിക്കപ്പെടുന്നു, വിവരിക്കപ്പെട്ടിരിക്കുന്നു مَثَلٌ ഒരു ഉപമ, ഉദാഹരണം فَاسْتَمِعُوا ആകയാൽ ചെവി (ശ്രദ്ധ) കൊടുക്കുവിൻ لَهُ അതിന്, അതിലേക്ക് إِنَّ الَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ تَدْعُونَ നിങ്ങൾ വിളിക്കുന്ന, പ്രാർത്ഥിക്കുന്ന مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ لَن يَخْلُقُوا അവർ സൃഷ്ടിക്കുന്നതല്ല തന്നെ ذُبَابًا ഒരു ഈച്ചയെയും وَلَوِ اجْتَمَعُوا അവർ ഒരുമിച്ചുകൂടിയാലും ശരി لَهُ അതിന്, അതിനായി وَإِن يَسْلُبْهُمُ അവരിൽ നിന്ന് തട്ടിയെടുക്കുന്നതായാൽ الذُّبَابُ ഈച്ച شَيْئًا വല്ലതും, വല്ല വസ്തുവും لَا يَسْتَنقِذُوهُ അതവർ വീണ്ടെടുക്കുകയില്ല, രക്ഷപ്പെടുത്തി എടുക്കയില്ല مِنْهُ അതിന്റെ പക്കൽനിന്ന് ضَعُفَ ബലഹീനം തന്നെ, (കഴിവില്ലാത്തത് തന്നെ) الطَّالِبُ അപേക്ഷകൻ, തേടുന്നവൻ وَالْمَطْلُوبُ അപേക്ഷിക്കപ്പെടുന്നവനും, തേടപ്പെടുന്ന വസ്തുവും 《74》 مَا قَدَرُوا അവർ കൽപിച്ചില്ല, കണക്കാക്കിയില്ല, വകവെച്ചില്ല اللَّهَ അല്ലാഹുവിന്, അല്ലാഹുവിനെ حَقَّ قَدْرِهِ അവന്റെ യഥാർത്ഥ നിലപാട്, അവനെ കണക്കാക്കേണ്ട യഥാർത്ഥപ്രകാരം, അവന് കൽപിക്കേണ്ട മുറപ്രകാരം إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَقَوِيٌّ ശക്തൻ തന്നെ عَزِيزٌ പ്രതാപശാലിയും, പ്രതാപശാലിയായ

മനസ്സിലാക്കുവാൻ ഒട്ടും പ്രയാസമില്ലാത്ത വ്യക്തമായ ഒരു ഉപമ- നിത്യാനുഭവം സാക്ഷീകരിക്കുന്ന സ്പഷ്ടമായ ഒരു വസ്തുത- മനുഷ്യവർഗത്തെ ആകമാനം വിളിച്ചുണർത്തിക്കൊണ്ട് അല്ലാഹു അവരുടെ മുമ്പിൽ വെക്കുകയാണ്. അല്ലാഹുവിന് പുറമെ, ജനങ്ങൾ ആരാധിക്കുകയോ, വിളിച്ചു പ്രാർത്ഥിക്കുകയോ ചെയ്യുന്ന ഏതൊരു ആരാധ്യവസ്തുവിന്നും തന്നെ, ഒരു നിസ്സാര കാര്യത്തിന് പോലും കഴിവില്ലെന്നും, ആകയാൽ അല്ലാഹുമാത്രമേ ആരാധ്യനും, പ്രാർത്ഥിക്കപ്പെടുന്നവനും ആയിരിക്കുവാൻ നിവൃത്തിയുള്ളൂവെന്നും ഇത് മൂലം സ്ഥാപിക്കുന്നു.

വിഗ്രഹങ്ങളാകട്ടെ, മനുഷ്യവർഗത്തിലോ മറ്റോ ഉൾപ്പെട്ടവരാകട്ടെ, ആരാധ്യൻമാരായി സങ്കൽപിക്കപ്പെടുന്ന എല്ലാവരും ഒത്തുചേർന്നുപരിശ്രമിക്കുകയും, ആരാധകൻമാരെല്ലാം ഒന്നിച്ചുചേർന്നു അവരോട് പ്രാർത്ഥിക്കുകയും ചെയ്താൽപോലും, ഒരൊറ്റ ഈച്ചയെപ്പോലും- അഥവാ ഏറ്റവും നിസ്സാരമായ ഒരു ജന്തുവെപ്പോലും- സൃഷ്ടിക്കുവാൻ അവർക്ക് കഴിയുകയില്ലെന്ന് അല്ലാഹു ഖണ്ഡിതമായി പറഞ്ഞിരിക്കുകയാണ്. ഇതേവരെ അതിന് ആർക്കും കഴിഞ്ഞിട്ടില്ലെന്നത്പോലെ, ഭാവിയിലും അത് കഴിയുകയില്ലെന്നാണ്, لَن يَخْلُقُوا (അവർ സൃഷ്ടിക്കുന്നതേയല്ല) എന്ന വാക്ക് സ്പഷ്ടമാക്കുന്നത്. ജീവന്റെ കാര്യം നിൽക്കട്ടെ, ഈച്ചയുടെ ശരീരംപോലും, ശുദ്ധശൂന്യതയിൽ നിന്ന് നിർമിക്കുവാൻ ആർക്കാണ് സാധിക്കുക?! ജീവനെ സംബന്ധിച്ചിടത്തോളം- അങ്ങനെ ഒന്ന് നിലവിലുണ്ട് എന്നതിനപ്പുറം- അതെന്താണ്, എങ്ങനെയാണ് എന്ന് പോലും മനുഷ്യന് സൂക്ഷ്മമായി അറിയുവാൻ നാളിത്വരെ കഴിഞ്ഞിട്ടില്ലാത്ത ഒരു രഹസ്യമായിട്ടാണിരിക്കുന്നതും; മേലിലും അതങ്ങിനെത്തന്നെ ഇരിക്കുകയും ചെയ്യും. ഈച്ചയുടെ കാര്യംതന്നെ ഇതാണെങ്കിൽ, ഒട്ടകത്തിന്റെയും, ആനയുടെയും മറ്റും മറ്റും കഥ പറയുവാനുണ്ടോ?!

തുടർന്നുകൊണ്ട് വീണ്ടും ഒരടി മുന്നോട്ടുകടന്നു ക്വുർആൻ ഉറപ്പിച്ചുപറയുകയാണ്: സൃഷ്ടിക്കുന്ന കാര്യം ഇരിക്കട്ടെ, ആ നിസ്സാരജീവി അവരിൽനിന്ന് വല്ലതും തട്ടിയെടുത്തു കൊണ്ടുപോയാൽ അത് മടക്കി വാങ്ങുവാൻപോലും അവർക്ക് സാധ്യമല്ലെന്ന്! വിഗ്രങ്ങളെയും, ബിംബങ്ങളെയും സംബന്ധിച്ച് മാത്രമല്ല, മറ്റാരെ സംബന്ധിച്ചുമുള്ള വിധിയും ഇത് തന്നെയാണ്. ബിംബങ്ങളുടെ മുമ്പിൽ സമർപ്പിക്കപ്പെടുന്ന നിവേദ്യങ്ങളിൽനിന്നോ; അവയുടെ തലയ്ക്കുമീതെ ഒഴിക്കപ്പെടുന്ന നെയ്യ് മുതലായവയിൽനിന്നോ ഈച്ച വല്ലതും തട്ടിക്കൊണ്ടുപോയാൽ അവയ്ക്ക് അത് തിരിച്ചുവാങ്ങുവാൻ സാധ്യമല്ലെന്ന് ആർക്കും അറിയാവുന്നതാണ്. എന്നാൽ, ദൈവമായി സങ്കൽപിക്കപ്പെടുന്നത് മനുഷ്യനോ മറ്റോ ആണെങ്കിലോ? അതും വാസ്തവത്തിൽ അങ്ങനെത്തന്നെ. മനുഷ്യന്റെ രക്തം കുടിച്ചു- അല്ലെങ്കിൽ അവനിൽനിന്ന് മറ്റ് വല്ലതും തട്ടിയെടുത്ത -ഈച്ചയിൽനിന്നോ കൊതുകിൽനിന്നോ അത് വീണ്ടെടുക്കുവാൻ അവന് കഴിയുമോ? ഒരിക്കലുമില്ല! ഒരുപക്ഷേ, അവൻ കുപിതനായി വല്ലപ്പോഴും ഈച്ചയെപ്പിടിച്ചു കൊന്നേക്കാം. എന്നാലും നഷ്ടപ്പെട്ടത് വീണ്ടെടുത്തുയഥാസ്ഥാനത്ത് മടക്കി എത്തിക്കുക അസാധ്യം തന്നെയാണല്ലോ. ഈച്ച, കൊതുക്, ഉറുമ്പ് മുതലായ നിസ്സാരവസ്തുക്കളോട്പോലും പരാജയം സമ്മതിക്കേണ്ടിവരുന്നവരെ ആരാധിച്ചിട്ടെന്ത്ഫലം? അവരോട് പ്രാർത്ഥിച്ചിട്ടെന്ത് പ്രയോജനം? തേടുന്നവനും, തേടപ്പെടുന്നവനും അബലൻമാർ! ഇരുകൂട്ടരും ദുർബ്ബലൻമാർ!

വാസ്തവം ഇതാണെങ്കിൽ- കഴിവുകളെല്ലാം അല്ലാഹുവിന് മാത്രമാണെങ്കിൽ- പിന്നെ, അവനല്ലാത്ത വസ്തുക്കളെ ആരാധിക്കുകയും, അവയോട് പ്രാർത്ഥിക്കുകയും ചെയ്യുന്നതിൽ പരം വിഡ്ഢിത്തം മറ്റെന്താണുള്ളത്?! പക്ഷേ, ജനങ്ങൾ അല്ലാഹുവിന് കൽപിക്കേണ്ടുന്ന നിലപാട് അവന് കൽപിക്കുന്നില്ല; സംഗതി ഇത്രയും വ്യക്തമായിരുന്നിട്ടും, അവർ അല്ലാഹുവിന്റെ ശക്തിയെയും, പ്രതാപത്തെയുംകുറിച്ച് ഗൗനിക്കുന്നുമില്ല: ഇതാണതിന് കാരണം.

ٱللَّهُ يَصْطَفِى مِنَ ٱلْمَلَـٰٓئِكَةِ رُسُلًا وَمِنَ ٱلنَّاسِ ۚ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ ﴿٧٥﴾

﴾75﴿ അല്ലാഹു മലക്കുകളിൽനിന്ന് ചില ദൂതൻമാരെ തിരഞ്ഞെടുക്കുന്നു- മനുഷ്യരിൽനിന്നും (തിരഞ്ഞെടുക്കുന്നു). നിശ്ചയമായും, അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമാകുന്നു.

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۗ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٧٦﴾

﴾76﴿ അവരുടെ മുന്നിലുള്ളതും, പിന്നിലുള്ളതും അവൻ അറിയുന്നു;

അല്ലാഹുവിങ്കലേക്കത്രെ, കാര്യങ്ങൾ മടക്കപ്പെടുന്നതും.

﴾75﴿ اللَّهُ يَصْطَفِي അല്ലാഹു തിരഞ്ഞെടുക്കുന്നു مِنَ الْمَلَائِكَةِ മലക്കുകളിൽനിന്ന് رُسُلًا ദൂതൻമാരെ وَمِنَ النَّاسِ മനുഷ്യരിൽനിന്നും إِنَّ اللَّهَ നിശ്ചയമായും അല്ലാഹു سَمِيعٌ

കേൾക്കുന്നവനാണ് بَصِيرٌ കാണുന്നവനാണ് ﴿76﴾ يَعْلَمُ അവൻ അറിയും, അറിയുന്നു مَا بَيْنَ أَيْدِيهِمْ അവരുടെ മുന്നിലുള്ളത് وَمَا خَلْفَهُمْ അവരുടെ പിന്നിലുള്ളതും وَإِلَى اللهِ അല്ലാഹുവിങ്കലേക്ക് തന്നെ تُرْجَعُ മടക്കപ്പെടുന്നു الأُمُورُ കാര്യങ്ങൾ

അല്ലാഹുവിന്റെ സന്ദേശങ്ങൾ പ്രവാചകൻമാർക്ക് എത്തിച്ചുകൊടുക്കുക മുതലായ പല കാര്യങ്ങൾക്കും മലക്കുകളിൽ നിന്ന് അവൻ ദൂതൻമാരെ നിശ്ചയിക്കുന്നു. മനുഷ്യർക്ക് അത് എത്തിച്ചുകൊടുക്കാനായി മനുഷ്യരിൽ നിന്നും ദൂതൻമാരെ നിയോഗിക്കുന്നു. രണ്ട് തരത്തിലുള്ള ദൂതൻമാരുടെയും രഹസ്യപരസ്യങ്ങളും, ഭൂതഭാവികളും എല്ലാം അവൻ അറിയുന്നു. അവർ അതിന് യോജിച്ചവരാണോ വിശ്വസ്തരാണോ എന്ന് തുടങ്ങിയ വിവരങ്ങളൊന്നും അവന് അജ്ഞാതമല്ല. എല്ലാ കാര്യവും അവൻ കണ്ടും കേട്ടും കൊണ്ടിരിക്കുന്നു. ഒടുക്കം എല്ലാറ്റിന്റെയും പര്യവസാനവും, തീരുമാനവും അവന്റെ സന്നിധിയിലേക്ക് തന്നെയാണ് താനും. പിന്നെ, എങ്ങനെയാണ്, ആ ദൂതൻമാർ മുഖാന്തരം പ്രബോധനം ചെയ്യപ്പെടുന്ന ലക്ഷ്യങ്ങൾ സത്യവും യഥാർത്ഥവുമല്ലാതിരിക്കുക?!

سجود

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱرْكَعُوا۟ وَٱسْجُدُوا۟ وَٱعْبُدُوا۟ رَبَّكُمْ وَٱفْعَلُوا۟ ٱلْخَيْرَ لَعَلَّكُمْ تُفْلِحُونَ ۩ ﴿٧٧﴾ ۩

﴿77﴾ ഹേ, വിശ്വസിച്ചവരേ! നിങ്ങൾ, 'റുകൂഉം, സുജൂദും' [കുമ്പിട്ടും, സാഷ്ടാംഗം പതിച്ചുമുള്ള നമസ്കാരം] ചെയ്യുവിൻ; നിങ്ങളുടെ റബ്ബിന് 'ഇബാദത്തും' [ആരാധനയും] ചെയ്യുവിൻ; നന്മ പ്രവർത്തിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് വിജയം സിദ്ധിച്ചേക്കാം.

﴿77﴾ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ ارْكَعُوا നിങ്ങൾ റുകൂഉ് ചെയ്യുവിൻ (കുമ്പിട്ട് നമസ്കാരം ചെയ്യുവിൻ) وَاسْجُدُوا നിങ്ങൾ സുജൂദും ചെയ്യുവിൻ (സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്യുവിൻ) وَاعْبُدُوا നിങ്ങൾ ഇബാദത്ത് (ആരാധന) ചെയ്കയും ചെയ്യുവിൻ رَبَّكُمْ നിങ്ങളുടെ റബ്ബിന് وَافْعَلُوا നിങ്ങൾ പ്രവർത്തിക്കയും ചെയ്യുവിൻ الْخَيْرَ നന്മ, നല്ലത്, പുണ്യം لَعَلَّكُمْ നിങ്ങളായേക്കാം, നിങ്ങളാകുവാൻ വേണ്ടി تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കും

[ഈ സൂറത്തിൽ ഓത്തിന്റെ സുജൂദ് ചെയ്യേണ്ടുന്ന രണ്ടാമത്തെ ആയത്താണിത്. മുൻഗാമികളായ പലരിൽ നിന്നും ഈ ആയത്തിനുശേഷം സുജൂദ് ചെയ്യേണ്ടതുണ്ടെന്ന് കാണിക്കുന്ന 'രിവായത്തു' കൾ വന്നിരിക്കുന്നു. പണ്ഡിതൻമാർക്കിടയിൽ ഇതിൽ അഭിപ്രായവ്യത്യാസമുണ്ട്. ആയത്തിന്റെ വിവരണം താഴെ വരുന്നതാണ്.]

وَجَـٰهِدُوا۟ فِى ٱللَّهِ حَقَّ جِهَادِهِۦ ۚ هُوَ ٱجْتَبَىٰكُمْ وَمَا جَعَلَ عَلَيْكُمْ فِى

﴿78﴾ നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ സമരം ചെയ്യേണ്ട മുറ പ്രകാരം സമരം ചെയ്യുവിൻ. അവൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു; മതകാര്യത്തിൽ നിങ്ങളുടെമേൽ

ٱلدِّينِ مِنْ حَرَجٍ ۚ
مِّلَّةَ أَبِيكُمْ إِبْرَٰهِيمَ ۚ
هُوَ سَمَّىٰكُمُ ٱلْمُسْلِمِينَ مِن قَبْلُ
وَفِى هَـٰذَا لِيَكُونَ ٱلرَّسُولُ شَهِيدًا
عَلَيْكُمْ وَتَكُونُوا۟ شُهَدَآءَ عَلَى ٱلنَّاسِ ۚ
فَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ
وَٱعْتَصِمُوا۟ بِٱللَّهِ هُوَ مَوْلَىٰكُمْ ۖ فَنِعْمَ
ٱلْمَوْلَىٰ وَنِعْمَ ٱلنَّصِيرُ ﴿٧٨﴾

യാതൊരു വിഷമതയും അവൻ ഏർപ്പെടുത്തിയിട്ടുമില്ല.

നിങ്ങളുടെ പിതാവ് ഇബ്റാഹീമിന്റെ മാർഗം! (അതാണ് നിങ്ങളോട് ഉപദേശിക്കുന്നത്.)

മുമ്പും, ഇതിലും [മുൻ വേദങ്ങളിലും ഈ വേദത്തിലും] നിങ്ങൾക്ക് 'മുസ്ലിംകൾ' എന്ന് അവൻ പേരുവെച്ചിരിക്കുന്നു; റസൂൽ, നിങ്ങൾക്ക് സാക്ഷിയും, നിങ്ങൾ, മനുഷ്യർക്ക് സാക്ഷികളും ആയിത്തീരുവാൻവേണ്ടിയാകുന്നു (അത്). ആകയാൽ, നിങ്ങൾ നമസ്കാരം നിലനിറുത്തുകയും 'സകാത്ത്' [വിശുദ്ധ ധർമം] കൊടുക്കുകയും അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുവിൻ! അവൻ, നിങ്ങളുടെ യജമാനനാകുന്നു. അപ്പോൾ, (നിങ്ങളുടെ യജമാനൻ) എത്രയോ നല്ല യജമാനൻ!എത്രയോ നല്ല സഹായകനും!

﴿78﴾ وَجَاهِدُوا നിങ്ങൾ സമരം ചെയ്യുകയും ചെയ്യുവിൻ فِي اللَّهِ അല്ലാഹുവിന്റെ കാര്യത്തിൽ حَقَّ جِهَادِهِ അവന്റെ (അവന് വേണ്ടിയുള്ള) സമരത്തിന്റെ മുറപ്രകാരം, സമരം ചെയ്യേണ്ടുന്ന മുറയനുസരിച്ച് هُوَ അവൻ اجْتَبَاكُمْ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു وَمَا جَعَلَ അവൻ ആക്കിയിട്ടുമില്ല عَلَيْكُمْ നിങ്ങളുടെ മേൽ فِي الدِّينِ മതത്തിൽ, മതകാര്യത്തിൽ مِنْ حَرَجٍ ഒരു വിഷമതയും, ബുദ്ധിമുട്ടും مِلَّةَ أَبِيكُمْ നിങ്ങളുടെ പിതാവിന്റെ മാർഗം إِبْرَاهِيمَ അതായത് ഇബ്റാഹീമിന്റെ هُوَ അവൻ سَمَّاكُمُ നിങ്ങൾക്ക് പേർ വെച്ചിരിക്കുന്നു الْمُسْلِمِينَ മുസ്ലിംകൾ എന്ന് مِنْ قَبْلُ മുമ്പ് وَفِي هَذَا ഇതിലും لِيَكُونَ الرَّسُولُ റസൂൽ ആയിരിക്കുവാൻ, ആയിത്തീരുവാൻവേണ്ടി شَهِيدًا عَلَيْكُمْ നിങ്ങൾക്ക് സാക്ഷി وَتَكُونُوا നിങ്ങൾ ആയിത്തീരുവാനും شُهَدَاءَ സാക്ഷികൾ عَلَى النَّاسِ മനുഷ്യർക്ക്, ജനങ്ങളുടെ മേൽ فَأَقِيمُوا ആകയാൽ നിങ്ങൾ നിലനിറുത്തുവിൻ الصَّلَاةَ നമസ്കാരം وَآتُوا നിങ്ങൾ കൊടുക്കുകയും ചെയ്യുവിൻ الزَّكَاةَ സകാത്ത്, വിശുദ്ധ ധർമം وَاعْتَصِمُوا നിങ്ങൾ മുറുകെ പിടിക്കുകയും ചെയ്യുവിൻ, രക്ഷ പ്രാപിക്കുകയും ചെയ്യുവിൻ بِاللَّهِ അല്ലാഹുവിനെ, അല്ലാഹുവിനെക്കൊണ്ട് هُوَ അവൻ مَوْلَاكُمْ നിങ്ങളുടെ യജമാനനാണ്, നാഥനാണ് فَنِعْمَ അപ്പോൾ എത്ര നല്ലവൻ, വളരെ നല്ലവനത്രെ الْمَوْلَى യജമാനൻ وَنِعْمَ എത്ര നല്ലവനും, വളരെ നല്ലവനുമത്രെ النَّصِيرُ സഹായകൻ, രക്ഷകൻ

ഈ അവസാനത്തെ രണ്ട് ആയത്തുകളിലായി, പല ഉപദേശങ്ങളും, സന്തോഷ വാർത്തകളും അല്ലാഹു നമുക്ക് നൽകുന്നു. അതോടുകൂടി മുസ്‌ലിമിന്റെ വ്യക്തിപര മായ ബാധ്യതകളെയും, മുസ്‌ലിം സമുദായത്തിന്റെ മൊത്തത്തിലുള്ള ബാധ്യതകളെയും ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ആയത്തുകളിലെ ഉള്ളടക്കം നമുക്ക് ചുരുക്കത്തിൽ ഇങ്ങനെ ഗ്രഹിക്കാം:-

(1) 'സത്യവിശ്വാസികളേ' എന്ന് സംബോധന ചെയ്തുകൊണ്ട് ആദ്യമായി ഉപദേ ശിക്കുന്നത് 'റുകൂഉം' 'സുജൂദും', ചെയ്യാനാകുന്നു. നമസ്കാരത്തിൽ അനുഷ്ഠിക്കപ്പെ ടേണ്ടുന്ന കർമങ്ങൾ പലതുമുള്ളതിൽ, കൂടുതൽ പ്രധാനപ്പെട്ട രണ്ടെണ്ണമാണ് റുകൂ ഉം, സുജൂദും. നമസ്കാരത്തെ ഉദ്ദേശിച്ചുകൊണ്ട് 'റുകൂഉം സുജൂദും' ചെയ്യുക, എന്ന് ക്വുർആനിൽ പലപ്പോഴും പറയാറുണ്ട്. അത് പോലെത്തന്നെ നമസ്കാരത്തിലെ മറ്റൊരു പ്രധാന ഭാഗമായ നിറുത്തവും (قِيام) ഈ അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. വാക്ക് കൊണ്ടും, പ്രവൃത്തികൊണ്ടും നിർവ്വഹിക്കപ്പെടുന്ന പല കർമങ്ങളുടെയും സമാഹാര മാണ് നമസ്കാരം, ഹൃദയസാന്നിദ്ധ്യം അതിന്റെ ജീവനുമാണ്. അഞ്ച് നേരത്തെ നിർബ്ബന്ധ നമസ്കാരമെന്നോ (المكتوبات) അവയ്ക്ക് പുറമെയുള്ള ഐച്ഛിക നമസ്കാ രമെന്നോ (النوافل) വ്യത്യാസമില്ലാതെ, മൊത്തത്തിൽ നമസ്കാരം വർദ്ധിപ്പിക്കുവാൻ ഉപദേശിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. നമസ്കാരത്തിന് ഇസ്‌ലാമിലുള്ള സ്ഥാന വും, മനുഷ്യനിൽ ആത്മശുദ്ധിയും ദൈവഭക്തിയും ഉണ്ടാക്കുന്നതിൽ നമസ്കാരത്തി നുള്ള സ്വാധീനശക്തിയും പരക്കെ അറിയപ്പെട്ടതാണല്ലോ.

(2) അടുത്തതായി, നമസ്കാരവും അല്ലാത്തവയും അടങ്ങുന്നതായ 'ഇബാ ദത്തു'കൾ- ആരാധനാകർമങ്ങൾ- ചെയ്യാൻ ഉപദേശിക്കപ്പെട്ടിരിക്കുന്നു. നമസ്കാരം, ദിക്ർ, ദുആ, തസ്ബീഹ്, ക്വുർആൻ പാരായണം, പാപമോചനം തേടൽ, ബലികർമ ങ്ങൾ മുതലായവ- അഥവാ അല്ലാഹുവിന്റെ മുമ്പിൽ താഴ്മ അർപ്പിക്കുന്നതും,അവ നോട് പ്രാർഥിക്കുന്നതും അവന്റെ സ്തുതി കീർത്തനങ്ങൾ പ്രകാശിപ്പിക്കുന്നതുമായ പുണ്യകർമങ്ങൾ- ഇവയ്ക്കാണ് സാധാരണ 'ഇബാദത്ത്' (عبادة) എന്നും, 'ആരാധന' എന്നും പറയുന്നത്. (ഇബാദത്തിനെ സംബന്ധിച്ച് വിശദമായ ഒരു വിവരണം സൂറ: ഫാത്തിഹഃയുടെ വ്യാഖ്യാനത്തിൽ നൽകിയിട്ടുണ്ട്.)

(3) പിന്നീട് തുടർന്ന് ഉപദേശിക്കുന്നത് നന്മ പ്രവർത്തിക്കുവാനാണ്. മേൽപറഞ്ഞ നമസ്കാരം തുടങ്ങിയ എല്ലാ ആരാധനാകർമങ്ങൾക്കുംപുറമെ, ജനങ്ങൾക്ക് ഉപകാരം ചെയ്യുക, ദാനധർമം ചെയ്യുക, നന്നായി പെരുമാറുക, നല്ലതിനെ ഉപദേശിക്കുക, കുടും ബബന്ധം പാലിക്കുക, സഹജീവികളോട് ദയ കാണിക്കുക, ഇടപാടുകളിലും മറ്റും മര്യാദ പാലിക്കുക തുടങ്ങിയ സൽക്കർമങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. നമസ്കാര ത്തിന്റെ കാര്യം പ്രത്യേകമായി ആദ്യം എടുത്തുപറഞ്ഞശേഷം, രണ്ടാമത്തെയും, മൂന്നാ മത്തെയും ഉപദേശങ്ങളുടെ കൂട്ടത്തിൽ വീണ്ടും വീണ്ടും അത് ആവർത്തിച്ചടക്കം ചെയ്യ പ്പെട്ടിരിക്കുന്നതായും, ഇബാദത്തിന്റെ കാര്യം മൂന്നാമത്തെ ഉപദേശത്തിൽ ഒന്ന് കൂടി ഉൾപ്പെടുത്തി ആവർത്തിക്കപ്പെട്ടിരിക്കുന്നതായും കാണാം. ഇതിൽ നിന്ന് ഓരോ ഇന ത്തിന്റെയും പ്രാധാന്യം നമുക്ക് മനസ്സിലാക്കാം.

(4) ഈ ഉപദേശങ്ങൾ സ്വീകരിക്കുന്നപക്ഷം നിങ്ങൾക്ക് വിജയം സിദ്ധിച്ചേക്കാമെ ന്നാണ് അല്ലാഹു തുടർന്ന് പറയുന്നത്. ഇതിൽ നാം മനസ്സിരുത്തേണ്ടുന്ന ഒരു പ്രധാന സംഗതി അടങ്ങുന്നുണ്ട്. മേൽപറഞ്ഞ മൂന്ന് ഇനങ്ങളിൽ (നമസ്കാരം, ഇബാദത്ത്,

നന്മ പ്രവർത്തിക്കൽ എന്നിവയിൽ) ഏതെങ്കിലും ഒന്നിൽമാത്രം മുഴുകിയിരിക്കയും, മറ്റുള്ളവയിൽ അശ്രദ്ധകാണിക്കുകയും ചെയ്യരുത്- സന്ദർഭത്തിനും കഴിവിനും അനുസരിച്ച് എല്ലാ ഇനത്തിൽപെട്ട സൽകാര്യങ്ങളും അനുഷ്ഠിച്ചെങ്കിൽ മാത്രമേ വിജയം കൈവരികയുള്ളൂ -എന്നുള്ളതാണത്. വാസ്തവത്തിൽ മനുഷ്യൻ അനുഷ്ഠാനത്തിൽ വരുത്തേണ്ടുന്ന കടമകളെല്ലാം തന്നെ ഈ മൂന്ന് വാക്കിൽ അടങ്ങിയിട്ടുണ്ട്. അവസാനത്തെ ആയത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളത് ആ മൂന്ന് ഇനത്തിൽപെട്ട ചില പ്രധാന വിഷയങ്ങൾ മാത്രമാണെന്ന് കാണാം. അതുകൊണ്ടാണ് വിജയസിദ്ധിയുടെ വാഗ്ദാനം ഈ മൂന്ന് കാര്യങ്ങളോട് ചേർത്തുതന്നെ നൽകുന്നതും.

(5) പിന്നീട്, അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാൻ (**الجهاد في سبيل الله**) കൽപിക്കുന്നു. മേൽപറഞ്ഞ സൽക്കാര്യങ്ങളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഒന്നത്രെ അല്ലാഹുവിനുവേണ്ടിയുള്ള -അതെ അവന്റെ മതവിഷയത്തിലുള്ള -സമരം. സമരമുഖങ്ങൾ പലതുണ്ട്: 1. അവിശ്വാസികൾ തുടങ്ങിയ ഇസ്‌ലാമിന്റെ പ്രത്യക്ഷശത്രുക്കളുമായുള്ള സമരം. ഇതിൽ യുദ്ധംവരെയുള്ള പലതും ഉൾപെടുന്നു. 2. പിശാചിനോടുള്ള സമരം. 3. തന്നിഷ്ടത്തോടുള്ള സമരം. ഒരു കണക്കിന് ഈ ഒടുവിൽ പറഞ്ഞ സമരമാണ്, മറ്റ് രണ്ടിലും വെച്ച് കൂടുതൽ പ്രയാസകരമായത്. അതുകൊണ്ടാണ് ഇമാം ബൈഹക്വീ (റ)യും മറ്റും രിവായത്ത് ചെയ്യുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണുന്നത്:- 'ഒരു യുദ്ധം കഴിഞ്ഞുവരുന്ന സ്വഹാബികളോട് നബി തിരുമേനിﷺ പറഞ്ഞു:-'നിങ്ങൾ ചെറിയ സമരത്തിൽ നിന്ന് വലിയ സമരത്തിലേക്ക് വന്നിരിക്കുന്നു.' അപ്പോൾ ചോദിക്കപ്പെട്ടു: 'ഏതാണ് വലിയ സമരം?' തിരുമേനി ഉത്തരം പറഞ്ഞു: **مجاهدة العبد هواه** (അടിയൻ തന്റെ തന്നിഷ്ടത്തോട് നടത്തുന്ന സമരമാണ്) മേൽ പറഞ്ഞ എല്ലാ സമരങ്ങളും, അതതിന്റെ സ്ഥാനവും, സ്ഥലവും അനുസരിച്ച് നടത്തപ്പെടണമെന്നാണ് ഇവിടെ കൽപിക്കപ്പെടുന്നത്. ദേഹംകൊണ്ടും, ധനംകൊണ്ടുമുള്ള എല്ലാ സമരവകുപ്പുകളും അതിൽ ഉൾപ്പെടുന്നു. വേദനയേറിയ ശിക്ഷയിൽനിന്ന് രക്ഷ നൽകുന്നതും, പാപങ്ങൾ പൊറുക്കുവാനും, സ്വർഗത്തിൽ പ്രവേശിക്കുവാനും കാരണമാകുന്നതുമായ കാര്യങ്ങൾ വിവരിച്ചുകൊണ്ട് സൂറ: സ്വഫ്ഫിൽ (**الصف**) അല്ലാഹു ഇങ്ങനെ പറയുന്നു:-

تُؤْمِنُونَ بِاللَّهِ وَرَسُولِهِ وَتُجَاهِدُونَ فِي سَبِيلِ اللَّهِ بِأَمْوَالِكُمْ وَأَنفُسِكُمْ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ - الصف

സാരം: (നിങ്ങൾ അല്ലാഹുവിലും, അവന്റെ റസൂലിലും വിശ്വസിക്കണം; അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾകൊണ്ടും ദേഹങ്ങൾകൊണ്ടും സമരം ചെയ്യുകയും വേണം. അത് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളതാണ്- നിങ്ങൾ അറിയുന്നവരാണെങ്കിൽ)

(6) 'അവൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു'വെന്ന വാക്യം, മുസ്‌ലിം സമുദായത്തിന് അല്ലാഹു നൽകുന്ന ഒരു കീർത്തിമുദ്രയാകുന്നു. പ്രവാചകൻമാരിൽവെച്ച് ഏറ്റവും ശ്രേഷ്ഠനായ റസൂലിനെയും, വേദഗ്രന്ഥങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായ വേദഗ്രന്ഥവും, നിയമ സംഹിതയിൽവെച്ച് കൂടുതൽ പരിപൂർണമായ നിയമസംഹിതയും തന്നു നിങ്ങളെ അവൻ ശ്രേഷ്ഠമാക്കിയിട്ടുണ്ട് എന്ന് സാരം. അതുകൊണ്ട് മേൽപറഞ്ഞ ഉപദേശങ്ങളനുസരിച്ച് നടക്കുവാൻ മറ്റേത് സമുദായത്തെക്കാളുമധികം നിങ്ങൾക്ക് ബാധ്യതയുണ്ട് എന്ന ഒരു സൂചനയും അതിലടങ്ങുന്നു.

(7) ഇത്രയും പറയുമ്പോൾ, നിങ്ങൾക്ക് വഹിക്കുവാൻ കഴിയാത്തതോ, അനുഷ്ഠിക്കുക സാധ്യമല്ലാത്തതോ ആയ വമ്പിച്ച ഒരു ഭാരമാണ് നിങ്ങളിൽ ചുമത്തപ്പെട്ടിരിക്കു

ന്നതെന്ന് കരുതേണ്ട- 'മതത്തിൽ നിങ്ങളുടെമേൽ യാതൊരു വിഷമതയും ഏർപ്പെടുത്തിയിട്ടില്ല.' (وَمَا جَعَلَ عَلَيْكُمْ فِي الدِّينِ مِنْ حَرَجٍ)- എന്ന് പരമകാരുണികനായ അല്ലാഹു നമ്മെ സമാധാനിപ്പിക്കുന്നു. നമസ്കാരം തുടങ്ങി ജിഹാദ് (സമരം) വരെയുള്ള എല്ലാ കാര്യങ്ങളും ഓരോരുത്തരും അവരുടെ കഴിവനുസരിച്ച് മാത്രമാണ് ചെയ്യേണ്ടതുള്ളത്; ഓരോ ദേഹത്തിനും ചെയ്യാൻ നിവൃത്തിയുള്ളതല്ലാതെ അവൻ നിങ്ങളോട് ശാസിക്കുന്നില്ല. (لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا) ഓരോ കൽപനയും അനുസരിക്കുന്നതിൽ സാന്ദർഭികമായി ഏർപ്പെട്ടേക്കുന്ന ബുദ്ധിമുട്ടുകളിൽ അതാതിന്നനുയോജ്യമായ വിട്ടുവീഴ്ചകളും, ഇളവുകളും (الرخصة) അവൻ അനുവദിച്ചിട്ടുണ്ട്. നിങ്ങളെ ഞെരുക്കണമെന്ന് അവൻ ഉദ്ദേശിക്കുന്നേയില്ല. (وَلَا يُرِيدُ بِكُمُ الْعُسْرَ) യാത്രകളിൽ രണ്ടുനേരത്തെ നമസ്കാരം ഒരേസമയത്ത് നിങ്ങൾക്ക് കൂട്ടിച്ചേർത്ത് (جمع ആക്കി) നമസ്കരിക്കാം, വലിയ നമസ്കാരങ്ങൾ ചുരുക്കി (قصر ആക്കി) നമസ്കരിക്കുകയും ചെയ്യാം. യാത്രയിലോ, രോഗത്തിലോ ആകുമ്പോൾ നോമ്പ് നീട്ടിവെക്കാം. അങ്ങനെ എത്രയോ ഉദാഹരണങ്ങൾ! എനി, കടമകൾ നിർവ്വഹിക്കുന്നതിൽ നിങ്ങൾ വല്ല അലസതയും വരുത്തിയെന്നിരിക്കട്ടെ; എന്നാൽ, നിങ്ങൾക്ക് നിങ്ങളുടെ റബ്ബിനോട് പാപം പൊറുത്തുതരുവാനപേക്ഷിക്കാം. നിശ്ചയമായും അവൻ ധാരാളം പൊറുക്കുന്നവനാണ്. (استغفروا ربكم إنه كان غفارا)

(8) മുമ്പ് ആർക്കുമില്ലാത്ത ഒരു പുതിയ മാർഗമൊന്നുമല്ല നിങ്ങളോട് ഉപദേശിക്കുന്നതും, കൽപിക്കുന്നതും. നിങ്ങളുടെ പൂർവ്വപിതാവും, എല്ലാവരാലും ആദരിക്കപ്പെടുന്ന പ്രവാചകനുമായ ഇബ്റാഹീം നബി (അ)യുടെ മാർഗം പിൻപറ്റണമെന്നാണ്, നിങ്ങളോട് ഉപദേശിക്കപ്പെടുന്നതിന്റെ ചുരുക്കം. അദ്ദേഹം ആചരിച്ചതും, പ്രബോധനം ചെയ്തതും ഇങ്ങനെത്തന്നെയായിരുന്നു. എന്നൊക്കെയാണ് 'നിങ്ങളുടെ പിതാവ് ഇബ്റാഹീമിന്റെ മാർഗം' എന്ന് പ്രസ്താവിച്ചതിന്റെ വിവക്ഷ.

സത്യവിശ്വാസികളിൽ, അറബികളും, അല്ലാത്തവരും ഉൾപെടുമല്ലോ. അറബികളെ സംബന്ധിച്ചിടത്തോളം- അവർ ജൂതൻമാരോ ക്രിസ്ത്യാനികളോ ആയിക്കൊള്ളട്ടെ- അവരുടെ പൂർവ്വപിതാവാണ് ഇബ്റാഹീം നബി (അ) എന്ന് വ്യക്തമാകുന്നു. ക്വുർആൻ അവതരിച്ചുകൊണ്ടിരിക്കുമ്പോഴത്തെ മുസ്ലിംകൾ മിക്കവാറും അറബികളായിരുന്നു. ക്വുർആൻ ആദ്യമായി അഭിമുഖീകരിക്കുന്നതും അവരെയാണ്. കൂടാതെ, ക്വുർആനിൽ- النَّبِيُّ أَوْلَى بِالْمُؤْمِنِينَ مِنْ أَنفُسِهِمْ-الاحزاب (സത്യവിശ്വാസികളോട്, അവരുടെ സ്വന്തം ദേഹത്തെക്കാൾ ബന്ധപ്പെട്ട ആളാണ് പ്രവാചകൻ) എന്നും അല്ലാഹു പറയുന്നുണ്ട്. ആ നിലക്ക് പ്രവാചകൻമാർ സമുദായത്തിന്റെ ആത്മപിതാക്കളാണ്. അതുകൊണ്ടുതന്നെയാണ്, നബി തിരുമേനിﷺയുടെ ഭാര്യമാരെക്കുറിച്ച് 'സത്യവിശ്വാസികളുടെ ഉമ്മമാർ' (امهات المؤمنين) എന്ന് പറയുന്നതും. ഇങ്ങനെ നോക്കുമ്പോൾ 'നിങ്ങളുടെ പിതാവ്' എന്ന് ഇബ്റാഹീം നബി (അ)യെക്കുറിച്ച് പ്രസ്താവിച്ചത് അറബികളല്ലാത്തവരെ സംബന്ധിച്ചും അർത്ഥവത്താണെന്ന് കാണാം. ഇബ്റാഹീം നബി (അ)യുടെ നടപടി മാർഗത്തെപ്പറ്റി ഇങ്ങനെ വിശേഷിപ്പിക്കപ്പെടാറുണ്ട് الحنيفية السمحة ليلها كنهارها (സാരം: വളവും തിരിവുമില്ലാതെ ഋജുവായ വിശാലമാർഗം. അതിന്റെ രാത്രിയും പകൽപോലെത്തന്നെ സ്പഷ്ടവും, വ്യക്തവുമാണ്.)

(9) മുൻവേദങ്ങളിലും, ഈ വേദത്തിലും 'മുസ്‌ലിംകൾ' എന്ന് അല്ലാഹു നമുക്ക് പേരുവെച്ചിരിക്കുന്നതായി അല്ലാഹു നമ്മെ അറിയിക്കുന്നു. അല്ലാഹു മനുഷ്യവർഗത്തിനുവേണ്ടി തൃപ്തിപ്പെട്ടുകൊടുത്ത ഒരേ ഒരു മതമാണ് ഇസ്‌ലാം. അത് അനുസരിക്കുന്നവർക്ക് അന്നും ഇന്നും മുസ്ലിംകൾ എന്ന് തന്നെ പേർ. അല്ലാഹുവിന്റെ നിയമങ്ങൾക്ക് കീഴ്പെട്ടവർ, തന്റേതെല്ലാം അല്ലാഹുവിനായി വിട്ടുകൊടുക്കുന്നവർ എന്നൊക്കെയാണ് ആ പേരിന്റെ അർത്ഥം. ഹാ! എത്ര നല്ല പേർ! എത്ര അർത്ഥവത്തായ നാമം! ഈ പരിപാവന നാമത്തിന്റെ യഥാർത്ഥ അർഹന്മാരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ! آمين

(10) മുഹമ്മദ് നബിﷺയുടെ സമുദായമേ! ഇങ്ങനെയൊക്കെ നിങ്ങൾ തിരഞ്ഞെടുക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിരിക്കുന്നത് മൂലം, നിങ്ങളെക്കൊണ്ട് ചില കാര്യങ്ങൾ ഉദ്ദേശിക്കപ്പെട്ടിട്ടുണ്ട്; അത് നിങ്ങൾ ഓർക്കേണ്ടതും, പ്രായോഗികമാക്കേണ്ടതുമാണ് എന്നത്രെ പിന്നീട് അല്ലാഹു നമ്മെ ഉണർത്തുന്നത്. 'റസൂൽ നിങ്ങൾക്ക് സാക്ഷിയും, നിങ്ങൾ മനുഷ്യർക്ക് സാക്ഷികളും ആയിത്തീരുവാൻ വേണ്ടി' എന്ന വാക്യം അതാണ് കാണിക്കുന്നത്. മുസ്‌ലിംസമുദായത്തിൽ പല ജനതകളും, പലപ്പോഴായി കാലം കഴിഞ്ഞുപോയിട്ടുണ്ട്. ഓരോന്നിലും, ഒന്നോ അധികമോ പ്രവാചകൻമാരും ഉണ്ടായിരുന്നു. എന്നാൽ, നിങ്ങളുടെ പ്രവാചകൻ അന്ത്യപ്രവാചകനാണ്; എനിയൊരു പ്രവാചകൻ എഴുന്നേൽപിക്കപ്പെടുവാനില്ല. അതുകൊണ്ട് നിങ്ങൾ മുസ്‌ലിം സമുദായങ്ങളിൽവെച്ച് അവസാനത്തെ സമുദായമാകുന്നു. ലോകാവസാനം വരെ നിങ്ങൾ നിലനിൽക്കണം. അഥവാ, നിങ്ങൾവഴി ഇസ്‌ലാം നിലനിൽക്കേണ്ടതുണ്ട്. അതിനാൽ നിങ്ങളുടെ മാർഗം നിങ്ങൾക്ക് കാണിച്ചും, പഠിപ്പിച്ചും തരുവാൻ വേണ്ടി നാം മുഹമ്മദ് നബി (ﷺ)യെ നിങ്ങളിൽ അയച്ചു തന്നിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രബോധനവും ചര്യയും പിൻതുടർന്നുകൊണ്ട് നിങ്ങൾ അദ്ദേഹത്തെ നിങ്ങൾക്ക് സാക്ഷിയും, മാതൃകയുമായി സ്വീകരിക്കേണ്ടതുണ്ട്. അതേ സാക്ഷ്യവും, മാതൃകയും നിങ്ങൾവഴി ലോകാവസാനം വരെയുള്ള ജനങ്ങളിലും നിലനിൽക്കേണ്ടതുണ്ട്. ചുരുക്കിപറഞ്ഞാൽ നിങ്ങളുടെ നടപടികളത്രയും, നിങ്ങൾ റസൂലിൽനിന്ന് പഠിച്ചുപരിചയിക്കുകയും, അത് മറ്റുള്ളവർക്ക് അതേപടി നിങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ഈ മാതൃകാസാക്ഷ്യം മുസ്‌ലിംകൾ നിറവേറ്റുന്നപക്ഷം, ഇതിനെക്കാൾ ഉന്നതവും, മഹത്വം കൂടിയതുമായ ഒരു സാക്ഷ്യത്തിന്റെ പദവി അവർക്ക് പരലോകത്ത് വെച്ചും ലഭിക്കുവാനുണ്ട്. അതാണിവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത്. പക്ഷേ, ഈ ഐഹിക സാക്ഷ്യം നിറവേറ്റാത്തവന് ആ ഉന്നത സാക്ഷ്യത്തിന്റെ പദവിക്ക് അർഹതയുണ്ടായിരിക്കയില്ല.

അതായത്: മേൽപറഞ്ഞ ഉദ്ദേശ്യങ്ങളനുസരിച്ചും, ഇബ്‌റാഹീം നബി (അ)യുടെ മാർഗം പിൻപറ്റിയുംകൊണ്ട് ജീവിക്കുന്നപക്ഷം കിയാമത്ത് നാളിൽ, നിങ്ങൾ ഉത്തമൻമാരും നേർമാർഗികളുമാണെന്നതിന് റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കും. മാത്രമല്ല, ഇതര ജനങ്ങൾ നല്ലവരോ, ചീത്തപ്പെട്ടവരോ എന്നതിന് നിങ്ങളും അവിടെ സാക്ഷികളായിരിക്കുമെന്നർത്ഥം. അല്ലാഹുവിന്റെ ന്യായാധിപത്യത്തിൽ നടക്കുന്ന ആ വമ്പിച്ച മഹാകോടതിയിൽ സ്വീകരിക്കപ്പെടുന്ന സാക്ഷികൾ അതിഭാഗ്യവാൻമാർതന്നെ! അല്ലാഹു നമ്മെ അക്കൂട്ടത്തിൽ ഉൾപ്പെടുത്തട്ടെ! ആമീൻ! റസൂൽ നിങ്ങൾക്കും, നിങ്ങൾ ജനങ്ങൾക്കും സാക്ഷികളായിത്തീരുക എന്ന് പറഞ്ഞതിന് മുൻഗാമികളാൽ പ്രമാണിക്കപ്പെട്ടുവന്നിട്ടുള്ള വ്യാഖ്യാനം ഈ രണ്ടാമത് പറഞ്ഞതാണ്. ഈ സ്ഥാനം ലഭിക്കേണമെങ്കിൽ ആദ്യം ചൂണ്ടിക്കാട്ടിയ സാക്ഷ്യം നാം നിറവേറ്റിയേ തീരൂ എന്ന് വ്യക്തമാണ്. അതോട് ബന്ധപ്പെടുത്തിക്കൊണ്ട് അല്ലാഹു തുടർന്നുപറയുന്നത് നോക്കുക:

(11) ആകയാൽ, നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും, അല്ലാഹുവിനെ മുറുകെപ്പിടിക്കുകയും ചെയ്യുവിൻ.' (فاقيموا الصلوة - الخ) ഈ മൂന്ന് കാര്യങ്ങളും വാസ്തവത്തിൽ, മുകളിൽ പറഞ്ഞ ഉപദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത് തന്നെയാണ്. അതെ, അതിന്റെ ഒരു വകഭേദത്തോട് കൂടിയുള്ള ആവർത്തനമാകുന്നു. ഇസ്‌ലാമിലെ മൗലികപ്രധാനമായ രണ്ട് നിർബന്ധ കർമങ്ങളുടെ- നമസ്കാരത്തിന്റെയും സകാത്തിന്റെയും- കാര്യം ഇവിടെ പ്രത്യേകം ഓർമിപ്പിച്ചിരിക്കുകയാണ്. മനുഷ്യനും സ്രഷ്ടാവും തമ്മിലുള്ള കെട്ടുപാടുകളെ പ്രതിഫലിപ്പിക്കുന്നതും, ആത്മീയശുദ്ധി കൈവരുത്തുന്നതിന് മറ്റെന്തിനെക്കാളും ഉപയുക്തവുമായ ഒരു ആരാധനാകർമമാണ് നമസ്ക്കാരം. മനുഷ്യനും സമുദായവും തമ്മിലുള്ള കെട്ടുപാടുകളെ പ്രതിഫലിപ്പിക്കുന്ന സാമൂഹ്യമായ കടമകളിൽ മികച്ചുനിൽക്കുന്നതാണ് സകാത്ത്. മതത്തിന്റെ പേരിൽ, ക്വുർആന്റെ പേരിൽ, തൗഹീദിന്റെ പേരിൽ- അങ്ങനെ പല നിലക്കും- മനുഷ്യൻ പലതും അംഗീകരിക്കേണ്ടതുണ്ട്: പ്രവർത്തിക്കേണ്ടതുണ്ട്. അവയ്ക്കെല്ലാം നിദാനമായിട്ടുള്ള ഏകാടിസ്ഥാനമാണ്, 'നിങ്ങൾ അല്ലാഹുവിനെ മുറുകെപ്പിടിക്കുവിൻ' (وَاعْتَصِمُوا بِاللَّهِ) എന്ന് പറഞ്ഞത്. വളരെ വിപുലമായ സാരങ്ങളാണ് ആ വാക്ക് ഉൾക്കൊള്ളുന്നത് എന്ന് ചിന്തിക്കുന്നവർക്കറിയാം, കൂടുതൽ വിശദീകരിക്കേണ്ടതില്ല.

(12) അല്ലാഹു നിർദ്ദേശിച്ചതും, കൽപിച്ചതുമെല്ലാം നിങ്ങൾ സ്വീകരിക്കണം; ഒരിക്കലും അവൻ നിശ്ചയിച്ച പരിധി വിട്ടുപോകരുത്; എല്ലാവരും ഈ ഒരു അടിസ്ഥാനത്തിൽ നിലകൊള്ളണം; തമ്മിൽ ഭിന്നിച്ചുകൊണ്ടോ, അല്ലാഹുവിന്റെ മാർഗവും പിശാചിന്റെ മാർഗവും തമ്മിൽ കൂട്ടിക്കലർത്തിക്കൊണ്ടോ ആയിരിക്കരുത്; നിങ്ങളുടെ ഉദ്ദിഷ്ടങ്ങൾ ശരിപ്പെടുന്നതിലും, വിഷമങ്ങൾക്ക് പരിഹാരമുണ്ടാകുന്നതിലുമെല്ലാം നിങ്ങൾ അല്ലാഹുവിനെ മാത്രം ശരണം പ്രാപിക്കണം; മറ്റാരിലും നിങ്ങളുടെ അപേക്ഷ അർപ്പിക്കരുത്; നിങ്ങൾ അവനെ മാത്രം ആശ്രയിക്കുകയും, അവനിൽ മാത്രം വിശ്വാസവും ഭക്തിയും അർപ്പിക്കുകയും ചെയ്യുന്നപക്ഷം, അവൻ നിങ്ങൾക്ക് എല്ലാവിധ സഹായവും, രക്ഷയും നൽകുന്നതാണ്. എന്നിങ്ങനെയുള്ള അനേകം സൂചനകൾ وَاعْتَصِمُوا بِاللَّهِ(നിങ്ങൾ അല്ലാഹുവിനെ മുറുകെപ്പിടിക്കുവിൻ) എന്ന തിരുവാക്യത്തിൽ അന്തർഭവിച്ചുകിടപ്പുണ്ട്. സത്യവിശ്വാസികൾക്ക് സന്തോഷവും, ആവേശവും നൽകിക്കൊണ്ട് അല്ലാഹു ഈ അദ്ധ്യായം ഇങ്ങനെ ഉപസംഹരിക്കുന്നു: 'അവൻ നിങ്ങളുടെ യജമാനനാണ്. അപ്പോൾ നിങ്ങളുടെ യജമാനൻ എത്രയോ നല്ല യജമാനൻ! എത്രയോ നല്ല സഹായകനും'! (هُوَ مَوْلَاكُمْ فَنِعْمَ الْمَوْلَىٰ وَنِعْمَ النَّصِيرُ)

والحمد لله رب العالمين وله المنة والفضل